ALMANAR MONTHLY

المنار
مجلة دينية شهرية
تهتم بنشر
عقائد أهل السنة
والجماعة علي المنهج
السلفي تصدرها
ندوة المجاهدين
بكيرالا

# അൽമനാർ

01 ജൂൺ 2025

മാസിക

## ബലിയെന്ന ആരാധന




## ബോധനരീതി ഇസ്‌ലാമിക സമീപനം

## ഗുരുക്കന്മാരുടെ ഗുരുവായ മുഹമ്മദ് നബി(സ്വ)

المنار


Renai TV
ഹജ്ജിന് ശേഷമുള്ള
ഉംറ ബുക്കിങ് തുടരുന്നു
KNM
ഹജ്ജ് & ഉംറ
സർവീസ്
ജൂലൈ ആദ്യവാരത്തിലും
അവസാന വാരത്തിലുമായി
പുറപ്പെടുന്നു
കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക :
+91 98479 59543 | +91 98472 92370 | +91 98950 54142
കണ്ണൂർ - 9895613334
തളിപ്പറമ്പ - 9495128601
കടവത്തൂർ - 9400491039
എടവണ്ണ - 9567338088
നിലമ്പൂർ - 9447049687
മങ്കട: 9446634125
മഞ്ചേരി - 9847959543
പെരിന്തൽമണ്ണ: 790762 2408
തിരൂർ - 9567890900
ചുങ്കത്തറ - 9446242144
കൊണ്ടോട്ടി - 9447821435
കൊടുവള്ളി -94467 80465
കോഴിക്കോട് - 9895054142
പാലക്കാട്- 9946127651
തൃശൂർ - +919656292015
എറണാകുളം - 9446824646
നടുവണ്ണൂർ - 9847516897
മുജാഹിദ് സെന്റർ, സി.ഡി ടവർ 5-ാം നില, കോഴിക്കോട്-4




പതിനാലു നൂറ്റാണ്ടുകൾക്ക് മുൻപ് അറേബ്യൻ സമൂഹത്തിൽ ഇസ്‌ലാം പ്രബോധനം ചെയ്ത അന്ത്യപ്രവാചകൻ മുഹമ്മദ് (സ്വ) അധ്യാപനത്തിന്റെ ഒരു നൂതന മാർഗം തന്നെ ലോകത്തിന് മുൻപിൽ കാഴ്ച വെച്ചു. ദൈവത്തിന്റെ സന്ദേശങ്ങൾ ഭൂമിയിലുള്ള മനുഷ്യരിലേക്കെത്തിക്കുവാൻ അല്ലാഹു നിയോഗിച്ച ദൂതൻ മാതൃകാധ്യാപകനും കൂടിയായിരുന്നു. തനിക്ക് ദിവ്യബോധനമായി ലഭിച്ച കാര്യങ്ങൾ ജനങ്ങളെ പഠിപ്പിക്കുകയായിരുന്നു അദ്ദേഹം. പ്രവാചകൻ പഠിപ്പിച്ച രീതി എക്കാലത്തേക്കും മാതൃകാപരമായിരുന്നു.


05 **ബോധനരീതി ഇസ്‌ലാമിക സമീപനം**
അബ്ദുൽ ജബ്ബാർ തൃപ്പനച്ചി

08 **ഗുരുക്കന്മാരുടെ ഗുരുവായ മുഹമ്മദ് നബി(സ്വ)**
സി മുഹമ്മദ് സലീം സുല്ലമി

14 **ബലിയെന്ന ആരാധന**
കെ എം ഫൈസി തരിയോട്

20 **ദയൂബന്ദികളും സ്വൂഫികളും (7)**
അബ്ദുൽ അസീസ് തേഞ്ഞാട്ട്

25 **ഇമാം നസാഈ**
എം ഐ മുഹമ്മദലി സുല്ലമി

28 **മതത്തിന്റേതാണ് യുക്തി!**
എം.എം. അക്ബർ

31 **വലത്; മുൻഗണനയും പ്രാധാന്യവും**
അബൂ ഇസ് വ കെ എം

36 **അറിവിലൂടെ, നാഥനിലേക്ക്**
മായിൻ കുട്ടി സുല്ലമി

41 **ഹദീഥ് തരം തിരിവിന്റെ മാനദണ്ഡങ്ങൾ**
ഡോ. മുസ്ത്വഫ സിബാഈ

45 **അയ്യൂബ് നബി (അ)**
ഡോ. ടി കെ യൂസുഫ്

49 **നീതിപാലനത്തിന്റെ ഇസ്‌ലാമിക മാനങ്ങൾ**
പ്രൊഫ. പി അബ്ദുല്ല

53 **ജംഉം ക്വസ്റും**
പി പി മുഹമ്മദ് മദനി മോങ്ങം

04 എഡിറ്റോറിയൽ
55 ക്വുർആൻ ദീപ്തി
58 ഹദീഥ് വിചാരം



കെ എൻ എം മുഖപത്രം
# അൽമനാർ
ESTD 1950
മാസിക

01 ജൂൺ 2025
1446 ദുൽഹിജ്ജ
മുഹർറം

848

പുസ്തകം 70
ലക്കം 07



പത്രാധിപർ: പി പി ഉണ്ണീൻകുട്ടി മൗലവി.
എഡിറ്റോറിയൽ: സി. മുഹമ്മദ് സലീം സുല്ലമി, അബ്ദുൽ ഖയ്യൂം പാലത്ത്, അബ്ദുൽജബ്ബാർ തൃപ്പനച്ചി, കെ എം ഫൈസി തരിയോട്, മായിൻകുട്ടി സുല്ലമി, ഇ കെ എം പന്നൂർ, ഹനീഫ് കായക്കൊടി, റഷീദ് ഒളവണ്ണ, എം എം നദ്‌വി, എൻ വി സകരിയ്യ



അൽമനാർ മാസിക, മുജാഹിദ് സെന്റർ,
സി ഡി ടവർ കോഴിക്കോട് -4
ഫോൺ: 0495 2722801, 2722802, ഫാക്സ്: 2724262
Internet Edition: www. almanarmonthly.com
Email: almanarmonthly@gmail.com
knm web: knm.org.in

എഡിറ്റോറിയൽ

# അറിവും തിരിച്ചറിവും

കേരളം പുതിയ ഒരു അധ്യയന വർഷത്തിലേക്ക് പ്രവേശിക്കുകയാണ്. പാഠ്യപദ്ധതിയും പഠനരീതികളും സമയബന്ധിതമായി പരിഷ്കരിച്ചും അധ്യാപകരെ ശാക്തീകരിച്ചും വിദ്യാഭ്യാസ ഗുണമേന്മ ഉറപ്പുവരുത്താനായി ഭരണകൂടവും വിദ്യാഭ്യാസ വകുപ്പും അടുത്ത കാലത്തായി ജാഗ്രത പുലർത്തി വരുന്നു. പ്രതിഭാധനരും രാഷ്ട്ര നിർമിതിക്ക് ശേഷിയുറ്റവരുമായ ഒരു തലമുറയെ വാർത്തെടുക്കുക എന്ന മഹത്തായ ലക്ഷ്യത്തോടെയാണ് ഭീമമായ വിഭവശേഷി ചെലവഴിച്ച് ഭരണകൂടം വിദ്യാഭ്യാസ രംഗത്ത് പരിഷ്കാരങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്.

വിദ്യാഭ്യാസ രംഗം മികവുറ്റതാക്കാൻ ശ്രമങ്ങളെമ്പാടും നടന്നിട്ടും വിദ്യാലയങ്ങളിൽ നിന്നും പുറത്തുവരുന്ന വാർത്തകൾ നമുക്കു മുമ്പിൽ ചോദ്യചിഹ്നമാവുകയാണ്. നേരത്തെ ഉന്നത കലാലയങ്ങളിൽ നിന്ന് കേട്ടിരുന്ന ഞെട്ടിപ്പിക്കുന്ന വാർത്തകൾ ഇന്ന് സ്കൂളുകളിൽ നിന്നാണ് നാം കേൾക്കുന്നത്. അത്യന്തം ഭയാനകമാണിത്. റാഗിങ്ങിന്റെയും രാഷ്ട്രീയ പകപോക്കലിന്റെയുംപേരിൽ കലാലയത്തിൽ നിന്ന് കേട്ട കൊലവിളികൾ സ്കൂളുകളിലേക്ക് ചേക്കേറിയിരിക്കുന്നു. കൗമാരക്കാരിലെ അക്രമവാസന അത്യന്തം ഭീഷണമായ ഒരു തലത്തിലേക്ക് എത്തിയിരിക്കുന്നു. ലഹരിയും സെക്സും ക്രൈമും ടീനേജിന്റെ തലക്കുപിടിച്ച് അവർ എന്തും ചെയ്യുന്ന അവസ്ഥയിലെത്തിയിരിക്കുന്നു. സഹപാഠിയെ പേപ്പട്ടിയെപ്പോലെ തല്ലിക്കൊല്ലാനും സഹപാഠിനിയെ പീഡിപ്പിക്കാനും കരളുറപ്പുള്ളവരും കാര്യബോധമുള്ളവരും ആയിരിക്കുന്നു ഇന്നത്തെ കൗമാരം!

സമീപകാലത്ത് നടന്ന അത്യന്തം ഹൃദയഭേദകമായ സംഭവങ്ങളുടെ വെളിച്ചത്തിൽ കുട്ടികൾക്ക് സന്മാർഗ പഠനം നൽകാനുള്ള നടപടികളുമായാണ് സംസ്ഥാന വിദ്യാഭ്യാസ വകുപ്പ് പുതിയ അധ്യയന വർഷത്തിലേക്ക് കടക്കുന്നത്. കുട്ടികളിലെ ലഹരി ഉപയോഗം, അക്രമവാസന, വൈകാരിക നിയന്ത്രണമില്ലായ്മ, പൊതു മുതൽ നശീകരണ പ്രവണത, മൊബൈൽ ആസക്തി, അനിയന്ത്രിതമായ സമൂഹമാധ്യമ ഉപയോഗം, നിയമ വിധേയമല്ലാത്ത വാഹന ഉപയോഗം തുടങ്ങിയ വിഷയങ്ങളിൽ രണ്ടാഴ്ചക്കാലം ബോധവൽക്കരണമാണ് വിദ്യാഭ്യാസ വകുപ്പ് ലക്ഷ്യമിടുന്നത്. അത്യന്തം ഭീഷണവും അരക്ഷിതവുമായ ഇന്നത്തെ വിദ്യാലയ സാഹചര്യത്തിൽ ഇത്തരം ഒരു നടപടി ശ്ലാഘനീയം തന്നെ.

വിദ്യാഭ്യാസമെന്നത് ഉത്തമ പൗരന്മാരെ സൃഷ്ടിച്ചെടുക്കുന്ന പ്രക്രിയയാണ് എന്ന ചിന്തകരുടെയും മഹാന്മാരുടെയും സമീപനത്തെ മാറ്റി വെച്ച് ഭൗതിക നേട്ടം ലക്ഷ്യം വെച്ചുള്ള വിദ്യാഭ്യാസ സമ്പ്രദായത്തിന് ഊന്നൽ കൊടുത്തതാണ് കുട്ടികളിലെ മൂല്യനിരാസ പ്രതിസന്ധിക്ക് ഒരു പ്രധാന കാരണം. ധർമചിന്തകളെ പാടെ ഒഴിവാക്കി ദൈവ നിരാസ ചിന്തകൾ പ്രചരിപ്പിക്കാനും ലിംഗഭേദ മതിലുകൾ പൊളിച്ചു കളയാനും ലക്ഷ്യം വെക്കുന്നതിലെ ആശങ്ക പങ്കുവെച്ചവരെ പിന്തിരിപ്പന്മാരായി ചാപ്പകുത്താനായിരുന്നു പലർക്കും തിടുക്കം. പൊതുവിദ്യാലയങ്ങളിൽ സന്മാർഗ പാഠങ്ങളും മഹച്ചരിതങ്ങളും ധർമോപദേശങ്ങളും പഠിപ്പിച്ച ഒരു കാലം നമുക്കുണ്ടായിരുന്നു .ഇന്ന് അതെല്ലാം പാടെ ഒഴിവാക്കി വിദ്യാർഥികളെ ധന സമ്പാദനത്തിനുള്ള യന്ത്രങ്ങളാക്കി പരിവർത്തിപ്പിക്കാൻ നടത്തിയ കൊണ്ടുപിടിച്ച ശ്രമങ്ങളുടെ തിരിച്ചടി കൂടിയാണ് ഒരർഥത്തിൽ നാം ഇപ്പോൾ അനുഭവിക്കുന്നത്.

ഗുരുവര്യന്മാരുടെയും മഹാന്മാരുടെയും കാൽപ്പാടുകൾ പുതുതലമുറ ഇന്ന് കാണുന്നില്ല. സഹജീവി സ്നേഹത്തിന്റെയും കരുണയുടെയും പാഠങ്ങൾ അവർ കേൾക്കുന്നില്ല. വെർച്വൽ ലോകത്ത് വിഹരിക്കുന്ന പുതു തലമുറക്ക് പച്ചയായ ജീവിത യാഥാർഥ്യങ്ങളെക്കുറിച്ച് അറിയില്ല.ഉപദേശങ്ങൾ അസഹനീയമായി തോന്നുന്ന ന്യൂജന് എവിടെ പിഴച്ചുവെന്ന് ആരും അന്വേഷിക്കാറുമില്ല. മനസ്സാക്ഷി മരവിക്കുന്ന ക്രൂരതകൾ അവരിലൂടെ അരങ്ങേറുമ്പോൾ തലയിൽ കൈവെച്ച് പരിതപിക്കുന്നതിന് പകരം നേരത്തെ തന്നെ ക്രിയാത്മകമായി രംഗത്തിറങ്ങുകയാണ് വേണ്ടത്.

കുറ്റകൃത്യങ്ങളിൽ പിടിക്കപ്പെട്ടാൽ ബാലനീതി നിയമങ്ങളുടെ പഴുതിൽ രക്ഷപ്പെടാമെന്ന നിയമാവബോധമുള്ളവരാണ് ഇന്നത്തെ കൗമാരക്കാർ. അവരെ തിരുത്തുക എന്ന ശ്രമകരമായ പ്രവർത്തനത്തോടൊപ്പം പുതിയ കുറ്റവാളികൾ ഉണ്ടാവാതിരിക്കാനുള്ള ജാഗ്രതയും , അറിവിനോടൊപ്പം തിരിച്ചറിവ് നേടും വിധമുള്ള അധ്യയന സമ്പ്രദായവും ഉണ്ടായേ തീരൂ. ബാല മനസ്സുകളിൽ നിന്ന് മൂല്യങ്ങൾ നഷ്ടപ്പെടുന്നതിനെക്കുറിച്ച് വൈകിയെങ്കിലും ഉണ്ടായ ഈ തിരിച്ചറിവ് ശുഭ പര്യവസായിയായി തീരട്ടെ എന്ന് നമുക്ക് ആശിക്കാം.●

# ബോധനരീതി ഇസ്‌ലാമിക സമീപനം

**പതിനാലു നൂറ്റാണ്ടുകൾക്ക് മുൻപ് അറേബ്യൻ സമൂഹത്തിൽ ഇസ്‌ലാം പ്രബോധനം ചെയ്ത അന്ത്യപ്രവാചകൻ മുഹമ്മദ് (സ്വ) അധ്യാപനത്തിന്റെ ഒരു നൂതന മാർഗം തന്നെ ലോകത്തിന് മുൻപിൽ കാഴ്ച വെച്ചു. ദൈവത്തിന്റെ സന്ദേശങ്ങൾ ഭൂമിയിലുള്ള മനുഷ്യരിലേക്കെത്തിക്കുവാൻ അല്ലാഹു നിയോഗിച്ച ദൂതൻ മാതൃകാധ്യാപകനും കൂടിയായിരുന്നു. തനിക്ക് ദിവ്യബോധനമായി ലഭിച്ച കാര്യങ്ങൾ ജനങ്ങളെ പഠിപ്പിക്കുകയായിരുന്നു അദ്ദേഹം. പ്രവാചകൻ പഠിപ്പിച്ച രീതി എക്കാലത്തേക്കും മാതൃകാപരമായിരുന്നു.**

**അബ്ദുൽ ജബ്ബാർ തൃപ്പനച്ചി**

വിദ്യാരംഗം വീണ്ടും സജീവമാകുന്നു. പുതിയ അധ്യയന വർഷം പിറക്കുന്നു. സമൂഹം ഒന്നടങ്കം വിദ്യാഭ്യാസ ചിന്തയുമായി കെട്ടുപിണയുന്ന സന്ദർഭം. കെ ജി മുതൽ പി ജി വരെയും കലാശാല ഗവേഷണ തലങ്ങളും ഉണരുന്ന കാലം. വിദ്യാഭ്യാസ വർഷാരംഭം. അല്പം വിദ്യാഭ്യാസ ചിന്തകൾ ആവശ്യമാണല്ലോ.

ജ്ഞാനികളായ ഗുരുക്കൻമാരെ തേടി ‘വിജ്ഞാനദാഹിയായ പഠിതാവ്’ അനേകം നാഴികകൾ യാത്ര ചെയ്ത് വർഷങ്ങളോളം ഗുരുവിന്നരികിൽ തങ്ങി തിരിച്ചുവരുന്ന ഒരു രീതി സങ്കൽപ്പിച്ചു നോക്കൂ. അതായിരുന്നു പണ്ടത്തെ ഗുരുകുലം. ഏത് വിഭാഗത്തിലും ഗുരുകുലമായിരുന്നു വിദ്യാഭ്യാസ രീതി. ഗുരുവിന്റെ കൂടെ താമസിച്ചുപഠിക്കുക ഗുരുവിന് സേവനം ചെയ്ത് അവിടെ കഴിഞ്ഞുകൂടുക എന്നതായിരുന്നു സമ്പ്രദായം. അന്ന് ഗുരുവര്യന്മാർ സാമ്പത്തിക ലാഭത്തിനുവേണ്ടി വിദ്യ പകർന്നു നൽകിയിരുന്നില്ല. ജീവിത മാർഗം തേടാൻ വിദ്യ ഉപയോഗിക്കാമെന്ന് ശിഷ്യന്മാരും അന്ന് കരുതിയിരുന്നില്ല.

പതിനാലു നൂറ്റാണ്ടുകൾക്ക് മുൻപ് അറേബ്യൻ സമൂഹത്തിൽ ഇസ്‌ലാം പ്രബോധനം ചെയ്ത അന്ത്യപ്രവാചകൻ മുഹമ്മദ് (സ്വ) അധ്യാപനത്തിന്റെ ഒരു നൂതന മാർഗം തന്നെ ലോകത്തിന് മുൻപിൽ കാഴ്ച വെച്ചു. ദൈവത്തിന്റെ സന്ദേശങ്ങൾ ഭൂമിയിലുള്ള മനുഷ്യരിലേക്കെത്തിക്കുവാൻ അല്ലാഹു നിയോഗിച്ച ദൂതൻ




മാതൃകാധ്യാപകനും കൂടിയായിരുന്നു. തനിക്ക് ദിവ്യബോധനമായി ലഭിച്ച കാര്യങ്ങൾ ജനങ്ങളെ പഠിപ്പിക്കുകയായിരുന്നു അദ്ദേഹം. പ്രവാചകൻ പഠിപ്പിച്ച രീതി എക്കാലത്തേക്കും മാതൃകാപരമായിരുന്നു. കുടുംബനാഥൻ, ഭർത്താവ്, പിതാവ്, നേതാവ് തുടങ്ങിയ ജീവിതത്തിന്റെ എല്ലാ റോളിലും മാതൃകയായിരുന്നതുപോലെ ഒരു നല്ല അധ്യാപകൻ കൂടിയായിരുന്നു മുഹമ്മദ് നബി(സ്വ). അല്ലാഹു പറയുന്നു:

هُوَ ٱلَّذِى بَعَثَ فِى ٱلْأُمِّيِّـۧنَ رَسُولًا مِّنْهُمْ يَتْلُوا۟ عَلَيْهِمْ ءَايَٰتِهِۦ
وَيُزَكِّيهِمْ وَيُعَلِّمُهُمُ ٱلْكِتَٰبَ وَٱلْحِكْمَةَ

''അക്ഷരജ്ഞാനമില്ലാത്തവർക്കിടയിൽ തന്റെ ദൃഷ്ടാന്തങ്ങൾ അവർക്ക് വായിച്ചു കേൾപ്പിക്കുകയും അവരെ സംസ്കരിക്കുകയും അവർക്ക് വേദഗ്രന്ഥം പഠിപ്പിക്കുകയും ചെയ്യാൻ അവരിൽ നിന്നു തന്നെയുള്ള ഒരു ദൂതനെ നിയോഗിച്ചവനാകുന്നുഅവൻ.'' (62:2).

വിദ്യാഭ്യാസം നൽകുന്നത് എങ്ങനെ എന്നതിനേക്കാൾ എന്തിന് എന്നതാണ് പ്രധാനം. അധ്യാപകന്റെ വിവരമോ, പാഠപുസ്തകങ്ങളിലുള്ള തത്വങ്ങളോ പഠിതാക്കളിലേക്കെത്തിക്കുക എന്ന വിജ്ഞാനക്കൈമാറ്റ പ്രക്രിയയാണ് സ്ഥാപനവത്ക്കരിക്കപ്പെട്ട വിദ്യാഭ്യാസത്തിൽ പലപ്പോഴും നടക്കുന്നത്. എന്നാൽ വിദ്യാഭ്യാസത്തിലൂടെ നടക്കേണ്ടത് യഥാർഥ മനുഷ്യനെ വാർത്തെടുക്കലാണെന്ന് ഗാന്ധിജിയുൾപ്പെടെ പല ദാർശനികരും സമർഥിച്ചിട്ടുണ്ട്. സമൂഹ നിർമിതിയാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമെന്നതാണ്പുതിയ കണ്ടെത്തൽ. സോഷ്യൽ കൺസ്ട്രക്ടിവിസം എന്ന ഒരു കാഴ്ചപ്പാട് തന്നെ ഈ രംഗത്ത് ഉടലെടുത്തിട്ടുണ്ട്.

പ്രവാചകന്റെ ഒരധ്യാപനം ഉദാഹരണമായി എടുക്കാം. മദ്യം കഴിക്കാൻ പാടില്ലെന്ന ആശയം ജനങ്ങളിലെത്തിക്കണം. അതിന്നായി പ്രവാചകൻ ചെയ്തതെന്തായിരുന്നു? നിയമ നിർമാണത്തിലൂടെ നിരോധിക്കുകയോ ശക്തിയുപയോഗിച്ച് നിഷ്കാസനം ചെയ്യുകയോ ആയിരുന്നില്ല. ആധുനിക ഭാഷയിൽ പറഞ്ഞാൽ ഒരു ദീർഘകാല പ്രൊജക്ട് ആയിരുന്നു അത്. ആദ്യമായി മദ്യപാനം ഗുണകരമല്ല എന്ന ബോധം ജനങ്ങളിൽ ജനിപ്പിച്ചു. രണ്ടാമതായി നമസ്കാരം പോലെ ഗൗരവതരമായ കാര്യങ്ങൾ മദ്യപിച്ച നിലയിൽ നിർവഹിക്കരുത് എന്ന് നിഷ്കർഷിച്ചു. കൂടെ അല്ലാഹുവിലുള്ള വിശ്വാസം ഊട്ടിയുറപ്പിച്ചു. അങ്ങനെ അവർ പാകപ്പെട്ടപ്പോൾ മദ്യം തീർത്തും വർജ്യമാണെന്ന് ഉണർത്തി. സമൂഹം മദ്യം ത്യജിച്ചു. ഇതൊരു ഉദാഹരണം മാത്രം. ഉത്തമ സമൂഹ നിർമിതി വിദ്യാഭ്യാസത്തിലൂടെ എങ്ങനെ പ്രായോഗികമായി നടപ്പിലാക്കാം എന്ന് നാം ഇവിടെ കാണുന്നു.

വിദ്യാഭ്യാസ രംഗത്തെ ഏറ്റവും ശ്രദ്ധേയവും നിത്യ പ്രസക്തവുമായ ഒരു കാര്യമാണ് റോൾ മോഡൽ. അധ്യാപകൻ മാതൃകയായിരിക്കുക എന്നത് പൊതു വിദ്യാഭ്യാസരംഗത്ത് എത്ര പ്രധാനമാണോ അതിനേക്കാൾ എത്രയോ ഇരട്ടി പ്രധാനമാണ് മതരംഗത്ത്. താൻ പഠിപ്പിക്കുന്ന കാര്യത്തിന് ഏറ്റവും വലിയ റോൾമോഡൽ ആയിരുന്നു നബി(സ്വ).

ഗുരുക്കന്മാരെ ചോദ്യം ചെയ്യാതെ അംഗീ

കരിക്കണമെന്നാണ് പ്രാചീന - ആധുനിക സങ്കല്പങ്ങൾ. എന്നാൽ അതിലെ നന്മയുടെ വശം നിലനിർത്തിക്കൊണ്ടുതന്നെ 'ക്രിട്ടിക്കൽ പെഡഗോജി' പരീക്ഷിക്കുകയാണിന്ന് ലോകം. നബി(സ്വ) പഠിതാവിന്റെ ചിന്താശേഷിയും നിരീക്ഷണ പാടവവും പരമാവധി ഉപയോഗപ്പെടുത്തിയിരുന്നു. അവിടുന്ന് വിശ്വാസം പഠിപ്പിക്കുന്നത് ഏകപക്ഷീയ പ്രഭാഷണത്തിലൂടെയല്ല; പ്രത്യുത പ്രപഞ്ച യാഥാർഥ്യങ്ങൾ മുന്നിൽ വെച്ച് ചിന്തിക്കാൻ അവസരം കൊടുത്തുകൊണ്ടാണ്.

വിദ്യാഭ്യാസരംഗത്ത് പ്രായോഗിക പഠനത്തിന്റെ പ്രാധാന്യം പ്രത്യേകം പറയേണ്ടതില്ലല്ലോ. ശാസ്ത്രം പ്രവർത്തനമാണ് എന്ന് നാം പാഠപുസ്തകങ്ങളിൽ രേഖപ്പെടുത്തി വച്ചിട്ടുണ്ട്. ഒരു ഗ്രാമീണൻ നബി(സ്വ)യുടെ സദസ്സിൽ വന്ന് അഞ്ചു നേരത്തെ നമസ്കാരങ്ങളുടെ കൃത്യമായ സമയവിവരം ആരാഞ്ഞു. നബി ഒറ്റ വാക്കിൽ മറുപടി പറഞ്ഞില്ല. നിനക്ക് മനസ്സിലാക്കാം എന്ന് മാത്രം പറഞ്ഞുവച്ചു. അദ്ദേഹം അവിടെ താമസിച്ചു. അന്ന് നബി (സ്വ) ഓരോ നമസ്കാരവും അതിന്റെ ആദ്യസമയത്ത് നിർവഹിച്ചു. പിറ്റേ ദിവസം അഞ്ചു നമസ്കാരങ്ങൾ അവയുടെ അവസാന സമയങ്ങളിലും നിർവഹിച്ചു. എന്നിട്ട് ചോദ്യകർത്താവ് എവിടെ എന്നന്വേഷിച്ചു. അദ്ദേഹം ഹാജരായി. ഈ രണ്ടു സമയങ്ങൾക്കിടയിലാണ് നമസ്കരിക്കേണ്ടതെന്നു പറഞ്ഞു. ആ സമൂഹത്തിനു മുഴുവനും, - അതു രേഖപ്പെട്ടു കിടക്കുന്നതിനാൽ പിൽക്കാലക്കാർക്കും - ഉപചോദ്യങ്ങൾക്കുപോലും ഇടയില്ലാത്തവിധം വ്യക്തമായ പ്രായോഗിക പഠനം.

ഈ ഉദാഹരണങ്ങൾ ചൂണ്ടിക്കാണിച്ചത്, മുഹമ്മദ് നബി(സ്വ) തന്റെ അനുചരന്മാരെ അനൗപചാരികമായി പഠിപ്പിച്ചുകൊണ്ടിരുന്നപ്പോൾ ശ്രദ്ധിച്ച കാര്യങ്ങൾ തന്നെയാണ് അത്യാധുനിക കാലത്ത് ഏറ്റവും പുതിയ കണ്ടെത്തലുകളായി വിദ്യാഭ്യാസരംഗത്ത് പരീക്ഷിക്കുന്നത് എന്നു പറയാനാണ്.

എന്നാൽ നമ്മുടെ ചിന്തയ്ക്ക് വിഷയമാക്കേണ്ട ഒരു കാര്യമുണ്ടിവിടെ. കേരളത്തിൽ പൊതു വിദ്യാഭ്യാസത്തിന് സമാന്തരമായി മതവിദ്യാഭ്യാസവും നടന്നുവരുന്നുണ്ട്. ഉള്ളടക്കത്തിൽ മാത്രമേ മാറ്റമുള്ളൂ. വിദ്യാഭ്യാസത്തോട് സമൂഹം പുറംതിരിഞ്ഞുനിന്ന കാലഘട്ടത്തെ നമുക്ക് മറക്കാം. എന്നാൽ ഏകപക്ഷീയമായ, ചോദ്യം ചെയ്യപ്പെടാത്ത, തത്വപഠനങ്ങൾക്കപ്പുറം ഇസ്‌ലാമിന്റെ മാനവികമായ മാനങ്ങൾ സമൂഹ സൃഷ്ടിക്കുപയുക്തമായ രീതിയിൽ പഠിപ്പിക്കപ്പെടുന്ന അവസ്ഥയിലേക്ക് ഉയരാൻ ഇനിയെത്ര കാലം കാത്തിരിക്കണം?

മരച്ചുവട്ടിൽ നിന്ന് ക്ലാസ് റൂമിലേക്കും മരപ്പലകയിൽ നിന്ന് ബ്ലാക്ക്ബോർഡിലേക്കും അധ്യയനം മാറിയിട്ട് എട്ടു പതിറ്റാണ്ടു കഴിഞ്ഞു. സിലബസും പാഠപുസ്തകവുമായി. കെട്ടിടങ്ങളും സൗകര്യങ്ങളും യഥേഷ്ടം. എന്നാൽ അവയിൽ നിന്ന് പുറത്തിറങ്ങുന്ന ഉത്പന്നങ്ങൾക്ക് ഗുണമേന്മയുണ്ട് എന്ന് പറയാനായിട്ടില്ല. ഇതിൽ മാറ്റം വരണം. ആർദ്രമായ മനസ്സ്, ആകർഷകമായ പെരുമാറ്റം, കറ കളഞ്ഞ വിശ്വാസം എന്നിവ കൈമുതലാക്കിയ തലമുറ വളർന്നു വരണം. അതിന് വിശുദ്ധ ഖുർആനിന്റെ ശൈലി, പ്രവാചകന്റെ രീതി, ആധുനികതയുടെ കണ്ടെത്തലുകൾ എല്ലാം സമന്വയിപ്പിച്ച് മതപഠനം സാധ്യമാക്കാൻ കഴിയണം. ആധുനിക സങ്കേതങ്ങൾ വിനോദോപാധി എന്നതിൽ നിന്ന് വിജ്ഞാന ദായികളായിത്തീരണം. അതിന് മുസ്‌ലിം സമൂഹത്തിന്റെ ബോധപൂർവമായ ഇടപെടലുകൾ ആവശ്യമായി വന്നിരിക്കുന്നു.

മനഃശാസ്ത്ര പരമായ സമീപനങ്ങൾ, പങ്കാളിത്ത പഠനം, ശിക്ഷയ്ക്കുപകരം ശിക്ഷണം, തുടങ്ങിയ ആധുനിക സമീപനങ്ങളിൽ ഇസ്‌ലാമിന്നാണ് ഏറെ സംഭാവനകൾ നൽകാനുള്ളത്. ഇതിന്റെയൊക്കെ പ്രവാചക മാതൃകകൾ നിരവധിയാണ്. വിശ്വാസം പഠിപ്പിക്കാൻ പോലും പരിസ്ഥിതി സന്തുലിതത്വം ഉപാധിയാക്കിയ ഖുർആനിലെ സമീപന രീതിയിലേക്ക് ലോകം മടങ്ങിവരുന്നു. പക്ഷെ, നാം വിറങ്ങലിച്ചു നിൽക്കുന്നു.

അധ്യാപകനും അധ്യേതാക്കളും തമ്മിലുള്ള ഊഷ്മള ബന്ധവും ആ ബന്ധത്തിലെ ഇഴയടുപ്പവും കേട്ടുകേൾവിയായി മാറുകയാണോ? ദിവസവും പുറത്തുവരുന്ന വാർത്തകൾ ഞെട്ടിക്കുന്നതാണ്. അധ്യാപകരെ വെടിവച്ചു കൊല്ലുന്ന കാലം. പഠിതാക്കളെ മാനഭംഗപ്പെടുത്തുന്ന വാർത്തകൾ. സഹപാഠിയെ കൊല്ലാൻ ക്വട്ടേഷൻ കൊടുക്കുന്ന കാലം. ആർദ്രതയും ഭൂതദയയും കൗമാരക്കാരിൽ നിന്നു ചോർന്നുപോയ ദുരവസ്ഥ. ഇതിന് മാറ്റം വരണം. ധാർമിക ബോധവും മാനവിക ചിന്തയും പഠനവിഷയമാകണം. മൂല്യനിരാസവും അതിരുവിട്ട 'സ്വതന്ത്രതാവാദവും' കൗമാര കൗതുകത്തെ വഴി തെറ്റിക്കുന്നു. അധികാരം കൈയിലൊതുക്കുക എന്ന ഏക ലക്ഷ്യവുമായി നീങ്ങുന്ന രാഷ്ട്രീയം ക്രിമിനലുകൾക്ക് കുടപിടിക്കുന്ന സ്ഥിതി വിശേഷം മാറണം. വിദ്യാധനം സർവധനാൽ പ്രധാനം. 'ഗുരുനാഥൻമാർ' തിരിച്ചുവരണം. അതാണ് ഇസ്‌ലാമിന്റെ കാഴ്ചപ്പാട്. ●

# ഗുരുക്കന്മാരുടെ ഗുരുവായ മുഹമ്മദ് നബി(സ്വ)

**ഒരു സംഭവമോ, സാഹചര്യമോ ഉണ്ടാകുമ്പോൾ അത് ബന്ധപ്പെടുത്തി നടത്തുന്ന അധ്യാപനം ഏറെ സ്വാധീനമുണ്ടാക്കുന്നതും ഏറെ ഗുണഫലങ്ങൾ നൽകുന്നതുമാണ്. പഠിതാവിന്റെ മനസ്സിൽ എന്നും ഇത്തരം സന്ദർഭങ്ങൾ മങ്ങാതെ നിലനില്ക്കും. പുതിയ വിദ്യാഭ്യാസ സമ്പ്രദായമനുസരിച്ച് സന്ദർഭങ്ങളും അനുഭവങ്ങളും ഉണ്ടാക്കിയെടുത്തും അവയിലേക്ക് വിദ്യാർഥികളുടെ ശ്രദ്ധയെത്തിച്ചും അധ്യാപനം നടത്തുന്ന രീതിയാണ് വികസിച്ചു വരുന്നത്. ജീവിതത്തിലൂടെ പകർന്നുകിട്ടുന്ന പാഠങ്ങൾ സ്വന്തം ജീവിതത്തിലൂടെ നടപ്പാക്കി മുന്നേറുമ്പോൾ, കേവല വിജ്ഞാനമെന്നതിലുപരി ജീവിതത്തെ സ്വാധീനിക്കുകയും പരിവർത്തിപ്പിക്കുകയും ചെയ്യുന്ന ഒരു കാര്യമായി വിദ്യാഭ്യാസം മാറുന്നു.**

**സി മുഹമ്മദ് സലീം സുല്ലമി**

വിദ്യാഭ്യാസം മനുഷ്യജീവിതത്തെ സമ്പൂർണമായും ഗുണപരമായി പരിവർത്തിപ്പിക്കുകയെന്നതാണെങ്കിൽ ഈ കാര്യം ഏറ്റവും നന്നായി നടപ്പാക്കിയ അധ്യാപകനാണ് തിരുദൂതർ. ലോകമെമ്പാടുമുള്ള അനുയായികളിൽ ഇന്നും ആദരപൂർവം അംഗീകരിക്കപ്പെടുകയും അനുസരിക്കപ്പെടുകയും ചെയ്യുന്ന, കാലത്തിനിപ്പുറവും കോടിക്കണക്കിന് ശിഷ്യന്മാരെ വളർത്തിക്കൊണ്ടിരിക്കുന്ന എക്കാലത്തെയും മികച്ച അധ്യാപകൻ എന്ന യോഗ്യത തിരുദൂതർക്ക് മാത്രമുള്ളതാണ്. ലോകമെമ്പാടുമുള്ള അധ്യാപകരുടെ ഗുരുവാണ് മുഹമ്മദ് നബി (സ്വ). ഇരുപത്തി മൂന്ന് വർഷത്തെ അവിടുത്തെ പ്രബോധന ജീവിതത്തിൽ ഉടനീളം ഒരു മാതൃകാധ്യാപകനായി അവിടുന്ന് ലോകത്തിനാകെ മാതൃക കാണിച്ചു. ക്ലാസ് റൂമുകളുടെ നാലു ചുവരുകൾക്കിടയിൽ പരിമിതമായ ഇടപെടലുകളിലൂടെ വിദ്യാർഥികളെ പഠിപ്പിക്കുന്ന രീതിയിൽനിന്ന് വ്യത്യസ്തമായി ജീവിതത്തിന്റെ മുഴുവൻ തുറകളിലും മാതൃകാപരമായ ജീവിതം നയിച്ചും ഉപദേശ നിർദേശങ്ങൾ നൽകിയും ഏറ്റവും ശരിയായ രീതിയിൽ അഭ്യസിപ്പിക്കുകയായിരുന്നു അവിടുന്ന്.

നബി (സ്വ) തന്റെ ദൗത്യത്തെക്കുറിച്ച് പരാമർശിക്കുന്നത് ഒരു അധ്യാപകൻ എന്ന നിലക്കാണ്.

إِنَّ اللَّهَ لَمْ يَبْعَثْنِي مُعَنِّفًا، وَلَكِنْ بَعَثَنِي مُعَلِّمًا مُيَسِّرًا




''നിശ്ചയം! അല്ലാഹു എന്നെ കാർക്കശ്യക്കാരനായി അയച്ചിട്ടില്ല. പ്രത്യുത ലളിതമായി പഠിപ്പിക്കുന്ന അധ്യാപകനായിട്ടാണ് നിയോഗിച്ചിട്ടുള്ളത്. (അഹ്മദ്)

അധ്യാപകൻ എന്ന് അർഥം പറയുന്ന 'മുഅല്ലിം' എന്ന പദം ഉപയോഗിച്ചു കൊണ്ട് തന്റെ ദൗത്യത്തെ പ്രവാചകൻ ഇവിടെ പരിചയപ്പെടുത്തുന്നു എന്നു മാത്രമല്ല, തന്റെ അധ്യാപനത്തിന്റെ രീതിശാസ്ത്രം എന്താണെന്ന് ഒറ്റ വാക്കിൽ പറയുന്നത് 'ലളിതമായി പഠിപ്പിക്കുന്നവൻ' എന്നാണ്. കാര്യങ്ങൾ എളുപ്പമാക്കുകയെന്നത് ഇസ്‌ലാമിന്റെ മുഖമുദ്രയാണ്. കാർക്കശ്യവും പാരുഷ്യവും ഒരു രംഗത്തും സ്വീകാര്യമുള്ള കാര്യമല്ല. ഇതേ ലാളിത്യം തന്റെ ശിഷ്യന്മാർക്കും ഉണ്ടാകണമെന്ന് അവിടുന്ന് നിഷ്കർഷിച്ചിരുന്നു. യമനിലേക്ക്പ്രബോധനാർഥം നിയോഗിച്ച തന്റെ ശിഷ്യൻമാരെ അവിടുന്ന് ഉപദേശിക്കുന്നത്

يَسِّرَا وَلَا تُعَسِّرَا، وَبَشِّرَا وَلَا تُنَفِّرَا

'നിങ്ങൾ രണ്ടുപേരും ലളിതമാക്കുക ,പ്രയാസമുണ്ടാക്കരുത്; സന്തോഷ വാർത്തയറിയിക്കുക, ജനങ്ങളെ അകറ്റിക്കളയരുത് എന്നാണ്. (ബുഖാരി). വിശുദ്ധ ഖുർആൻ തിരുദൂതരുടെ ദൗത്യത്തെക്കുറിച്ച് പലയിടങ്ങളിലും പറയുന്നത് കിതാബും ഹിക്മത്തും പഠിപ്പിക്കുന്നവൻ എന്നാണ്.

## സന്ദർഭം വിനിയോഗിക്കുക

തന്റെ മുമ്പിൽ വരുന്ന സംഭവങ്ങളും സന്ദർഭങ്ങളും അവസരോചിതം ഉപയോഗപ്പെടുത്തിക്കൊണ്ടാണ് പ്രവാചക തിരുമേനി അധ്യാപനം നിർവഹിച്ചത്. ഒരു സംഭവമോ, സാഹചര്യമോ ഉണ്ടാകുമ്പോൾ അത് ബന്ധപ്പെടുത്തി നടത്തുന്ന അധ്യാപനം ഏറെ സ്വാധീനമുണ്ടാക്കുന്നതും ഏറെ ഗുണഫലങ്ങൾ നൽകുന്നതുമാണ്. പഠിതാവിന്റെ മനസ്സിൽ എന്നും ഇത്തരം സന്ദർഭങ്ങൾ മങ്ങാതെ നിലനില്ക്കും. പുതിയ വിദ്യാഭ്യാസ സമ്പ്രദായമനുസരിച്ച് സന്ദർഭങ്ങളും അനുഭവങ്ങളും ഉണ്ടാക്കിയെടുത്തും അവയിലേക്ക് വിദ്യാർഥികളുടെ ശ്രദ്ധയെത്തിച്ചും അധ്യാപനം നടത്തുന്ന രീതിയാണ് വികസിച്ചു വരുന്നത്. ജീവിതത്തിലൂടെ പകർന്നുകിട്ടുന്ന പാഠങ്ങൾ സ്വന്തം ജീവിതത്തിലൂടെ നടപ്പാക്കി മുന്നേറുമ്പോൾ, കേവല വിജ്ഞാനമെന്നതിലുപരി ജീവിതത്തെ സ്വാധീനിക്കുകയും പരിവർത്തിപ്പിക്കുകയും ചെയ്യുന്ന ഒരു കാര്യമായി വിദ്യാഭ്യാസം മാറുന്നു.

പ്രവാചക ശിഷ്യനായ ജരീർ (റ) പറയുന്നത് നോക്കുക. ഞങ്ങൾ ഒരിക്കൽ റസൂലിന്റെ(സ്വ)

കൂടെ ഇരിക്കുകയായിരുന്നു. അപ്പോൾ അദ്ദേഹം പൗർണമിയെ നോക്കി പറഞ്ഞു:

إِنَّكُمْ سَتَرَوْنَ رَبَّكُمْ كَمَا تَرَوْنَ هَذَا الْقَمَرَ، لَا تُضَامُّونَ فِي رُؤْيَتِهِ

''നിങ്ങൾ ഈ ചന്ദ്രനെ കാണുന്നതുപോലെ നിങ്ങളുടെ നാഥനെ കാണുന്നതാണ്. കാണാൻ നിങ്ങൾ തിക്കും തിരക്കും കൂട്ടേണ്ടി വരില്ല.'' (ബുഖാരി, മുസ്‌ലിം) സത്യവിശ്വാസികൾക്ക് ഉണ്ടാകുന്ന അനുഭവമാണ് ഇവിടെ റസൂൽ (സ്വ) വിശദീകരിക്കുന്നത്.

വിശുദ്ധ ക്വുർആൻ ഈ കാര്യം ഇങ്ങനെ പറയുന്നു.

وُجُوهٌ يَوْمَئِذٍ نَّاضِرَةٌ. إِلَىٰ رَبِّهَا نَاظِرَةٌ

''ചില മുഖങ്ങൾ അന്ന് പ്രസന്നതയുള്ളതും അവരുടെ രക്ഷിതാവിന്റെ നേർക്ക് ദൃഷ്ടി തിരിച്ചവയുമായിരിക്കും'' (75:72,23) അല്ലാഹുവിനെ പരലോകത്ത് മറയില്ലാതെ കാണുക എന്ന കാര്യത്തെ ദൃശ്യവും ഭൗതികവുമായ ഒരു അനുഭവത്തോടു സദൃശപ്പെടുത്തി പഠിപ്പിക്കുകയാണ് പ്രവാചകൻ ഇവിടെ ചെയ്യുന്നത്. ഇതിലൂടെ അല്ലാഹുവിനെ ചന്ദ്രനോടു സദൃശപ്പെടുത്തുകയല്ല ചെയ്യുന്നത്. പ്രത്യുത ആകാശത്ത് വട്ടമിട്ടു നില്ക്കുന്ന പൗർണമിയെ യാതൊരു തിക്കും തിരക്കും കൂടാതെ ഏവർക്കും കാണാനാവുന്നതുപോലെ പരലോകത്ത് അല്ലാഹുവിന്റെ തിരുമുഖവും ദർശിക്കാനാവുമെന്ന് പറയുകയാണ്.

അല്ലാഹുവിന് ഉപമകൾ ചമയ്ക്കുന്നത് ഇസ്‌ലാം വിലക്കുന്നു. ഇത് അത്തരം ഉപമകളിൽ പെടുന്നില്ല. കാര്യങ്ങളുടെ സുഗ്രാഹ്യതക്കും പഠിതാക്കളുടെ മനസ്സിൽ പഠനം അനുഭവവേദ്യമാക്കാനും ഇത്തരം രീതികൾ സ്വീകാര്യമാണെന്ന് മാത്രം.

ഇതിന് സമാനമായ മറ്റൊരു സംഭവമാണ് യുദ്ധത്തടവുകാരിയായ ഒരു ഹവാസിൻ ഗോത്രക്കാരി കുഞ്ഞിന് മുലയൂട്ടുന്ന സംഭവം. യുദ്ധത്തിനിടയിൽ കാണാതെ പോയ കുഞ്ഞിനെ പെട്ടെന്ന് കിട്ടിയപ്പോൾ പരിസര ബോധം മറന്ന് കുഞ്ഞിനെ എടുത്ത് മാറോട് ചേർത്ത് മുലപ്പാൽ നല്കുന്ന രംഗം കണ്ട തിരുദൂതർ അത് തന്റെ ശിഷ്യന്മാരെ കാണിച്ചുകൊണ്ട് അവരോട് ചോദിക്കുന്നു. ആ സ്ത്രീ ആ കുഞ്ഞിനെ തീയിലെറിയും എന്ന് നിങ്ങൾക്ക് തോന്നുന്നുണ്ടോ? അവർ പറഞ്ഞു: ഇല്ല; അവർക്കൊരിക്കലും അതിന് കഴിയില്ല. ഉടനെ അല്ലാഹുവിന്റെ ദൂതർ പ്രതികരിച്ചു: ''എന്നാൽ തീർച്ചയായും അവർക്ക് തന്റെ കുഞ്ഞിനോടുള്ളതിനേക്കാൾ കൂടുതൽ അല്ലാഹു തന്റെ അടിമകളോട് കരുണയുള്ളവനാണ്.'' (ബുഖാരി, മുസ്‌ലിം)

മനുഷ്യന് അറിയാവുന്ന കാരുണ്യത്തിന്റെ ഉന്നത രൂപമാണ് മാതൃത്വം. മുലകുടിക്കുന്ന കുഞ്ഞിനോടുള്ള മാതാവിന്റെ അനുകമ്പ അതിൽ മികച്ചു നിൽക്കുന്നു. ഇതറിയാവുന്ന ശിഷ്യരുടെ മുൻപിൽ അവിടുന്ന് ദിവ്യ കാരുണ്യത്തിന്റെ ആഴവും വ്യാപ്തിയും പഠിപ്പിക്കാൻ ഈ സന്ദർഭം ഉപയോഗപ്പെടുത്തുകയാണുണ്ടായത്. ഇബ്നു ഹജർ അസ്‌ക്വലാനി വിശദീകരിക്കുന്നതുപോലെ, 'പഞ്ചേന്ദ്രിയങ്ങൾകൊണ്ട് ശരിയായവിധം ഉൾക്കൊള്ളാൻ സാധിക്കാത്ത വിഷയം, ഇന്ദ്രിയ ഗോചരമായ ഒന്നു കൊണ്ട് വിശദീകരിച്ച് കാര്യങ്ങൾ സുവ്യക്തമാക്കുകയാണ് തിരുദൂതർ ഇവിടെ ചെയ്യുന്നത്.' (ഫത്ഹുൽ ബാരി 10: 431) അല്ലാഹുവിന്റെ കാരുണ്യത്തെക്കുറിച്ച് മനസ്സിലാക്കികൊടുക്കാൻ ഇത്തരം വിശദീകരണ രീതികൾ അല്ലാഹുവിന്റെ മഹത്വത്തോട് ചേരുന്ന വിധം ഇസ്‌ലാം അനുവദിക്കുന്നുവെന്നും ഇതിൽ നിന്നും മനസ്സിലാക്കാം.

**അന്ത്യനാളിന്റെ ആഗമനം ഏറെ സമീപത്താണെന്ന് പഠിപ്പിക്കാൻ അവിടുന്ന് സ്വീകരിച്ചത് കൈവിരലുകൾ കൊണ്ടുള്ള ആംഗ്യമാണ്. തന്റെ രണ്ടു കൈവിരലുകൾ ചേർത്തുവെച്ചു കൊണ്ട് അദ്ദേഹം പറഞ്ഞു: "ഞാൻ നിയോഗിക്കപ്പെട്ടിരിക്കുന്നത് അന്ത്യനാളിനോട് ഇതുപോലെ അടുത്താണ്." (ബുഖാരി) അനാഥയെ സംരക്ഷിക്കുന്നവനും താനും സ്വർഗത്തിൽ തൊട്ടടുത്തായിരിക്കുമെന്ന് കാണിക്കാനും അവിടുന്ന് ചൂണ്ടുവിരലും നടുവിരലും ചേർത്ത് വെച്ച് ഉയർത്തിക്കാണിക്കുകയുണ്ടായി.**

## ആംഗ്യങ്ങളും ചിത്രങ്ങളും

ശ്രോതാവിന് കാര്യങ്ങൾ ബോധ്യപ്പെടു

ത്താൻ ആവശ്യമായി വരുന്ന ഉപാധികളിൽ പെട്ടതാണ് ആംഗ്യങ്ങളും ചിത്രങ്ങളും. കേവല ഭാഷണത്തേക്കാൾ കൂടുതൽ സ്വാധീനം നേടുന്നത് ഇത്തരം രീതിയിലുള്ള അധ്യാപനമായിരിക്കും. വിദ്യാഭ്യാസ രംഗത്ത് ഈ രീതികൾ ഇന്ന് സ്വീകരിക്കപ്പെട്ടുവരുന്നു. ആധുനികമായ സങ്കേതങ്ങൾ ഇന്ന് ഇതിന് ധാരാളമായി ഉപയോഗിക്കുകയും ചെയ്യുന്നു. നബി (സ്വ)യും അവിടുത്തെ ശിഷ്യന്മാരെ അക്കാലത്തെ സംവിധാനങ്ങൾ ഉപയോഗിച്ച് പഠിപ്പിച്ചതായി കാണാവുന്നതാണ്.

അല്ലാഹുവിന്റെ നേർമാർഗവും പിശാചിന്റെ ഭിന്ന വഴികളും മനസ്സിലാക്കാൻ ഒരിക്കൽ നബി (സ്വ) ചിത്രം വരച്ച് പഠിപ്പിക്കുകയുണ്ടായി. ഒരു നേർ രേഖ വരച്ചു കൊണ്ട് അവിടുന്ന് പറഞ്ഞു: ഇത് അല്ലാഹുവിന്റെ വഴിയാകുന്നു. അതിന്റെ ഇടതും വലതും വശങ്ങളിൽ വ്യത്യസ്ത വരകൾ വരച്ച് അവിടുന്ന് പറഞ്ഞു. ഇത് വിഭിന്ന വഴികളാകുന്നു. ഓരോ വഴിയിലും അതിലേക്ക് ക്ഷണിക്കുന്ന പിശാചുക്കളായിരിക്കും. തുടർന്ന് അവിടുന്ന് ഈ ഖുർആൻ സൂക്തം ഓതി.

وَأَنَّ هَٰذَا صِرَٰطِى مُسْتَقِيمًا فَٱتَّبِعُوهُ ۖ وَلَا تَتَّبِعُوا۟ ٱلسُّبُلَ فَتَفَرَّقَ بِكُمْ عَن سَبِيلِهِۦ


''ഇതത്രെ എന്റെ നേരായ പാത. നിങ്ങൾ അത് പിൻതുടരുക. മറ്റ് മാർഗങ്ങൾ പിൻതുടരരുത്. അതൊക്കെ അവന്റെ (അല്ലാഹുവിന്റെ) മാർഗത്തിൽ നിന്ന് നിങ്ങളെ ചിതറിച്ചുകളയും'' (6:153). വിശുദ്ധ ഖുർആനിലെ ഒരു സൂക്തം പ്രവാചകൻ ചിത്രം വരച്ചു വിശദീകരിച്ചു എന്ന് വേണമെങ്കിൽ ഇതിനെക്കുറിച്ച് പറയാവുന്നതാണ്.

മനുഷ്യന്റെആയുസ്സും,അതിനപ്പുറംനിൽക്കുന്ന അവന്റെ അഭിലാഷങ്ങളും, ആയുസ്സിനിടക്ക് ബാധിക്കുന്ന വിപത്തുകളും മനസ്സിലാക്കിക്കൊടുക്കാൻ നബി (സ്വ) ഒരിക്കൽ ഒരു ചിത്രം വരക്കുകയുണ്ടായി. ശിഷ്യനായ ഇബ്നു മസ്ഊദ് (റ) അത് ഇങ്ങനെ വിശദീകരിക്കുന്നു. ഒരിക്കൽ തിരുദൂതർ ഒരു സമചതുരം വരച്ചു. എന്നിട്ട് അതിന്റെ പുറത്തേക്ക് നീണ്ടുനില്ക്കുന്ന വിധം അതിന്റെ നടുവിലൂടെ ഒരു വര വരച്ചു. തുടർന്ന് നടുവിലെ വരയിലേക്കെത്തും വിധം ചതുരത്തിനുള്ളിൽത്തന്നെ ചെറിയ എതാനും വരകൾ വരച്ചു. എന്നിട്ട് അവിടുന്നു പറഞ്ഞു:ഈ നടുവിലുള്ളവർ മനുഷ്യൻ. പുറത്തേക്ക് നീണ്ടു നില്ക്കുന്നത് അവന്റെ ആഗഹങ്ങൾ. ചുറ്റും കാണുന്ന വര അവന്റെ ആയുസ്സ്. മറ്റു ചെറിയ വരകൾ അവനെ ബാധികുന്ന വിപത്തുകളും. വിപത്തുകളിൽ ഒന്ന് പിഴച്ചാൽ മറ്റൊന്ന് അവനെ ബാധിക്കുന്നു. ''

ഹൃദ്യവും ആകർഷകവുമാണ് ഈ ചിത്രീകരണം. അടങ്ങാത്ത ആഗ്രഹാഭിലാഷങ്ങളും ആയുസ്സിനപ്പുറം നീണ്ടുനിൽക്കുന്ന വ്യാമോഹങ്ങളുമായി കഴിഞ്ഞുകൂടുന്ന ദുരാഗ്രഹിയായ മനുഷ്യന് ഇടക്കിടെ പിടികൂടുന്ന വിപത്തുകളും മനുഷ്യ ജീവിതവുമെല്ലാം ചിത്രത്തിൽ ഒതുക്കിയിരിക്കുന്നു. ഏതൊരു മനുഷ്യന്റെയും മനസ്സിൽ തങ്ങി നില്ക്കുന്ന ചിത്രീകരണമാണിത്. ഇമാം നവവി തന്റെ രിയാളു സ്വാലിഹീനിൽ ഇത് വിവരിച്ചിട്ടുണ്ട്.

ഇതേ ആശയം വരയല്ലാത്ത മറ്റൊരു മാധ്യമമുപയോഗിച്ച് അവിടുന്ന് അവതരിപ്പിച്ച സംഭവവുമുണ്ട്. മൂന്ന് ചെറിയ മരക്കമ്പുകളെടുത്ത് അതിൽ ഒന്ന് തന്റെ മുൻപിലും മറ്റൊന്ന് അതിന്റെ ഒരു ഭാഗത്തും മൂന്നാമത്തേത് വളരെ അകലെയും കുത്തിനിറുത്തി. തുടർന്ന് അവിടുന്ന് പറഞ്ഞു. മുന്നിൽ കാണുന്നത് മനുഷ്യനും പാർശ്വഭാഗത്ത് കാണുന്നത് അവന്റെ ആയുസ്സും

**സംസാര ഭാഷയോടൊപ്പം ആംഗ്യ ഭാഷ ഉപയോഗിച്ചു കൊണ്ട് വിദ്യാർഥികൾക്ക് കാര്യങ്ങൾ വിശദീകരിച്ചു കൊടുക്കുമ്പോൾ പഠിതാവിൽ/ശ്രോതാവിൽ അതിന് കൂടുതൽ സ്വാധീനമുണ്ടാക്കാൻ സാധിക്കും. അധ്യാപകന്റെ ശരീര ചലനങ്ങളും ആംഗ്യങ്ങളും വിദ്യാർഥികൾ പകർത്തിയെടുക്കും. തിരുദൂതരുടെ പഠിതാക്കൾ നബിയുമായി ബന്ധപ്പെട്ട സംഭവങ്ങൾ വിവരിക്കുമ്പോൾ അവിടുത്തെ സൂക്ഷ്മമായ ചലനങ്ങളും ഭാവങ്ങളുമെല്ലാം ഉദ്ധരിക്കുന്നതായി കാണാം. മുഖ ഭാവവും അവയവ ചലനങ്ങളും അവിടുത്തെ നോട്ടവും അനക്കവും അടക്കവുമെല്ലാം ശിഷ്യന്മാർ പകർത്തുകയും ഉദ്ധരിക്കുകയും ചെയ്തിട്ടുണ്ട്. പഠിതാക്കളുടെ മനസ്സിൽ അവ എത്രത്തോളം സ്വാധീനിക്കുന്നുവെന്ന് ഇത് മനസ്സിലാക്കിത്തരുന്നു.**



**തികച്ചും വൈകാരികവും ആത്മാർഥവുമായ നിലയിൽ നിർവഹിക്കുന്ന മികച്ച ഒരു സേവനമായി അധ്യാപന വൃത്തിയെ കാണുന്നവർക്ക് മാത്രമേ തലമുറകളെ രൂപപ്പെടുത്തിയെടുക്കുന്ന പ്രക്രിയയിൽ വിലപ്പെട്ട സംഭാവനകളർപ്പിക്കാൻ കഴിയുകയുള്ളൂ. അക്ഷരങ്ങൾ പകർന്നു കൊടുക്കുന്ന യന്ത്രമെന്നതിലുപരി സ്വന്തം ജീവിതമാതൃകയിലൂടെ വിദ്യാർഥികളുടെ മനസ്സിൽ സ്ഥാനം പിടിക്കാൻ കഴിയുന്ന അധ്യാപകരിൽ നിന്ന് പകർന്നു കിട്ടിയ വിജ്ഞാനവും അനുഭവങ്ങളും വിദ്യാർഥികൾ ജീവിതത്തിലുടനീളം ഓർക്കുകയും അനുവർത്തിക്കുകയും ചെയ്യും. ഇത് അധ്യാപകരുടെ ഇഹലോക ജീവിതത്തിൽ മാത്രമല്ല പരലോകജീവിതത്തിലേക്ക് തന്നെ മികച്ച ഒരു മുതൽ കൂട്ടായിരിക്കും.**

അകലത്ത് കാണുന്നത് അവന്റെ മോഹങ്ങളുമാണ്. (അഹ്മദ്)

സംസാര ഭാഷയോടൊപ്പം ആംഗ്യഭാഷ ഉപയോഗിച്ചു കൊണ്ട് വിദ്യാർഥികൾക്ക് കാര്യങ്ങൾ വിശദീകരിച്ചു കൊടുക്കുമ്പോൾ പഠിതാവിൽ/ശ്രോതാവിൽ അതിന് കൂടുതൽ സ്വാധീനമുണ്ടാക്കാൻ സാധിക്കും. അധ്യാപകന്റെ ശരീര ചലനങ്ങളും ആംഗ്യങ്ങളും വിദ്യാർഥികൾ പകർത്തിയെടുക്കും. തിരുദൂതരുടെ പഠിതാക്കൾ നബിയുമായി ബന്ധപ്പെട്ട സംഭവങ്ങൾ വിവരിക്കുമ്പോൾ അവിടുത്തെ സൂക്ഷ്മമായ ചലനങ്ങളും ഭാവങ്ങളുമെല്ലാം ഉദ്ധരിക്കുന്നതായി കാണാം. മുഖ ഭാവവും അവയവ ചലനങ്ങളും അവിടുത്തെ നോട്ടവും അനക്കവും അടക്കവുമെല്ലാം ശിഷ്യന്മാർ പകർത്തുകയും ഉദ്ധരിക്കുകയും ചെയ്തിട്ടുണ്ട്. പഠിതാക്കളുടെ മനസ്സിൽ അവ എത്രത്തോളം സ്വാധീനിക്കുന്നുവെന്ന് ഇത് മനസ്സിലാക്കിത്തരുന്നു. ആംഗ്യഭാഷയിൽ വിശദീകരിച്ച ഒരു സംഭവം നോക്കുക. ഇതിൽ അവിടുന്ന് വിശ്വാസി സമൂഹത്തിന്റെ കെട്ടുറപ്പും ഭദ്രതയുമാണ് ചിത്രീകരിക്കുന്നത്. തന്റെ കൈവിരലുകൾ പരസ്പരം കോർത്ത് കാണിച്ചുകൊണ്ട് അവിടുന്ന് പറഞ്ഞു. ഒരു വിശ്വാസി മറ്റൊരു വിശ്വാസിക്ക് ഒരു കെട്ടിടം പോലെയാണ്. അത് പരസ്പരം ശക്തിപ്പെടുത്തുന്നു. (ബുഖാരി). ഒരു കെട്ടിടത്തിന്റെ ഭാഗങ്ങൾ പോലെ പരസ്പരം താങ്ങി നിർത്തുന്നവരായി വിശ്വാസി സമൂഹത്തെ ചിത്രീകരിക്കുകയാണ് പ്രവാചകൻ ഇവിടെ ചെയ്യുന്നത്.

അന്ത്യനാളിന്റെ ആഗമനം സമീപത്താണെന്ന് പഠിപ്പിക്കാൻ അവിടുന്ന് സ്വീകരിച്ചത് കൈവിരലുകൾ കൊണ്ടുള്ള ആംഗ്യമാണ്. തന്റെ രണ്ടു കൈവിരലുകൾ ചേർത്തുവെച്ചു കൊണ്ട് അദ്ദേഹം പറഞ്ഞു: ഞാൻ നിയോഗിക്കപ്പെട്ടിരിക്കുന്നത് അന്ത്യനാളിനോട് ഇതുപോലെ അടുത്താണ്. (ബുഖാരി) അനാഥയെ സംരക്ഷിക്കുന്നവനും താനും സ്വർഗത്തിൽ തൊട്ടടുത്തായിരിക്കുമെന്ന് കാണിക്കാനും അവിടുന്ന് ചൂണ്ടുവിരലും നടുവിരലും ചേർത്ത് വെച്ച് ഉയർത്തിക്കാണിക്കുകയുണ്ടായി.

## കഴിവുകൾ തിരിച്ചറിയുക

ശിഷ്യന്മാരുടെ കഴിവുകളും സാധ്യതകളും തിരിച്ചറിയുകയും അവയെ പ്രോത്സാഹിപ്പിക്കുകയും പോഷിപ്പിക്കുകയും ചെയ്യുകയെന്നത് മികവുറ്റ അധ്യാപകന്റെ അടയാളമാണ്.ശിഷ്യന്മാരെല്ലാം ഒരേ നിലവാരത്തിലുള്ളവരായിരിക്കില്ല. അവർ കഴിവുകളിലും പ്രതിഭാവിലാസങ്ങളിലും വ്യത്യസ്തത പുലർത്തുന്നവരായിരിക്കും. ഈ വൈവിധ്യമാണ് ലോകത്തിന്റെ നിലനില്പിനും മുന്നോട്ടുള്ള സുഗമമായ ഗമനത്തിനും സഹായകമായി മാറുന്നത്. ശിഷ്യന്മാരോരുത്തരുടേയും സർഗസിദ്ധി തിരിച്ചറിഞ്ഞ് പ്രോത്സാഹിപ്പിക്കുന്നതിലൂടെ ഭാവിയിലേക്ക് വലിയ സംഭാവനയാണ് അധ്യാപകൻ നല്കുന്നത്. ഇങ്ങനെ തിരിച്ചറിയാൻ കഴിയണമെങ്കിൽ അധ്യാപകൻ തന്റെ വിദ്യാർഥികളുമായി അത്രയുമടുത്ത് ഇടപഴകുകയും അവരിലെ കഴിവുകൾ തിരിച്ചറിയാൻ ശ്രമിക്കുകയും ചെയ്യേണ്ടതുണ്ട്.

**ശിഷ്യന്മാരുടെ കഴിവുകളും സാധ്യതകളും തിരിച്ചറിയുകയും അവയെ പ്രോത്സാഹിപ്പിക്കുകയും പോഷിപ്പിക്കുകയും ചെയ്യുകയെന്നത് മികവുറ്റ അധ്യാപകന്റെ അടയാളമാണ്. ശിഷ്യന്മാരെല്ലാം ഒരേ നിലവാരത്തിലുള്ളവരായിരിക്കില്ല. അവർ കഴിവുകളിലും പ്രതിഭാവിലാസങ്ങളിലും വ്യത്യസ്തത പുലർത്തുന്നവരായിരിക്കും. ഈ വൈവിധ്യമാണ് ലോകത്തിന്റെ നിലനില്പിനും മുന്നോട്ടുള്ള സുഗമമായ പ്രയാണത്തിനും സഹായകമായി മാറുന്നത്. ശിഷ്യന്മാരോരുത്തരുടേയും സർഗസിദ്ധി തിരിച്ചറിഞ്ഞ് പ്രോത്സാഹിപ്പിക്കുന്നതിലൂടെ ഭാവിയിലേക്ക് വലിയ സംഭാവനയാണ് അധ്യാപകൻ നല്കുന്നത്. ഇങ്ങനെ തിരിച്ചറിയാൻ കഴിയണമെങ്കിൽ അധ്യാപകൻ തന്റെ വിദ്യാർഥികളുമായി ആത്മബന്ധം ഉണ്ടാക്കുകയും അവരിലെ കഴിവുകൾ തിരിച്ചറിയാൻ ശ്രമിക്കുകയും ചെയ്യേണ്ടതുണ്ട്.**

റസൂൽ (സ്വ) ന്റെ നിലപാട് നോക്കുക. അനസ് (റ) പറയുന്നു: ഒരിക്കൽ തിരുദൂതർ പറഞ്ഞു:

أَرْحَمُ أُمَّتِي بِأُمَّتِي أَبُو بَكْرٍ، وَأَشَدُّهُمْ فِي أَمْرِ اللَّهِ عُمَرُ، وَأَصْدَقُهُمْ حَيَاءً عُثْمَانُ، وَأَعْلَمُهُمْ بِالْحَلَالِ وَالْحَرَامِ مُعَاذُ بْنُ جَبَلٍ، وَأَفْرَضُهُمْ زَيْدُ بْنُ ثَابِتٍ، وَأَقْرَؤُهُمْ أُبَيٌّ، وَلِكُلِّ أُمَّةٍ أَمِينٌ، وَأَمِينُ هَذِهِ الْأُمَّةِ أَبُو عُبَيْدَةَ بْنُ الْجَرَّاحِ

''എന്റെ സമുദായത്തിൽ സമുദായത്തോട്കൂടുതൽ കരുണയുള്ളവൻ അബൂബക്ർ ആണ്. അല്ലാഹുവിന്റെ കല്പനകളുടെ കാര്യത്തിൽ കർശനനിലപാട് പുലർത്തുന്നവൻ ഉമറാണ്. കൂടുതൽ ലജ്ജാലു ഉഥ്മാൻ ബിൻ അഫ്ഫാനാണ്. വിധിവിലക്കുകളെക്കുറിച്ച് അറിയുന്നവൻ മുആദ് ബിൻ ജബലാണ്. ദായ ക്രമത്തെക്കുറിച്ച് കൂടുതൽ അറിയുന്നവൻ സൈദ്ബ്ൻ ഥാബിത് ആണ്. ഖുർആൻ പാരായണത്തിൽ മികവുള്ളവൻ ഉബയ്യിബ്നു കഅ്ബാണ്. എല്ലാ സമുദായത്തിനും ഓരോ വിശ്വസ്തനുണ്ട്. ഈ സമുദായത്തിന്റെ വിശ്വസ്തൻ അബൂഉബയ്ദത്തുബിനുൽ ജർറാഹ് ആണ്. (അഹമദ്,തിർമിദി)

ഓരോരുത്തരുടെയും സവിശേഷമായ ശേഷി തിരിച്ചറിയാനുള്ള കഴിവ് മികച്ച അധ്യാപകനുമാത്രം കഴിയുന്ന കാര്യമാണ്. ഇങ്ങനെ പഠിതാക്കളിലെ പ്രത്യേകമായ കഴിവ് തിരിച്ചറിഞ്ഞ് പ്രോത്സാഹിപ്പിക്കുന്ന രീതി ആധുനിക സമൂഹം നടപ്പാക്കിവരുന്നു.

മറ്റൊരിക്കൽ അവിടുന്ന് പറഞ്ഞു: ''നിങ്ങൾ നാലുപേരിൽ നിന്ന് ഖുർആൻ പഠിക്കുക; മസ്ഊദ്, സാലിം മൗലാ, അബീഹുദയ്ഫ, ഉബയ്യ്ബ്നു കഅ്ബ്, മുആദുബ്ൻ ജബൽ'' (തിർമിദി) ഈ നാലുപേരും ഖുർആൻ പഠനത്തിൽ മറ്റുള്ളവരേക്കാൾ മികവ് പുലർത്തിയവരാകുന്നു.

ഇത്തരം പ്രോത്സാഹനങ്ങൾക്കും പഠിതാക്കളുടെ അഭിരുചി തിരിച്ചറിഞ്ഞ് ഉപയോഗപ്പെടുത്തുന്നതിനും മികച്ച ഉദാഹരണമാണ് ജൂതരുമായി എഴുത്തുകുത്തുകൾ നടത്തുന്നതിന് പ്രാപ്തിയുള്ള തന്റെ ഒരു ശിഷ്യനെ കണ്ടെത്തി ചുമതലപ്പെടുത്തിയ സംഭവം. നബി(സ്വ) മദീനയിൽ വന്നപ്പോൾ സൈദബ്നുഥാബിതിനെ വിളിച്ചു പറഞ്ഞു: സൈദ്, ജൂതർ എനിക്ക് വേണ്ടി എഴുതുന്നതിൽ എനിക്ക് നിർഭയത്വമില്ല. സൈദ്(റ) പറയുന്നു. ''അങ്ങനെ പതിനഞ്ച് ദിവസം കൊണ്ട് എഴുത്ത് നന്നായി പഠിച്ച് അതിൽ മികവ് നേടി.പിന്നീട് റസൂലിന് വരുന്ന എഴുത്തുകുത്തുകൾ വായിക്കുകയും മറുപടി എഴുതുകയും ചെയ്യുന്ന ആൾ ഞാനായിരുന്നു.'' (അഹ്മദ്, അബൂദാവൂദ്) മറ്റു ഭാഷകളും വിജ്ഞാനങ്ങളുമെല്ലാം പ്രബോധനപരമായ ആവശ്യങ്ങൾക്കുവേണ്ടി അഭ്യസിക്കുന്നത് ഒരാവശ്യമാണെന്നും ഈ സംഭവം തെളിയിക്കുന്നു.

അധ്യാപനം വേതനം പറ്റാനുള്ള ഒരു തൊഴിൽ മാത്രമായി കാണുന്നവർക്ക് റസൂൽ (സ്വ)ന്റെ അധ്യാപനരീതി വേണ്ടത്ര പിടിച്ചുകൊള്ളണമെന്നില്ല. തികച്ചും വൈകാരികവും ആത്മാർഥവുമായ നിലയിൽ ചെയ്യുന്ന മികച്ച ഒരു സേവനമായി അധ്യാപകവൃത്തിയെ കാണുന്നവർക്ക് മാത്രമേ തലമുറകളെ രൂപപ്പെടുത്തിയെടുക്കുന്ന പ്രക്രിയയിൽ വിലപ്പെട്ട സംഭാവനകളർപ്പിക്കാൻ കഴിയുകയുള്ളൂ. അക്ഷരങ്ങൾ പകർന്നുകൊടുക്കുന്ന യന്ത്രമെന്നതിലുപരി സ്വന്തം ജീവിത മാതൃകയിലൂടെ വിദ്യാർഥികളുടെ മനസ്സിൽ സ്ഥാനം പിടിക്കാൻ കഴിയുന്ന അധ്യാപകരിൽ നിന്ന് പകർന്നു കിട്ടിയ വിജ്ഞാനവും അനുഭവങ്ങളും ജീവിതത്തിലുടനീളം വിദ്യാർഥികൾ ഓർക്കുകയും അനുസരിക്കുകയും ചെയ്യും. ഇത് അധ്യാപകരുടെ ഇഹലോക ജീവിതത്തിൽ മാത്രമല്ല പരലോകജീവിതത്തിലേക്കും മികച്ച ഒരു മുതൽ കൂട്ടായിരിക്കും. ●

ലേഖനം

# ബലിയെന്ന ആരാധന

**ഇസ്‌ലാം നരബലി നിരോധിക്കുകയും മൃഗബലി അനുവദിക്കുകയും അത് സ്രഷ്ടാവിന്റെ പ്രീതിക്കായി നിർവഹിക്കണമെന്ന് അനുശാസിക്കുകയും ചെയ്തു. ഭക്തിയും അല്ലാഹുവിനെക്കുറിച്ചുള്ള സ്മരണയും സൂക്ഷ്മതാ ബോധവുമായിരിക്കണം ബലിയുടെ മുഖ്യലക്ഷ്യം. ബലിമാംസം ദഹിപ്പിക്കുകയോ കളയുകയോ ചെയ്യുന്ന സമ്പ്രദായം ഇസ്‌ലാമിലില്ല. അത് ഭക്ഷിക്കുകയും ദരിദ്രർക്കും മറ്റും വിതരണം ചെയ്യണമെന്നതാണ് ഇസ്‌ലാമിന്റെ താത്പര്യം.**

കെ എം ഫൈസി തരിയോട്

ഇസ്‌ലാമിലെ സുപ്രധാനമായ ഒരു ആരാധനയാണ് ബലി. ഈദുൽ അള്ഹായോട് അനുബന്ധിച്ച് ഉള്ഹിയ്യത്തായും ഹജ്ജ് കർമത്തിന്റെ ഭാഗമായി ഹദ്‌യായിട്ടും അത് നിശ്ചയിക്കപ്പെട്ടിരുന്നു.

അല്ലാഹു പറയുന്നു:

إِنَّآ أَعْطَيْنَـٰكَ ٱلْكَوْثَرَ . فَصَلِّ لِرَبِّكَ وَٱنْحَرْ

''നിശ്ചയം നിനക്ക് നാം ധാരാളമായ നേട്ടം തന്നിരിക്കുന്നു. അതിനാൽ നീ നിന്റെ രക്ഷിതാവിന് വേണ്ടി നമസ്കരിക്കുകയും ബലി അറുക്കുകയും ചെയ്യുക.'' (108, 1, 2)

وَٱلْبُدْنَ جَعَلْنَـٰهَا لَكُم مِّن شَعَـٰٓئِرِ ٱللَّهِ لَكُمْ فِيهَا خَيْرٌ ۖ فَٱذْكُرُوا۟ ٱسْمَ ٱللَّهِ عَلَيْهَا صَوَآفَّ

''ബലിയൊട്ടകങ്ങളെ നാം നിങ്ങൾക്ക് അല്ലാഹുവിന്റെ ചിഹ്നങ്ങളിൽ പെട്ടതാക്കിയിരിക്കുന്നു. നിങ്ങൾക്കവയിൽ ഗുണമുണ്ട്. അതിനാൽ അവയെ വരിവരിയായി നിർത്തിക്കൊണ്ട് അവയുടെ മേൽ നിങ്ങൾ അല്ലാഹുവിന്റെ നാമം ഉച്ചരിച്ച് ബലിയറുക്കുക. (22:36)

നബി(സ്വ) ഉള്ഹിയ്യത്ത് അറുക്കുകയും അതിന് പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്നു.

അനസിൽ(റ) നിന്ന്: കൊമ്പുള്ളതും വെളുപ്പും കറുപ്പും നിറമുള്ളതുമായ രണ്ടാടുകളെ നബി(സ്വ) ബലിയറുത്തു. (ബുഖാരി)

സ്വഹാബികളും പൂർവികരും ബലികർമത്തിന് വലിയ പ്രാധാന്യം നൽകിയിരുന്നു. എന്നാൽ ഇക്കാലത്ത് മുസ്‌ലിങ്ങളിൽ പലരും ഇക്കാര്യത്തിൽ എത്രമാത്രം ശ്രദ്ധിക്കുന്നുവെന്നത് ചിന്തിക്കേണ്ടിയിരിക്കുന്നു.

ഉളുഹിയ്യത്ത് നിർബന്ധമല്ലെന്നാണ് ഭൂരിപക്ഷ പണ്ഡിതന്മാരുടെയും വീക്ഷണം. ''കഴിവുണ്ടായിട്ടും ഉള്ഹിയ്യത്ത് അറുക്കാത്തവൻ നമ്മുടെ നമസ്കാര സ്ഥലത്തേക്ക് അടുക്കരുത്'' എന്നത് പോലെയുള്ള നബിവചനങ്ങൾ ഉളുഹിയ്യത്തിന്റെ പ്രാധാന്യത്തെയാണ് വ്യക്തമാക്കുത്. പ്രസ്തുത വചനം നബി(സ്വ)യുടെതാണോ സ്വഹാബിയുടേതാണോ എന്നതിൽ പണ്ഡിതർക്കിടയിൽ അഭിപ്രായ വ്യത്യാസമുണ്ട്. അത് സ്വഹാബിയുടെ




വാക്കാണെന്നും നിർബന്ധമാണെന്നതിന്റെ തെളിവുകൾ ദുർബലമാണെന്നുമുള്ള വീക്ഷണമാണ് സ്വഹാബികളിലെയും മറ്റും ഭൂരിപക്ഷം പണ്ഡിതരുടേതുമെന്നും, അത് പ്രബലമായ സുന്നത്താണെന്നും സ്വൻആനീ വ്യക്തമാക്കുന്നുണ്ട്. (സുബുലുസ്സലാം 4:147). ഏതായാലും മുസ്‌ലിം സമൂഹത്തിലെ ധനശേഷിയുള്ളവർ ബലി നിർവഹിക്കേണ്ടതുണ്ട്. കാരണം അത് മതചിഹ്നങ്ങളിൽ പെട്ടതും കൂടിയാണല്ലോ.

## ഉള്ഹിയ്യത്തിന്റെ ലക്ഷ്യം

ഇസ്‌ലാം നരബലി നിരോധിക്കുകയും മൃഗബലി അനുവദിക്കുകയും അത് സ്രഷ്ടാവിന്റെ പ്രീതിക്കായി നിർവഹിക്കണമെന്ന് അനുശാസിക്കുകയും ചെയ്തു. ഭക്തിയും അല്ലാഹുവിനെക്കുറിച്ചുള്ള സ്മരണയും സൂക്ഷ്മതാ ബോധവുമായിരിക്കണം ബലിയുടെ മുഖ്യലക്ഷ്യം.

ക്വുർആൻ പറയുന്നു:

وَلِكُلِّ أُمَّةٍ جَعَلْنَا مَنسَكًا لِّيَذْكُرُوا۟ ٱسْمَ ٱللَّهِ عَلَىٰ مَا رَزَقَهُم مِّنۢ بَهِيمَةِ ٱلْأَنْعَـٰمِ ۗ فَإِلَـٰهُكُمْ إِلَـٰهٌ وَٰحِدٌ فَلَهُۥٓ أَسْلِمُوا۟ ۗ وَبَشِّرِ ٱلْمُخْبِتِينَ

''ഓരോ സമുദായത്തിനും നാം ഓരോ ആരാധനാകർമം നിശ്ചയിച്ചു. അവർക്ക് ഉപജീവനത്തിനായി അല്ലാഹു നൽകിയിട്ടുള്ള കന്നുകാലികളെ അവന്റെ നാമം ഉച്ചരിച്ചുകൊണ്ട് അവർ അറുക്കേണ്ടതിന് വേണ്ടിയത്രെ അത്. നിങ്ങളുടെ ദൈവം ഏകനാകുന്നു. അതിനാൽ അവന് മാത്രം കീഴ്പ്പെടുക. നബിയേ, വിനീതർക്ക് നീ സന്തോഷ വാർത്ത അറിയിക്കുക.'' (22:34)

ബലിമാംസം ദഹിപ്പിക്കുകയോ കളയുകയോ ചെയ്യുന്ന സമ്പ്രദായം ഇസ്‌ലാമിലില്ല. പ്രത്യുത അത് ഭക്ഷിക്കുകയും ദരിദ്രർക്കും മറ്റും വിതരണം ചെയ്യണമെന്നതാണ് ഇസ്‌ലാമിന്റെ താത്പര്യം. ഇക്കാര്യം പരാമർശിച്ച ശേഷം ക്വുർആൻ ഇങ്ങനെ പറയുന്നു:

لَن يَنَالَ ٱللَّهَ لُحُومُهَا وَلَا دِمَآؤُهَا وَلَـٰكِن يَنَالُهُ ٱلتَّقْوَىٰ مِنكُمْ ۚ

''അവയുടെ മാംസങ്ങളോ രക്തങ്ങളോ അല്ലാഹുവിങ്കൽ എത്തുന്നതേയില്ല. എന്നാൽ നിങ്ങളുടെ ധർമ നിഷ്ഠയാണ് അവന്റെ അടുത്ത് എത്തുന്നത്.'' (22:37)

ബലി മഹത്തായ ഒരു ആരാധനയാണല്ലോ. അതിനാൽ തന്നെ അല്ലാഹുഅല്ലാത്തവരുടെയോ വിഗ്രഹങ്ങളുടെയോ പേരിൽ അവയുടെ പ്രീതിക്കും സാമീപ്യത്തിനും വേണ്ടി അത് നിർവഹിക്കുന്നത് ഇസ്‌ലാമിൽ വിരോധിക്കപ്പെട്ടതാണ്. അതിനെ കടുത്ത ശിർക്കായാണ് ഇസ്‌ലാം കാണുന്നത്. നബി(സ്വ) പറഞ്ഞു:

لَعَنَ اللَّهُ مَنْ ذَبَحَ لِغَيْرِ اللَّهِ،

അല്ലാഹുവല്ലാത്തവർക്ക് ബലിയറുത്തവരെ അല്ലാഹു ശപിച്ചിരിക്കുന്നു. (മുസ്‌ലിം)

## ബലിമൃഗം

ബലിയറുക്കുന്നതിന് നിശ്ചയിക്കപ്പെട്ടത് ഒട്ടകം, ആട്, മാട് എന്നിവയാണ് (ക്വുർആൻ 22:34).

ആരോഗ്യമുള്ളതും അന്യൂനമായതും തടിച്ചുകൊഴുത്തതുമായ മൃഗമാണ് അതിനേറ്റവും ഉത്തമം. അത്തരത്തിലുള്ളതിനെയാണ് നബി(സ്വ) തിരഞ്ഞെടുത്തിരുന്നത്. അബൂറാഫിഅ്(റ) നിവേദനം. നബി(സ്വ) ഉള്ഹിയ്യത്തിനായി തടിച്ചുകൊഴുത്ത രണ്ട് കുറ്റനാടുകളെ വാങ്ങിയിരുന്നു. (അഹ്മദ്). അബൂഉമാമ(റ)യിൽ നിന്ന്: ഞങ്ങൾ മദീനയിൽ വെച്ച് ഉള്ഹിയ്യത്തിനുള്ള മൃഗത്തെ തടിപ്പിച്ചിരുന്നു. അങ്ങനെ മുസ്‌ലിങ്ങൾ പോഷിപ്പിക്കുമായിരുന്നു. (ബുഖാരി)

പ്രകടവും ഗൗരവ തരത്തിലുമുള്ള വൈകല്യങ്ങളിൽ നിന്ന് ബലിമൃഗം സുരക്ഷിതമായിരിക്കണം. നാല് തരത്തിലുള്ള ന്യൂനതയുള്ളവ ഉള്ഹിയ്യത്തിന് മതിയാവുകയില്ല. ഉബയ്ദുബ്നു ഫയ്റൂസ്(റ) പറയുന്നു: ഉളുഹിയ്യത്ത് അനുവദിക്കപ്പെടാത്ത മൃഗങ്ങളേതൊക്കെയാണെന്ന് ഞാൻ ബറാഉബ്നു ആസ്വിബ്(റ)നോട് ചോദിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു: ഒരിക്കൽ നബി(സ്വ) ഞങ്ങൾക്കിടയിൽ എഴുന്നേറ്റുനിന്നുകൊണ്ട് പറഞ്ഞു.

أَرْبَعٌ لَا يَجُزْنَ : الْعَوْرَاءُ الْبَيِّنُ عَوَرُهَا، وَالْمَرِيضَةُ الْبَيِّنُ مَرَضُهَا، وَالْعَرْجَاءُ الْبَيِّنُ ظَلْعُهَا ، وَالْكَسِيرُ الَّتِي لَا تُنْقِي

''കാഴ്ചശക്തിക്ക് വ്യക്തമായ കുഴപ്പമുള്ളത്. പ്രകടമായ രോഗ ബാധയുള്ളത്, പ്രകടമായ മുടന്തുള്ളത്, മജ്ജയും കൊഴുപ്പും അവശേഷിക്കാത്തത്ര ക്ഷീണിച്ചത് എന്നീ നാലുതരം (മൃഗങ്ങളെ ബലിയറിക്കുന്നത്) അനുവദനീയമല്ല''. (അഹ്മദ്)

ഇമാം നവവി(റ) പറഞ്ഞു: ഈ നാലിനങ്ങൾ ഉള്ഹിയ്യത്തിന് പറ്റുകയില്ലെന്നത് പണ്ഡിതന്മാർക്കിടയിൽ തർക്കമില്ലാത്തതാണ് (ശർഹുമുസ്‌ലിം 7:135) പ്രസ്തുത വൈകല്യങ്ങൾക്ക് സമാനമായ മറ്റു ന്യൂനതകളിൽ നിന്നും ബലിമൃഗം മുക്തമാകേണ്ടതാണ്. അമീറുസ്വൻആനീ(റ) പറഞ്ഞു: പ്രസ്തുത കാര്യങ്ങളേക്കാൾ മോശമായതോ അതിന് സമാനമായതോ ആയ ന്യൂനതകൾ ഇവയോട് തുലനം ചെയ്യണമെന്നാണ് ഭൂരിപക്ഷം പണ്ഡിതരുടെയും വീക്ഷണം. അപ്പോൾ അന്ധത ബാധിച്ചവ, കാലുകൾ മുറിക്കപ്പെട്ടവ പോലെയുള്ള വൈകല്യങ്ങളുള്ളവ ബലിയറുക്കാവതല്ല (സുബുലുസ്സലാം 4:151).

കൊമ്പില്ലാത്ത മൃഗത്തെ ബലിയറുക്കാവുന്നതാണെന്നതിൽ പണ്ഡിതന്മാർ ഏകോപിച്ചിട്ടുണ്ട്. എന്നാൽ കൊമ്പ് മുറിക്കപ്പെട്ടവയുടെ കാര്യത്തിൽ അവർ വ്യത്യസ്ത അഭിപ്രായക്കാരാണ്. ഇമാം നവവി(റ) പറഞ്ഞു: കൊമ്പ് മുറിക്കപ്പെട്ടത് ശാഫിഈയും(റ) അബൂഹനീഫ(റ)യും ഭൂരിപക്ഷ പണ്ഡിതരും അനുവദിച്ചു. (ശർഹു മുസ്‌ലിം 7:135).

വൃഷണം ഉടച്ച് ഷണ്ഡീകരിക്കപ്പെട്ടത് ഉള്ഹിയ്യത്തിന് മതിയാകുന്നതാണ്. നബി(സ്വ) അപ്രകാരമുള്ളതിനെ അറുത്തിട്ടുണ്ട്. (ഫത്ഹുൽ ബാരി 12:521) അപ്രകാരം തന്നെ ലിംഗ വ്യത്യാസമെന്യേ നിബന്ധനകളൊത്ത മൃഗം ബലിക്ക് മതിയാകുന്നതാണ്.

മൃഗത്തിന്റെ കണ്ണ്, കാത് പോലെയുള്ള പ്രധാന അവയവങ്ങൾക്ക് വലിയ തകരാറുകൾ സംഭവിച്ചാൽ അതൊരു വ്യക്തമായ ന്യൂനത തന്നെയാണ്. എന്നാൽ നിസ്സാര വൈകല്യമേ ഉള്ളുവെങ്കിൽ കുഴപ്പമില്ല. അതാണല്ലോ പ്രസ്തുത നബി(സ്വ) വചനത്തിലെ'പ്രകടമായ' എന്ന പരാമർശം സൂചിപ്പിക്കുന്നത്. എന്നിരുന്നാലും എല്ലാതരം ന്യൂനതകളിൽ നിന്നും മുക്തമായവ തന്നെയാണ് കൂടുതൽ ശ്രേഷ്ഠകരം.

**പ്രായം:** ഒട്ടകത്തിന് അഞ്ചും മാടിന് രണ്ടും വയസ്സ് പൂർത്തിയാകണം. ജാബിറി(റ)ൽ നിന്ന് നബി(സ്വ) പറഞ്ഞു:

لَا تَذْبَحُوا إِلَّا مُسِنَّةً ، إِلَّا أَنْ يَعْسُرَ عَلَيْكُمْ فَتَذْبَحُوا جَذَعَةً مِنَ الضَّأْنِ ".

''നിങ്ങൾ മുസിന്നത്തിനെയല്ലാതെ ബലിയറുക്കരുത്. അത് നിങ്ങൾക്ക് പ്രയാസകരമാവുകയാണെങ്കിൽ ചെമ്മരിയാടിൽ നിന്ന് ഒരു ജദ്അത്തിനെ നിങ്ങൾ അറുക്കുക''. (മുസ്‌ലിം)

ജനിച്ചാലുണ്ടാകുന്ന പാൽപ്പല്ലുകൾ മാറി തീറ്റപ്പല്ല് വന്ന പ്രായ പരിധിയെയാണ് മുസിന്നത്ത് എന്നത് കൊണ്ട് വിവക്ഷിക്കപ്പെടുന്നത്. നമ്മുടെ നാട്ടിൽ സാധാരണയുള്ള കോലാടിന് ഒരു വയസ്സ് തികയണം. ഇതാണ് ഹനഫീ, മാലികീ, ഹമ്പലീ തുടങ്ങിയ ഭൂരിപക്ഷ വീക്ഷണം. ശാഫിഈ മദ്ഹബിൽ രണ്ടു വയസ്സാണ്. ചെമ്മരിയാടാണെങ്കിൽ ആറ് മാസം പൂർത്തിയാൽ മതിയാകുമെന്നാണ് ഭൂരിപക്ഷാഭിപ്രായം.

**ബലിയുടെ സമയം:** പെരുന്നാൾ നമസ്കാരാനന്തരമാണ് ബലി നിർവഹിക്കേണ്ടത്. ബറാഉബ്നു ആസിബി(റ)ൽ നിന്ന്. നബി(സ്വ) പറഞ്ഞു:

إِنَّ أَوَّلَ مَا نَبْدَأُ فِي يَوْمِنَا هَذَا أَنْ نُصَلِّيَ، ثُمَّ نَرْجِعَ فَنَنْحَرَ، فَمَنْ فَعَلَ ذَلِكَ فَقَدْ أَصَابَ سُنَّتَنَا، وَمَنْ نَحَرَ قَبْلَ الصَّلَاةِ فَإِنَّمَا هُوَ لَحْمٌ قَدَّمَهُ لِأَهْلِهِ، لَيْسَ مِنَ النُّسُكِ فِي شَيْءٍ

''നിശ്ചയം ഈ ദിനം നാം ആദ്യം ചെയ്യുന്നത് നമസ്കാരമാണ്. ശേഷം നാം മടങ്ങുകയും അറുക്കുകയും ചെയ്യും. ഇങ്ങനെ ചെയ്യുന്നവൻ നമ്മുടെ ചര്യ സ്വീകരിച്ചു. ആരെങ്കിലും മുമ്പ് അറുത്താൽ അത് തന്റെ കുടുംബക്കാർക്ക് നൽകിയ മാംസം മാത്രമാണ്. അത് ബലിയിൽ ഉൾപ്പെടുകയേ ഇല്ല''. (മുസ്‌ലിം)

പെരുന്നാൾ നമസ്കാര ശേഷമാണ് അറുക്കേണ്ടതെന്നും അതിന് മുമ്പ് നടത്തുന്ന അറവ് ബലിയായി പരിഗണിക്കപ്പെടില്ലെന്നും വ്യക്തമാക്കിക്കൊണ്ട് നബി(സ്വ) ഇങ്ങനെ പറഞ്ഞു: ''ആരെങ്കിലും നമസ്കരിക്കുന്നതിന് മുമ്പ് അറുത്താൽ തത് സ്ഥാനത്ത് അവൻ മറ്റൊന്ന് അറുക്കട്ടെ''. (ബുഖാരി)

ഇവിടെ നമസ്കാര നിർവഹണവുമായിട്ടാണ് അറവിനെ ബന്ധപ്പെടുത്തിയത്. അതിനാൽ ഉള്ഹിയത്ത് ഈദ് നമസ്കാരത്തിന്റെ ശേഷമാകണമെന്നത് വ്യക്തമാണ്.

## ബലിയുടെ ദിനം

ദുൽഹിജ്ജ മാസത്തിലെ പത്താം ദിനമാണ് ബലിയുടെ പ്രധാന ദിനം. അതിന് നൽകപ്പെട്ട പേര് 'യൗമുന്നഹ്റ് ' (അറവിന്റെ ദിനം) എന്നാണ്. എന്നാൽ അതേ ദിവസം തന്നെ അത് നിർവഹിക്കണമെന്ന് നിർബന്ധമില്ല. ശേഷമുള്ള മൂന്ന് ദിനങ്ങളിലും (അയ്യാമുത്തശ്‌രീക്) ബലിയറുക്കാവുന്നതാണ്. ''അല്ലാഹു അവർക്ക് നൽകിയിട്ടുള്ള നാൽക്കാലി മൃഗങ്ങളെ നിശ്ചിത ദിവസങ്ങളിൽ അവന്റെ നാമം ഉച്ചരിച്ചുകൊണ്ട് ബലിയറുക്കുകയും...''(22:28) എന്ന ക്വുർആനിക സൂക്തത്തിലെ ദിവസങ്ങൾ കൊണ്ട് വിവക്ഷ പെരുന്നാളും ശേഷമുള്ള മൂന്ന് ദിനങ്ങളുമാണ്. ജുബൈറുബ്നു മുത്ഇമിൽ നിന്ന് നിവേദനം. നബി(സ്വ) പറഞ്ഞു:''തശ്‌രീക്വിന്റെ ദിനങ്ങളിലൊക്കെ അറുക്കാവുന്നതാണ്'' (ഇബ്നു ഹിബ്ബാൻ). ദുൽഹിജ്ജ മാസത്തിലെ പതിനൊന്ന്, പന്ത്രണ്ട്, പതിമൂന്ന് എന്നീ ദിവസങ്ങൾക്കാണ് തശ്‌രീക്വിന്റെ ദിനങ്ങൾ എന്ന് പറയുന്നത്.

## പങ്കാളിത്തം

ഒരാൾ ഉള്ഹിയ്യത്ത് അറുത്താൽ അത് അയാൾക്കും അയാളുടെ കുടുംബത്തിനും മതിയാകുന്നതാണ്. അബൂ അയ്യൂബുൽ അൻസാരി(റ) പറയുന്നു.

**ദുൽഹിജ്ജ മാസത്തിലെ പത്താം ദിനമാണ് ബലിയുടെ പ്രധാന ദിനം. അതിന് നൽകപ്പെട്ട പേര് "യൗമുന്നഹ്റ്" (അറവിന്റെ ദിനം) എന്നാണ്. എന്നാൽ അതേ ദിവസം തന്നെ അത് നിർവഹിക്കണമെന്ന് നിർബന്ധമില്ല. ശേഷമുള്ള മൂന്ന് ദിനങ്ങളിലും (അയ്യാമുത്തശ്‌രീക്വ്) ബലിയറുക്കാവുന്നതാണ്. "അല്ലാഹു അവർക്ക് നൽകിയിട്ടുള്ള നാൽക്കാലി മൃഗങ്ങളെ നിശ്ചിത ദിവസങ്ങളിൽ അവന്റെ നാമം ഉച്ചരിച്ചുകൊണ്ട് ബലിയറുക്കുകയും...' (22:28) എന്ന ക്വുർആനിക സൂക്തത്തിലെ ദിവസങ്ങൾകൊണ്ട് വിവക്ഷ പെരുന്നാളും ശേഷമുള്ള മൂന്ന് ദിനങ്ങളുമാണ്. ജുബൈറുബ്നു മുത്ഇമിൽ നിന്ന് നിവേദനം; നബി(സ്വ) പറഞ്ഞു:""തശ്‌രീക്വിന്റെ ദിനങ്ങളിലൊക്കെ അറുക്കാവുന്നതാണ്" (ഇബ്നു ഹിബ്ബാൻ).**

كَانَ الرَّجُلُ يُضَحِّي بِالشَّاةِ عَنْهُ، وَعَنْ أَهْلِ بَيْتِهِ، فَيَأْكُلُونَ، وَيُطْعِمُونَ،

നബി(സ്വ)യുടെ കാലത്ത് ഒരാൾ അയാൾക്കും അയാളുടെ വീട്ടുകാർക്കും വേണ്ടി ഒരാടിനെ ബലിയറുക്കും. അവരതിൽ നിന്ന് ഭക്ഷിക്കുകയും മറ്റുള്ളവരെ ഭക്ഷിപ്പിക്കുകയും ചെയ്യുമായിരുന്നു. (ഇബ്നുമാജ)

ബലിയറുക്കാൻ വേണ്ടിയുള്ള മൃഗങ്ങളിൽ ആടിൽ പങ്കാളികളാവതല്ല. എന്നാൽ ഒട്ടകത്തിലും മാടിലും ഏഴാളുകൾക്ക് വരെ പങ്കാളികളാകാം. നബി(സ്വ) പറഞ്ഞു: പശു ഏഴാളുകൾക്കും ഒട്ടകം ഏഴാളുകൾക്കും വേണ്ടി അറുക്കപ്പെടാവുന്നതാണ്. (മുസ്‌ലിം)

സ്വന്തമായും പങ്കാളികളായും സ്ത്രീകൾക്കും ഉള്ഹിയ്യത്ത് നിർവഹിക്കാവുന്നതാണ്. മാത്രമല്ല, സ്ത്രീകൾക്ക് സ്വകരം കൊണ്ട് അറുക്കുകയും ചെയ്യാം. അബൂമൂസൽ അശ്അരി(റ) തന്റെ പുത്രിമാരോട് അവരുടെ കരങ്ങൾ കൊണ്ട് ഉള്ഹിയ്യത്ത് അറുക്കാൻ കൽപ്പിച്ചിരുന്നു.

(ബുഖാരി)

ഉള്ഹിയ്യത്തിന് ഉദ്ദേശിച്ചയാൾ സ്വയം അറുക്കുന്നതാണ് അഭികാമ്യം. എങ്കിലും മറ്റുള്ളവരെ ഏൽപ്പിക്കുകയും ചെയ്യാം. അനസ് (റ) നിവേദനം.

ضَحَّى النَّبِيُّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ بِكَبْشَيْنِ أَمْلَحَيْنِ ، فَرَأَيْتُهُ وَاضِعًا قَدَمَهُ عَلَى صِفَاحِهِمَا، يُسَمِّي وَيُكَبِّرُ، فَذَبَحَهُمَا بِيَدِهِ.

''നബി(സ്വ) വെളുത്ത രണ്ടാടിനെ ഉളഹിയ്യത്ത് അറുത്തു. അതിന്റെ പാർശ്വങ്ങളിൽ തന്റെ പാദം വെച്ചുകൊണ്ട് ബിസ്മിയും തക്ബീറും ചൊല്ലി സ്വകരം കൊണ്ട് അവിടുന്ന് അറുക്കുന്നത് ഞാൻ കണ്ടു.'' (ബുഖാരി). നബി(സ്വ)ന് ഹജ്ജിൽ നൂറൊട്ടകം അറുക്കാനുണ്ടായിരുന്നു. അദ്ദേഹം അതിൽ 63 എണ്ണം സ്വന്തം കൈകൊണ്ട് അറുക്കുകയും ബാക്കിയുള്ളവ അലി(റ)നെ ഏൽപിക്കുകയും ചെയ്തു.

## ബലിയറുക്കുന്നതിന്റെ രൂപം

ഏതൊരു ഉരുവിനെയും അറുക്കുമ്പോൾ ബിസ്മി ചൊല്ലേണ്ടതാണ്. എന്നാൽ ഉള്ഹിയ്യത്ത് അറുക്കുമ്പോൾ നബി(സ്വ) ബിസ്മില്ലാഹി വല്ലാഹു അക്ബർഎന്ന് ചൊല്ലിയിരുന്നു (മുസ്‌ലിം). ഇതിന്റെ മുമ്പ് 'ഇന്നീ വജ്ജഹ്തു വജ്ഹിയ.... വ അന മിനൽ മുസ്‌ലിമീൻ' എന്ന് കൂടി നബി(സ്വ) പറഞ്ഞിരുന്നു. (അബൂദാവൂദ്, തിർമിദി) ഈ തക്ബീർ ഹജ്ജിന്റെയും പെരുന്നാളിന്റെയും പ്രത്യേകതയാണ് ''നിങ്ങൾക്ക് അല്ലാഹു നൽകിയതിൽ നിങ്ങൾ അല്ലാഹുവിന്റെ മഹത്ത്വം വാഴ്ത്താൻ വേണ്ടി'' എന്ന് ക്വുർആൻ (2:185) പറഞ്ഞിട്ടുമുണ്ട് (സുബുലുസ്സലാം 4:146)

ബലിമൃഗത്തെ അറുക്കാൻ വേണ്ടി കൊണ്ടു വന്നപ്പോൾ നബി(സ്വ) പറഞ്ഞു: ''ആഇശാ, കത്തി കൊണ്ടുവരൂ. എന്നിട്ട് അത് കല്ല് കൊണ്ട് മൂർച്ച കൂട്ടൂ.'' ആഇശ അപ്രകാരം ചെയ്തു. ആടിനെ കിടത്തി അറുക്കാനൊരുങ്ങിയപ്പോൾ അദ്ദേഹം ബിസ്മില്ലാഹി ചൊല്ലുകയും അല്ലാഹുവേ, മുഹമ്മദിൽ നിന്നും മുഹമ്മദിന്റെ കുടുംബത്തിൽ നിന്നും മുഹമ്മദിന്റെ സമുദായത്തിൽ നിന്നുമായി നീ ഇത് സ്വീകരിക്കേണമേ എന്ന് പ്രാർഥിക്കുകയും ചെയ്തു. (മുസ്‌ലിം)

ക്വിബ്‌ലക്ക് അഭിമുഖമായി ബലിമൃഗത്തെ കിടത്തുന്നത് നല്ലതാണെന്ന് ചില പണ്ഡിതർ പറയുന്നുണ്ട്.

## വിതരണം

ബലിമൃഗത്തിന്റെ മാംസം പാവങ്ങൾക്ക് കൊടുക്കുകയും അതിൽ നിന്ന് ഉടമകൾക്ക് കഴിക്കുകയും ചെയ്യാം. ക്വുർആൻ പറയുന്നു:

فَإِذَا وَجَبَتْ جُنُوبُهَا فَكُلُوا۟ مِنْهَا وَأَطْعِمُوا۟ ٱلْقَانِعَ وَٱلْمُعْتَرَّ

''ആ ബലി ഒട്ടകങ്ങൾ അവയുടെ പാർശ്വങ്ങളിൽ വീണു കഴിഞ്ഞാൽ അവയിൽ നിന്ന് എടുത്ത് ഭക്ഷിക്കുകയും (യാചിക്കാതെ) സംതൃപ്തിയടയുന്നവനും ആവശ്യപ്പെട്ടുവരുന്നവനും നിങ്ങൾ ഭക്ഷിക്കാൻ കൊടുക്കുകയും ചെയ്യുക.'' (22:36).

ബലിമാംസം ഉടമകൾ എടുക്കുന്നതിനും വിതരണത്തിനും പരിധി നിശ്ചയിക്കപ്പെട്ടിട്ടില്ല. മൂന്നിലൊന്ന്, പകുതി എന്നതൊക്കെ അഭിപ്രായങ്ങൾ മാത്രമാണ്. ഒരിക്കൽ നബി(സ്വ) പറഞ്ഞു: നിങ്ങൾ ഭക്ഷിക്കുകയും മറ്റുള്ളവർക്ക് ഭക്ഷിക്കാൻ കൊടുക്കുകയും സൂക്ഷിക്കുകയും ചെയ്യുക. (ബുഖാരി)

**നാട്ടിൽ വരൾച്ചയും ക്ഷാമവുണ്ടായ ഒരു വർഷം ബലിമാംസം മൂന്ന് ദിവസത്തിലധികം സൂക്ഷിച്ചുവെക്കുന്നത് നബി(സ്വ) നിരോധിച്ചിരുന്നു. എന്നാലത് പൊതു നിയമല്ല. ദരിദ്രരുടെ ആവശ്യംപരിഗണിച്ചുകൊണ്ടാണ് മാംസവിതരണവും സൂക്ഷിച്ചുവെക്കലുമൊക്കെ ചെയ്യേണ്ടതെന്ന് പ്രസ്തുത സംഭവത്തിൽ നിന്ന് വ്യക്തമാകുന്നു. ഉടമകൾ അല്പം എടുക്കുകയും ബാക്കി അയൽക്കാർക്കും ബന്ധുക്കൾക്കും ദരിദ്രർക്കും വിതരണം ചെയ്യുകയുമാണ് വേണ്ടതെന്ന് മനസ്സിലാക്കാം. ഉടമകൾക്ക് അതിൽ നിന്ന് ഭക്ഷിക്കൽ നിർബന്ധമില്ലെങ്കിലും ഉപര്യുക്ത ക്വുർആൻ സൂക്തത്തിന്റെ താൽപര്യമനുസരിച്ച് അതിൽ നിന്ന് ഭക്ഷിക്കുന്നത് അഭിലഷണീയമാണെന്ന് ഗ്രഹിക്കാവുന്നതാണ്.**

നാട്ടിൽ വരൾച്ചയും ക്ഷാമവുമുണ്ടായ ഒരു വർഷം ബലിമാംസം മൂന്ന് ദിവസത്തിലധികം സൂക്ഷിച്ചുവെക്കുന്നത് നബി(സ്വ) നിരോധിച്ചിരുന്നു. എന്നാലത് പൊതു നിയമല്ല. ദരിദ്രരുടെ ആവശ്യംപരിഗണിച്ചുകൊണ്ടാണ് മാംസ വിതരണവും സൂക്ഷിച്ചുവെക്കലുമൊക്കെ ചെയ്യേണ്ടതെന്ന് പ്രസ്തുത സംഭവത്തിൽ നിന്ന് വ്യക്തമാകുന്നു. ഉടമകൾ അല്പം എടുക്കുകയും ബാക്കി അയൽക്കാർക്കും ബന്ധുക്കൾക്കും ദരിദ്രർക്കും വിതരണം ചെയ്യുകയുമാണ് വേണ്ടതെന്ന് മനസ്സിലാക്കാം. ഉടമകൾക്ക് അതിൽ നിന്ന് ഭക്ഷിക്കുന്നത് നിർബന്ധമല്ലെങ്കിലും ഉപര്യുക്ത ഖുർആൻ സൂക്തത്തിന്റെ താൽപര്യമനുസരിച്ച് അതിൽ നിന്ന് ഭക്ഷിക്കുന്നത് അഭിലഷണീയമാണെന്ന് ഗ്രഹിക്കാവുന്നതാണ്.

## പണിക്കൂലി

അറവ് പണിക്കാരുടെ കൂലി ഉടമകൾ നൽകേണ്ടതാണ്. കൂലിയായി ബലിമൃഗത്തിന്റെ തോലോ ജീനീയോ നൽകാവതല്ല. അലി(റ) പറയുന്നു:

أَمَرَنِي رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ أَنْ أَقُومَ عَلَى بُدْنِهِ ، وَأَنْ أَتَصَدَّقَ بِلَحْمِهَا، وَجُلُودِهَا، وَأَجِلَّتِهَا، وَأَنْ لَا أُعْطِيَ الْجَزَّارَ مِنْهَا، قَالَ : نَحْنُ نُعْطِيهِ مِنْ عِنْدِنَا .

''നബി(സ്വ) അവിടുത്തെ ഒട്ടകത്തിന്റെ കാര്യങ്ങൾ ചെയ്യാനും അവയുടെ മാംസവും തോലും അതിന്റെ ജീനിയും അഗതികൾക്ക് ദാനം ചെയ്യാനും എന്നോട് കൽപ്പിച്ചു. അതിൽ നിന്ന് ഒരു വസ്തുവും കശാപ്പ് കൂലിയായി നൽകരുതെന്നും എന്നോട് കൽപിച്ചു. അവർക്കത് ഞങ്ങൾ വേറെ സ്വന്തമായി നൽകുകയാണ് ചെയ്തിരുന്നതെന്ന് അദ്ദേഹം പറയുകയും ചെയ്തു (മുസ്‌ലിം). നബി(സ്വ) ഹജ്ജിൽ അറുത്ത ബലിമൃഗങ്ങളുടെ വിധിയാണ് ഇവിടെ പരാമർശിക്കപ്പെട്ടത്. അതു തന്നെയാണ് ഉള്ഹിയ്യത്തിനുമെന്ന് പണ്ഡിതന്മാർ വ്യക്തമാക്കിയിട്ടുണ്ട്.

ബലി മാംസം വിൽക്കാവതല്ല. എന്നാൽ ഉള്ഹിയ്യത്തിന്റെ തോല്, രോമം, എല്ല് തുടങ്ങിയവ വിൽക്കാമോ എന്നതിൽ ഭിന്നാഭിപ്രായങ്ങളുണ്ട്. അവ വിൽക്കാമെന്ന വീക്ഷണമുണ്ട്. അതിന്റെ വില മാംസം വിതരണം ചെയ്യുന്നതുപോലെ കൊടുക്കേണ്ടതാണ്. (നയ്‌ലൂൽ, ഔത്വാർ 5:130 നോക്കുക).

## മര്യാദകൾ

ഉള്ഹിയ്യത്ത് അറുക്കാൻ ഉദ്ദേശിച്ചയാൾ പാലിക്കേണ്ട ചില മര്യാദകളുണ്ട്. ബലി അറുക്കുന്നത് വരെ തന്റെ മുടിയും നഖവും നീക്കാതിരിക്കാൻ ശ്രദ്ധിക്കണം. ഉമ്മു സലമ(റ) യിൽ നിന്ന്: നബി(സ്വ) പറഞ്ഞു:

" مَنْ أَرَادَ أَنْ يُضَحِّيَ فَلَا يَقْلِمْ مِنْ أَظْفَارِهِ، وَلَا يَحْلِقْ شَيْئًا مِنْ شَعْرِهِ فِي عَشْرِ الْأُوَلِ مِنْ ذِي الْحِجَّةِ ".

''നിങ്ങൾ ദുൽഹിജ്ജ മാസം കാണുകയും നിങ്ങളിലാരെങ്കിലും ഉള്ഹിയ്യത്ത് അറുക്കാൻ ഉദ്ദേശിക്കുകയും ചെയ്താൽ അവൻ തന്റെ മുടിയും നഖവും മുറിക്കാതിരിക്കട്ടെ. ''(മുസ്‌ലിം)

പ്രസ്തുത നിരോധം അനഭിലഷണീയതയെ കുറിക്കുന്നതാണെന്നാണ് ഇമാം ശാഫിഈയും ഇമാം മാലികും പറയുന്നത്. എന്നാൽ അത് നിഷിദ്ധമാണെന്നാണ് ഇമാം അഹ്മദിന്റെ അഭിപ്രായം. ഹനഫികൾ  ഇതിൽ ഇളവ് നൽകുകയും ചെയ്തു. (മആലിമുസ്സുനൻ, ഇമാം ഖത്വാബി)

ഇമാം ഖത്വാബി(റ) തുടരുന്നു: ''ഇത് നിർബന്ധമായും  പാലിക്കേണ്ടതില്ലെന്ന് ആഇശാ(റ)യുടെ ഹദീഥിൽ നിന്ന് മനസ്സിലാക്കാം. അവർ പറയുന്നു: നബി(സ്വ)യുടെ ഹജ്ജിന് അറുക്കാനുള്ള മൃഗങ്ങൾക്കുള്ള വടം എന്റെ കൈകൊണ്ട് പിരിക്കുകയും ഞാൻ നബിക്ക് അത് കൊടുത്തയക്കുകയും ചെയ്തു. ശേഷം അല്ലാഹു അദ്ദേഹത്തിന് അനുവദിച്ച കാര്യങ്ങളൊന്നും ബലിയറുക്കുന്നത് വരെ അദ്ദേഹം നിഷിദ്ധമാക്കിയിട്ടില്ല. ''(മആലിമുസ്സുനൻ) നിരോധനത്തിന്റെ ഉദ്ദേശ്യം അനഭിലഷണീയത (കറാഹത്ത്) മാത്രമാണെന്നും ഉപര്യുക്ത മര്യാദ പാലിക്കുന്നത് ഉചിതമാണെന്നുമാണ് തെളിവുകളിൽ നിന്നെല്ലാംവ്യക്തമാക്കുന്നത്. ഇക്കാര്യം ഇമാം നവവി ശർഹു മുസ്‌ലിമിലും ഇബ്നു ഹജർ(റ) ഫതുഹുൽ ബാരിയിലും പരാമർശിച്ചിട്ടുണ്ട്.

ഇസ്‌ലാമിലെ രണ്ടാഘോഷങ്ങളിലൊന്നാണ് ഈദുൽ അള്ഹാ. റമളാൻ വ്രതത്തിന്റെ സമാപ്തി കുറിച്ചുകൊണ്ടുള്ള ഈദുൽ ഫിത്വ്റിൽ മുഖ്യാഹാരമായ അരിയും, ഹജ്ജിനോടനുബന്ധിച്ചുള്ള ഈദുൽ അള്ഹായിൽ മാംസവും വിതരണം ചെയ്യണമെന്ന് ഇസ്‌ലാം ഉദ്ബോധിപ്പിച്ചു. ആഘോഷ വേളകളിൽ അഗതികളെയും അവശതയനുഭവിക്കുന്നവരെയും വിസ്മരിക്കരുതെന്നും അവരുടെ ഭവനങ്ങളിൽ സുഭിക്ഷതയും സന്തോഷവും എത്തിക്കേണ്ടത് സമ്പന്നരുടെ ബാധ്യത കൂടിയാണെന്നും കാരുണ്യത്തിന്റെയും മതമായ ഇസ്‌ലാം ഇതിലൂടെയെല്ലാം വ്യക്തമാക്കുന്നുണ്ട്. ●

# ദയൂബന്ദികളും സ്വൂഫികളും (7)

ക്വുർആൻ സൃഷ്ടിയാണെന്നും അല്ലാഹുവിന്റെ യഥാർഥ സംസാരമല്ല അത് എന്ന് പറയുന്നവരുമാണ് മാതുരീദികൾ. അല്ലാഹുവിന്റെ വാക്കിനു അക്ഷരങ്ങളും ശബ്ദവുമില്ലെന്ന വിശ്വാസമാണിങ്ങനെ അവരെക്കൊണ്ട് പറയിക്കുന്നത്. അല്ലാഹുവിന്റെ സംസാരം അവന്റെ സൃഷ്ടികളിൽ പെട്ട ആരും തന്നെ കേട്ടിട്ടില്ല. മുഹമ്മദ്(സ്വ) യും മൂസായും(അ) ജിബ്‌രീലും നേരിട്ടു അല്ലാഹുവിൽനിന്ന് കേട്ടിട്ടില്ല. എന്നാൽ ഈ വലിയ്യ് പേർഷ്യൻ ഭാഷയിലുള്ള "മാമീകനം' എന്ന വാചകം അല്ലാഹുവിൽ നിന്നും നേരിട്ടു കേട്ടുവത്രെ! കവിതാ ശകലങ്ങൾ ഉരുവിടുന്നതുപോലെ ആ വലിയ്യ് അത് ഉരുവിട്ടുകൊണ്ടിരിക്കുകയും ചെയ്യുന്നു.

**അബ്ദുൽ അസീസ് തേങ്ങാട്ട്**

ദയൂബന്ദികളുടെനേതാക്കൾക്കും ശെയ്ഖുമാർക്കും 'ഗൈബ്' അറിയാമെന്നാണ് അവരിലെ പണ്ഡിതന്മാർ വാദിക്കുന്നത്. അതിനു ഉപോൽബലകമായ പല കഥകളും അവരുടെ പക്കലുണ്ട്. ചിലത് പരിശോധിക്കാം:

ശെയ്ഖ് ഇംദാദുല്ല പറയുന്നു: അമ്പിയാക്കൾക്കും ഔലിയാക്കൾക്കും ഗൈബ് അറിയില്ലെന്ന് ചിലർ വാദിച്ചു. എന്നാൽ ഞാൻ പറയുന്നു: അഹ്‌ലുൽ ഹകിന്റെ ആളുകൾ ഗയ്ബിയ്യായ കാര്യങ്ങളിലേക്ക് തിരിഞ്ഞാൽ അവർക്കത് കാണാനും മനസ്സിലാക്കാനും സാധിക്കും. അൻവർ ശാഹ് കശ്മീരി തന്റെ 'ഫൈളുൽ ബാരിയിൽ' പറയുന്നു: നബി(സ്വ)ന് നിരുപാധികമായി ഗൈബ് അറിയുമെന്നും അതിന്റെ താക്കോൽ ഉപയോഗിച്ചുകൊണ്ട് എല്ലാം അദ്ദേഹത്തിനു വെളിവാകുമെന്നും ചില വിവരദോഷികൾ ധരിച്ചു വശായിട്ടുണ്ട്. കാര്യം അപ്രകാരമായിരുന്നെങ്കിൽ ഈ ഒരു നിബന്ധനയ്ക്ക് അർഥമില്ല. വിശുദ്ധമായ ചില ആളുകളിൽ അപ്രതീക്ഷിതമായി അത് സംഭവിക്കുന്നു. ചിലപ്പോൾ അവർ അത് വെളിവാക്കുന്നു. മറ്റു ചിലപ്പോൾ അവർ അതിനെ അവഗണിക്കുകയും ചെയ്യുന്നു. പ്രവാചകരുടെ സ്ഥിതി ഔലിയാക്കളേക്കാൾ ഉന്നതമാകുന്നു.''

അൻവർ ശാഹ് കശ്മീരിയുടെ തൗഹീദ് സംബന്ധമായ എല്ലാ വിതണ്ഡവാദങ്ങൾക്കും ശെയ്ഖ് അബ്ദുറഹ്മാൻ ബിൻ ഹസൻ തന്റെ ''ബയാനു കലിമത്തിത്തൗഹീദ് അലർറദ്ദി അലൽ കശ്മീരി''എന്ന ഗ്രന്ഥത്തിൽ മറുപടി പറയുന്നുണ്ട്.

'ഫൈളുൽ ബാരി'യുടെ ഹാശിയയിൽ ഇപ്രകാരം വന്നിരിക്കുന്നു.

أن الأولياء يرون في كشوفهم أشياء بعين الباصرة لا نراها، كذلك الأنبياء عليهم السلام يرون المغيبات بعين الباصرة في اليقظة ... ".يرى علماء ديوبند أنه يمكن زيارة النبي صلى الله عليه وسلم ورؤيته في اليقظة رأي العين، ويذكرون في هذا الصدد قصصاً ووقائع حصلت لأكابرهم ومشايخهم،

أمامه فوقع نظره عليه فصار الكلب صاحب الكمال إلى حد تبعته كلاب تلك المدينة، ثم جلس ذلك الكلب في مكان وجلست تلك الكلاب حوله كالحلقة وانشغلت كلها في المراقبة).قلت هذه حالة الكلب في الكمال والولاية والكرامة لأجل نظرة وقعت عليه من نظرات الجنيد، فما ظنك بإنسان وقعت عليه نظرة من نظراته؟(جهود علماء الحنفية في إبطال عقائد القبورية لشمس الدين السلفي الأفغاني-٢/ ٧٩٧)

''ഒരിക്കൽ ഹസ്റത്ത് ജിനൈദ് അൽ ബഗ്ദാദിയുടെ മുന്നിലൂടെ ഒരു നായ നടന്നു പോയപ്പോൾ അതിന്മേൽ അദ്ദേഹത്തിന്റെ ദൃഷ്ടി പതിഞ്ഞു. അതോടെ ആ നായ പൂർണതയുടെ ഉടമയായി. അത് ആ പട്ടണത്തിലെ മറ്റു നായകൾക്കെല്ലാം പിന്തുടരാൻ പറ്റുംവിധം കഴിവുള്ള പ്രഗത്ഭനായിത്തീർന്നു. പിന്നെ അത് ഒരു സ്ഥലത്തിരുന്നു. അപ്പോൾ മറ്റു നായകളെല്ലാം അതിന്റെ ചുറ്റുമിരുന്നു. അങ്ങനെ അവയെല്ലാം മുറാക്വബയിൽ മുഴുകി.''

ഞാൻ ചോദിക്കട്ടെ, ശെയ്ഖ് ജിനൈദിന്റെ ദൃഷ്ടി പതിഞ്ഞു എന്ന ഏക കാരണത്താൽ ഈ നായ കറാമത്തിലും വിലായത്തിലും പൂർണതയിലുമെത്തിയെങ്കിൽ അദ്ദേഹത്തിന്റെ ദൃഷ്ടി പതിഞ്ഞ മനുഷ്യരുടെ സ്ഥിതി എന്തായിരിക്കും? (ജുഹൂദു ഉലമാഇൽ ഹനഫിയ്യ ഫീ ഇബ്ത്വാലി അക്വാഇദിൽ ക്വുബൂരിയ്യ: ശെയ്ഖ് ശംസുദ്ദീൻ അസ്സലഫി അൽ അഫ്ഗാനി 2:797)

ഇങ്ങനെയൊക്കെയാണ് ദയൂബന്ദി നേതാക്കളുടെ വിശ്വാസം. ഇതിന് അല്ലാഹുവിന്റെ റസൂൽ കൊണ്ടു വന്ന ദീനുമായി വല്ല ബന്ധവുമുണ്ടോ?'വഹ്ഹാബി'കളാണ് എന്ന് പറയപ്പെടുന്ന ഇവർക്ക് ശെയഖ് മുഹമ്മദ് ബിൻ അബ്ദിൽ വഹാബ് നടത്തിയ പ്രബോധനം ഉൾക്കൊള്ളാൻ കഴിയുമോ? ഇവർ പറയുന്ന സ്വൂഫി, ക്വുബൂരി കഥകളും വാദങ്ങളും ശെയ്ഖ് മുഹമ്മദ് ബിൻ അബ്ദുൽ വഹ്ഹാബിന്റെ പ്രബോധന പ്രവർത്തനങ്ങളിലുണ്ടോ? ഇപ്പറഞ്ഞതിൽ നിന്നും ഇംദാദുല്ല മുഹാജിർ മക്കിയുടെ വിശ്വാസം എന്താണെന്ന് മനസ്സിലായല്ലോ. ഈ വിശ്വാസവും ശെയ്ഖുൽ ഇസ്ലാം മുഹമ്മദ് ബിൻ അബ്ദുൽ വഹ്ഹാബിന്റെ വിശ്വാസവും തമ്മിൽ എങ്ങനെയാണ് യോജിച്ചു പോവുക?

അല്ലാഹുവിനല്ലാതെ ആകാശ ഭൂമികളിലെ അദൃശ്യ കാര്യങ്ങൾ അറിയില്ലെന്ന് നിരവധി സ്ഥലങ്ങളിൽ ക്വുർആനിൽ വന്നിട്ടുണ്ട്. അല്ലാഹു അറിയിച്ചു കൊടുക്കുന്നതല്ലാതെ അദൃശ്യ

'' ഔലിയാക്കൾ അവരുടെ കശ്ഫിന്റെ അവസ്ഥയിൽ നാം കാണാത്ത പലതും ഉൾക്കാഴ്ചയിലൂടെ കാണുന്നുണ്ട്. അപ്രകാരം അമ്പിയാക്കളും ഉണർച്ചയിൽ അവരുടെ ഉൾക്കാഴ്ചയിലൂടെ ഗ്വയ്ബിയായ കാര്യങ്ങൾ കാണുന്നുണ്ട്. നബി(സ്വ)നെ സന്ദർശിക്കാനും ഉണർച്ചയിലായിക്കൊണ്ടു തന്നെ പ്രവാചകനെ കാണാനും സാധിക്കുമെന്ന് ദയൂബന്ദി പണ്ഡിതന്മാർ പറയുന്നു. ഇത് സാധൂകരിക്കുന്നതിനായി തങ്ങളുടെ നേതാക്കൾക്ക് അനുഭവപ്പെട്ട ചില കഥകളും അനുഭവങ്ങളും അവർ പറയുകയും ചെയ്യുന്നു.

ഇംദാദുല്ല മക്കി പറയുന്നു:

"كان الشيخ قلندر يتشرف بزيارة رسول الله صلى الله عليه وسلم كل يوم، إذ لطم ولداً كان من الأشراف، فانقطعت عنه هذه الزيارة، فراجع مشايخ المدينة، فأحالوه إلى امرأة من المجاذيب وكانت من أولياء الله، فلما دخلت هذه المرأة في المسجد النبوي وعرض عليها الشيخ قصته تحمست وأخذت بيده وقالت: شف هذا رسول الله صلى الله عليه وسلم فرأى الشيخ قلندر رسول الله صلى الله عليه وسلم في اليقظة رأى العين

ശെയ്ഖ് കലന്ദർ (ഇത് ഏതു കലന്ദർ ആണെന്ന് അല്ലാഹുവിനറിയാം! ഔലിയാക്കൾക്ക് ഇറാൻ, ഇന്ത്യ, പാകിസ്താൻ തുടങ്ങിയ നാടുകളിലെ ചില ആളുകൾ ഉപയോഗിച്ചു വരുന്ന പേരാണ് കലന്ദർ) എല്ലാ ദിവസവും റസൂൽ (സ്വ)നെ സന്ദർശിക്കാറുണ്ടായിരുന്നു. ഒരിക്കൽ ഒരു കുട്ടിയുടെ മുഖത്ത് അദ്ദേഹം അടിക്കാനിടയായി. അതോടെ അദ്ദേഹത്തിന്റെ സന്ദർശനവും നിലച്ചു. അദ്ദേഹം മദീനയിലെ പണ്ഡിതരോട് ഈ കാര്യം ഉണർത്തി. അവരിത് അല്ലാഹുവിന്റെ ഔലിയാക്കളിൽ പെട്ട (മജ്ദൂബിൽപ്പെട്ട) ഒരു സ്ത്രീയുടെ അടുക്കലേക്ക് കൈമാറി. ആ സ്ത്രീ മസ്ജിദുന്നബവിയിൽ പ്രവേശിച്ചപ്പോൾ ശെയ്ഖ് തന്റെ കഥ അവരുടെ മുമ്പിൽ അവതരിപ്പിച്ചു. അപ്പോൾ അവർ അദ്ദേഹത്തിന്റെ കൈക്ക് പിടിച്ചുകൊണ്ട് ഇപ്രകാരം പറഞ്ഞു: 'നീ നോക്ക്, ഇതാ റസൂലുല്ലാഹി(സ്വ), അങ്ങനെ കലന്ദർ റസൂലിനെ(സ്വ) ഉണർച്ചയിൽ തന്റെ കണ്ണുകൊണ്ട് തന്നെ കണ്ടു.''

മറ്റൊരു കഥ ഇപ്രകാരമാണ്.

'ഹകീമുൽ ഉമ്മ' അശ്റഫ് അലി ഥാനവി ഇംദാദുല്ലയിൽ നിന്നും ഉദ്ധരിക്കുന്നു:

كان الحضرة الجنيد البغدادي جالساً فمر كلب

**ദയൂബന്ദി നേതാക്കളുടെ വിശ്വാസത്തിന് അല്ലാഹുവിന്റെ റസൂൽ കൊണ്ടു വന്ന ദീനുമായി വല്ല ബന്ധവുമുണ്ടോ?"വഹാബി'കളാണ് എന്ന് പറയപ്പെടുന്ന ഇവർക്ക് ശെയഖ് മുഹമ്മദ് ബിൻ അബ്ദുൽ വഹാബ് നടത്തിയ പ്രബോധനം ഉൾക്കൊള്ളാൻ കഴിയുമോ? ഇവർ പറയുന്ന സ്വൂഫി, ക്വുബൂരി കഥകളും വാദങ്ങളും ശെയ്ഖ് മുഹമ്മദ് ബിൻ അബ്ദുൽ വഹാബിന്റെ പ്രബോധന പ്രവർത്തനങ്ങളിലുണ്ടോ? ഇവരുടെ വിശ്വാസവും ശെയ്ഖുൽ ഇസ്‌ലാം മുഹമ്മദ് ബിൻ അബ്ദുൽ വഹാബിന്റെ വിശ്വാസവും തമ്മിൽ എങ്ങനെയാണ് യോജിച്ചു പോവുക?.**

കാര്യങ്ങൾ ആർക്കും അറിയില്ലെന്ന് ക്വുർആൻ പറയുന്നു. നബി(സ്വ)ന് മുൻകൂട്ടി അറിയാൻ പറ്റാത്ത ഒരുപാട് സംഭവങ്ങൾ അദ്ദേഹത്തിന്റെ ജീവിതത്തിൽ സംഭവിച്ചതായി ക്വുർആനും ഹദീഥും വ്യക്തമാക്കുന്നുണ്ട്.

قُلْ لَا يَعْلَمُ مَنْ فِي السَّمَاوَاتِ وَالْأَرْضِ الْغَيْبَ إِلَّا اللَّهُ وَمَا يَشْعُرُونَ أَيَّانَ يُبْعَثُونَ

(നബിയേ) പറയുക: ആകാശങ്ങളിലും ഭൂമിയിലും ഉള്ളവരാരും അദൃശ്യകാര്യം അറിയുകയില്ല. അല്ലാഹു അല്ലാതെ. തങ്ങൾ എന്നാണ് ഉയിർത്തെഴുന്നേൽപ്പിക്കപ്പെടുക എന്നും അവർക്കറിയില്ല. (അന്നംല് 65)

വഹ്ദത്തുൽ വുജൂദിനെ സംബന്ധിച്ച് ചില കാര്യങ്ങൾ ഇവിടെ വിശദീകരിക്കേണ്ടതുണ്ട്.

ശെയ്ഖുൽ ഇസ്‌ലാം ഇബ്നു തയ്മിയ(റ) പറയുന്നു: ''എല്ലാറ്റിന്റെയും അസ്തിത്വം സ്രഷ്ടാവിന്റെ അസ്തിത്വം തന്നെയാണെന്ന പ്രസ്താവം നിരീശ്വരത്വത്തിന്റെ പാരമ്യതയിൽ എത്തിക്കുന്നതാകുന്നു. തീർച്ചയായും അത് അങ്ങേയറ്റത്തെ കുഴപ്പത്തിലാണ് കലാശിക്കുക. ഇന്ദ്രിയ ജ്ഞാനവും ബുദ്ധിയും ശറഈ പ്രമാണങ്ങളും ഇതംഗീകരിക്കുന്നുണ്ട്. അല്ലാഹുവിനെ അവന്റെ സ്വിഫത്തുകൾ കൊണ്ട് മാത്രം ഉൾക്കൊള്ളുകയും സൃഷ്ടികളുമായി അവനെ താരതമ്യപ്പെടുത്തുന്നത് തീർത്തും നിരാകരിക്കുകയുമല്ലാതെ ഇതിൽ നിന്നുമൊരു രക്ഷാമാർഗമില്ല. വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്നവരുടെ മാർഗമിതാണ്. (ദർഉ തആറുളിൽ അക്‌ലി വന്നക്‌ലി 1:283)

അദ്ദേഹം വീണ്ടും പറയുന്നു.

": أما " الاتحاد المطلق " الذي هو قول أهل وحدة الوجود ، الذين يزعمون أن وجود المخلوق هو عين وجود الخالق ، فهذا تعطيل للصانع وجحود له ، وهو جامع لكل شرك " .

''സൃഷ്ടികളുടെ അസ്തിത്വവും സ്രഷ്ടാവിന്റെ അസ്തിത്വവും ഒന്നു തന്നെയാണെന്നും രണ്ടും ഒരു ഉൺമയിൽ നിന്ന് അഥവാ ഒരു ധാതുവിൽ നിന്നുണ്ടായി എന്ന രീതിയിലുള്ള 'സമീകരണം' സ്രഷ്ടാവിനെ തള്ളിപ്പറയലും അവനെ നിഷേധിക്കലുമാണ്. അത് എല്ലാതരം ശിർക്കിനെയും ഒരുമിച്ചുചേർക്കുന്നതുമാകുന്നു.'' (മജ്മൂഉൽ ഫതാവ - 10:59)

അദ്ദേഹം തുടർന്ന് പറയുന്നു:

الذين يقولون: عين وجود الخالق هو عين وجود المخلوق. كما يقوله ابن عربي؛ وابن سبعين؛ والقونوي؛ والتلمساني؛ وابن الفارض؛ ونحوهم، وهذا القول مما يعلم بالاضطرار شرعا وعقلا أنه باطل "مجموع الفتاوى" (١٨/ ٢٢٢).

''സ്രഷ്ടാവിന്റെ ഉൺമ തന്നെയാണ്സൃഷ്ടികളുടെയും ഉൺമയെന്ന ഇബ്നു അറബി, ഇബ്നു സബ്ഈൻ, ക്വൂനവി, തൽമസാനി, ഇബ്നുൽ ഫാരിള് തുടങ്ങിയവരുടെ വാദം നിരർഥകമാണെന്നത് ശറഅ് കൊണ്ടും ബുദ്ധികൊണ്ടും സ്ഥിരപ്പെട്ടതാകുന്നു.'' (മജ്മൂഉൽ ഫതാവ 18:222)

വഹ്ദത്തുൽ വുജൂദ് വിശദീകരിച്ചുകൊണ്ട് ശെയ്ഖുൽ ഇസ്‌ലാം പറയുന്നു:

"حقيقة مذهبه [يعني ابن عربي] أنّ وجود الكائنات

على قومه بلسان الذمّ ، وأن أعيان المخلوقات هي نفس الخالق ، وأن موسى ما عَتَبَ على هارون لمَّا ذمَّ قومه على عبادة العجل إلا لضيق هارون حيثُ لم يعرف أنهم إنما عبدوا الله ! وأن السحَرَة عرفوا صدق قول فرعون : ( أَنَا رَبُّكُمُ الْأَعْلَى ) النازعات/ ٢٤ ، و ( مَا عَلِمْتُ لَكُمْ مِنْ إِلَٰهٍ غَيْرِي ) القصص/ ٣٨ .

ഇസ്റാഅ് അധ്യായത്തിലെ 23-ാമത്തെ സൂക്തം ''തന്നെയല്ലാതെ നിങ്ങൾ ആരാധിക്കരുതെന്നും, മാതാപിതാക്കൾക്ക് നന്മ ചെയ്യണമെന്നും നിന്റെ രക്ഷിതാവ് വിധിച്ചിരിക്കുന്നു '' എന്നാണ്. ഒരു കാര്യം അല്ലാഹു വിധിക്കുകയും തീരുമാനിക്കുകയും ചെയ്താൽ അത് സംഭവിച്ചതു തന്നെ. അങ്ങനെ വരുമ്പോൾ ആര് ആരാധിക്കപ്പെട്ടാലും ആ ആരാധനയെല്ലാം ആത്യന്തികമായി അല്ലാഹുവിലേക്കാണ് എത്തിച്ചേരുന്നത്. ദിവ്യവെളിപാടിന്റെ ചില ഇടങ്ങളെ മാത്രം ആരാധിച്ചതാണ് വിഗ്രഹാരാധകർക്കു പറ്റിയ വീഴ്ച. എന്നാൽ അവർ എല്ലാ വസ്തുക്കളെയും ആരാധിച്ചിരുന്നെങ്കിൽ അവർ പൂർണ ജ്ഞാനികളാകുമായിരുന്നു. ഏതൊരു പൂർണജ്ഞാനിയും അവന്റെ ആരാധ്യവസ്തുവിനെക്കുറിച്ച് സമഗ്ര വിവരമുള്ളവനായിരിക്കും. അത് ഏതു രൂപത്തിൽ പ്രകടമായാലും ആരാധിക്കപ്പെട്ടിരിക്കും. തീർച്ചയായും നൂഹ്(അ) തന്റെ ജനതയോട് ചെയ്തത് ആക്ഷേപ ഭാഷയിൽ അവരെ പുകഴ്ത്തി എന്നതാണ്. സൃഷ്ടികളുടെയും സ്രഷ്ടാവിന്റെയും വപുസ്സ്ഒന്നു തന്നെയാണ്. മൂസായുടെ ജനത പശുക്കുട്ടിയെ ആരാധിച്ചപ്പോൾ യഥാർഥത്തിൽ പ്രസ്തുത ആരാധന അല്ലാഹുവിനു തന്നെയായിരുന്നു എന്ന കാര്യം ഹാറൂനിനു മനസ്സിലായിരുന്നില്ല. അതുകൊണ്ടാണ് അദ്ദേഹം അവരെ അധിക്ഷേപിച്ചത്. ഇതിന്റെ പേരിൽ മൂസാ(അ) അദ്ദേഹത്തെയും അധിക്ഷേപിച്ചു. അവർ പശുക്കുട്ടിയെ ആരാധിച്ചതിലൂടെ അല്ലാഹുവിനെയാണ് ആരാധിച്ചതെന്ന കാര്യം മനസ്സിലാക്കുന്നതിൽ ഹാറൂനിന്റെ കുടുസ്സായ അവസ്ഥ പരാജയപ്പെട്ടു. ഞാനാണ് നിങ്ങളുടെ സമുന്നതനായ റബ്ബ് എന്നും ഞാനല്ലാതെ ഒരു ആരാധ്യൻ നിങ്ങൾക്കുള്ളതായി ഞാൻ അറിഞ്ഞിട്ടില്ല എന്നും പറഞ്ഞ ഫറോവയുടെ വാക്കിലെ സത്യം മാരണ വിദ്യക്കാർ ശരിക്കും മനസ്സിലാക്കിയിട്ടുണ്ടായിരുന്നു.

إلى أنواع من هذه المقالات التي لا يعتقدها المسلمون ولا اليهود ولا النصارى ولا الصابئون ولا المشركون ، وإنما هي قول المُعطِّلة الذين ينكرون

-حتى وجود الكلاب والخنازير، والأنتان والعَذِرات والكفار والشياطين- هي عين وجود الحق، وأنَّ أعيان الكائنات ثابتة في القِدم، لم يخلقها الله ولم يُبدعها، بل ظهر وجوده فيها ، ولا يمكن أن يظهر وجوده إلا فيها ، فهي غذاؤه بالأحكام ، وهو غذاؤها بالوجود، وهو يعبدها وهي تعبده . وأن عين الخالق هو عين المخلوق ، وعين الحق المُنزَّه هو عين الخلق المُشبَّه، وأن الناكح هو المنكوح ، والشاتم هو المشتوم، وأن عُبَّاد الأصنام ما عبدوا إلا الله، ولا يمكن أن يُعبد إلا الله.

''എല്ലാ ചരാചരങ്ങളുടെയും, അവ നായയോ, പന്നിയോ, വിസർജ്യമോ, അവിശ്വാസികളോ, പിശാചുക്കളോ, ആയാൽ പോലും അവയുടെ അസ്തിത്വം എന്താണോ അതു തന്നെയാണ് സ്രഷ്ടാവിന്റെയും അസ്തിത്വം എന്നതാണ് ഇബ്നു അറബിയുടെ അഭിപ്രായം. അവയുടെ ഉടലുകൾ അനാദിയിൽത്തന്നെ നിലവിലുണ്ടായിരുന്നു. അവയെ അല്ലാഹുവായിരുന്നില്ല സൃഷ്ടിച്ചതും മുൻമാതൃകയില്ലാതെ ഉണ്ടാക്കിയതും. മറിച്ച് അവന്റെ അസ്തിത്വം അവയിൽ പ്രത്യക്ഷപ്പെടുകയാണുണ്ടായത്. അവയിലല്ലാതെ അവന്റെ അ്സതിത്വത്തിന് പ്രത്യക്ഷപ്പെടാൻ സാധിക്കുകയില്ല. നിയമപരമായി അവ അവന്റെ ഭോജനമാണ്. അസ്തിത്വത്തിൽ അവൻ അവയുടെയും ഭോജനം. അവൻ അവയെയും അവ അവനെയും ആരാധിക്കുന്നു. സ്രഷ്ടാവിന്റെ ഉടലു തന്നെയാണ് സൃഷ്ടികളുടേതും. ഉപമക്ക് വഴങ്ങാത്ത വിശുദ്ധനും സാക്ഷാൽ സത്യവാനുമായ സ്രഷ്ടാവിന്റെ അതേ ഉടൽ തന്നെയാണ് ഉപമേയമാകാൻ വഴങ്ങുന്ന സൃഷ്ടികളുടെതും. അതായത് വിവാഹം ചെയ്യുന്നവൻ തന്നെയാണ് വിവാഹിതയും. അസഭ്യാഭിഷേകനും അസഭ്യാഭിഷ്കതനും ഒന്നുതന്നെ. വിഗ്രഹാരാധകരെല്ലാം ആത്യന്തികമായി അല്ലാഹുവിനെയാണ് ആരാധിക്കുന്നത്. എങ്ങനെ വന്നാലും അവനല്ലതെ ആരാധ്യനാവുക സാധ്യമല്ല.''

وأن قوله : ( وَقَضَى رَبُّكَ أَلَّا تَعْبُدُوا إِلَّا إِيَّاهُ ) الإسراء/ ٢٣ ، أي : حَكَم وقدَّر ، وما حكم الله بشيءٍ إلا وقع ، فما عُبِد غير الله في كلّ معبود . وأن عُبَّاد الأصنام وقع تقصيرهم من حيث عبدوا بعض المجالي الإلهية، ولو عبدوا كلّ شيءٍ لكانوا عارفين كاملين ، وأن العارف الكامل يعلم ما عَبَد وفي أيِّ صورة ظهر حتى عُبِد ، وأن نوحًا عليه السلام أثنى

وجود الصانع ، وينكرون أن الله رب العالمين، وأنه خالق الخلق ، وهو حقيقة قول فرعون والقرامطة الباطنية الجاحدين لربّ العالمين " .انتهى من " جامع المسائل " المجموعة السابعة (١/ ٢٤٧-٢٤٨).

ഇത്തരത്തിലുള്ള പ്രസ്താവനകൾ മുസ്‌ലിങ്ങളോ, യഹൂദികളോ, ക്രിസ്ത്യാനികളോ, മുശ്‌രിക്കുകളോ, സ്വാബിഉകളോ വിശ്വസിക്കുകയില്ല. ഇത്തരം വാക്കുകൾ അല്ലാഹുവിന്റെ അസ്തിത്വത്തെ നിഷേധിക്കുകയും, അവൻ തന്റെ ഗുണവിശേഷങ്ങളിൽ മുക്തനാണെന്ന് വാദിക്കുകയും ചെയ്യുന്ന 'മുഅ്തസിലിയ്യ' വിഭാഗത്തിന്റേതാണ്. അല്ലാഹു സർവലോക രക്ഷിതാവും, അവനാണ് സ്രഷ്ടാവുമെന്നത് നിഷേധിക്കുന്ന നിരീശ്വരവാദികളുടെയും വാദമാണിത്. ലോക രക്ഷിതാവായ അല്ലാഹുവിനെ നിഷേധിക്കുന്ന ഫിർഔനിന്റെയും, ശീഇകളിൽ പെട്ട ബാത്വിനി, ക്വറാമിത്വുകളുടെയും സംസാരമാകുന്നു ഇത്. (ജാമിഉൽ മസാഇൽ : 1/247248)

## ശെയ്ഖ് മുഹമ്മദ് ക്വാസിം നാനൂതവി (1832-1880)

ഹിജ്റ 1248 ൽ നാനൂതയിലാണ് ശെയ്ഖ് മുഹമ്മദ് ക്വാസിം ജനിച്ചത്. വളരെ ചെറുപ്രായത്തിൽ തന്നെ സഹാറൻപൂരിലേക്ക് യാത്ര തിരിച്ചു. മുഹമ്മദ് നവാസ് സഹാറൻപൂരിയുടെ ശിഷ്യത്വം സ്വീകരിച്ച് അവിടെ കുറേക്കാലം താമസിച്ചു. ശേഷം ഡൽഹിയിലെത്തി. മംലൂക് അലി താനവിയിൽ നിന്നും ചില ഗ്രന്ഥങ്ങൾ പഠിച്ചു. അബ്ദുൽ ഗനി ബിൻ അബി സഈദ് ദഹ്‌ലവിയിൽ നിന്നും ഹദീഥുകൾ പഠിച്ച ശേഷം ഹാജി ഇംദാദുല്ലായുടെ ത്വരീക്വത്തിൽ പ്രവേശിച്ചു. 1857 ൽ ബ്രിട്ടീഷുകാർക്കെതിരായി സമരം നയിച്ചതോടെ ഇംദാദുല്ല പ്രശസ്തനായി. അദ്ദേഹം മുസ്‌ലിം പക്ഷത്തിന്റെ നേതാവായി. ശേഷം റശീദ് അഹ്മദ് ഗൻഗോഹിയുടെ പിന്തുണയോടെ ദാറുൽ ഉലൂം ദയൂബന്ദ് സ്ഥാപിച്ചു. സയ്യിദ് മുഹമ്മദ് ആബിദും സഹായിയായി കൂടെയുണ്ടായിരുന്നു.

അദ്ദേഹം ഉദ്ധരിക്കുന്ന ഒരു വിചിത്ര കഥയുണ്ട്. കാജാ അഹ്മദ് ജാമിഹ് പ്രാർഥനക്കുത്തരം കിട്ടുന്ന കാര്യത്തിൽ വളരെ പ്രശസ്തനായിരുന്നു. കണ്ണു കാണാത്ത ഒരു കുട്ടിയുമായി ഒരു സ്ത്രീ അദ്ദേഹത്തിന്റെ അടുക്കൽ വന്നു പറഞ്ഞു: ഈ കുട്ടിയുടെ മുഖത്ത് അങ്ങ് തടവിയാലും ,അവന്റെ കാഴ്ച തിരിച്ചു കിട്ടട്ടെ. അവർ മൂന്നോ നാലോ പ്രാവശ്യം ഇതാവർത്തിച്ചു. അപ്പോൾ ആ വലിയ്യ് അവരോട് പറഞ്ഞു: ഞാൻ അതിനു യോഗ്യനല്ല. ആ സ്ത്രീ അദ്ദേഹത്തെ വീണ്ടും വീണ്ടും നിർബന്ധിച്ചുകൊണ്ടിരുന്നപ്പോൾ ഈ പ്രവൃത്തി ഈസ(അ) ന്റേതാണെന്നും ഞാൻ അതിനു യോഗ്യനല്ല എന്നും പറഞ്ഞുകൊണ്ട് അദ്ദേഹം ഇരിപ്പിടത്തിൽ നിന്ന് എഴുന്നേറ്റു. അപ്പോൾ അദ്ദേഹത്തിനു അല്ലാഹുവിൽ നിന്നും ഇൽഹാം വന്നു. അല്ലാഹു പറഞ്ഞു: നീ ആരാണ്? ഈസാ ആരാണ്? മൂസ ആരാണ്? തിരിച്ചു പോയി ആ കുട്ടിയുടെ മുഖത്ത് തടവുക. അല്ലാഹു ഫാരിസി ഭാഷയിൽ 'മാ മീകനം' എന്ന് കൂടി പറഞ്ഞു: അല്ലാഹുവിന്റെ ഈ വാക്ക് കേട്ടപ്പോൾ മാ മീകനം എന്ന് ഉരുവിട്ടുകൊണ്ട് ആ വലിയ്യ് മടങ്ങിവന്ന് കുട്ടിയുടെ മുഖത്ത് തടവി. ആ കുട്ടിക്ക് കാഴ്ച തിരിച്ചു കിട്ടി.''

ഈ കഥയ്ക്ക് വിശദീകരണമായി അദ്ദേഹം എഴുതി: 'മാ മീകനം' എന്ന വാക്ക് ആ വലിയ്യിന്റേതാണെന്ന് വിവരമില്ലാത്ത ജനം വാദിക്കുന്നു. അത് അങ്ങനെയല്ല.അത് അല്ലാഹുവിൽ നിന്നുള്ള യഥാർഥമായ വാക്കാകുന്നു. ഇൽഹാമിന്റെ മാധുര്യത്താൽ ആ വലിയ്യ് അത് ഉരുവിട്ടുകൊണ്ടേയിരുന്നു. കവിതകളുടെ മാധുര്യത്താൽ പലരും വരികൾ ഉരുവിടുന്നതു പോലെ. (അദ്ദയൂബന്ദിയ്യ: അബൂ ഉസാമ സയ്യിദ് ത്വാലിബു റഹ്മാൻ, പേജ് 116-117)

അബൂ ഉസാമ പറയുന്നു: ഇത്തരം സ്വൂഫീ ഭാവനകളിൽനിന്ന് അല്ലാഹുവിൽ ശരണം! ഈ ഇൽഹാമിനെ കുറിച്ചും അല്ലാഹു'മാമീകനം' എന്ന് പേർഷ്യൻ ഭാഷയിൽ വലിയ്യിനോട് പറഞ്ഞതിനെപ്പറ്റിയും ഒന്നു ചിന്തിക്കുക! അല്ലാഹു നേർക്കുനേർ പറഞ്ഞ വാക്കാണിതുപോൽ. ഒരു വിരോധാഭാസവും കൂടി ഇവിടെ ശ്രദ്ധിക്കുക. ക്വുർആൻ സൃഷ്ടിയാണെന്നും അല്ലാഹുവിന്റെ യഥാർഥ സംസാരമല്ല അത് എന്നും പറയുന്നവരാണ് മാതുരീദികൾ. അല്ലാഹുവിന്റെ വാക്കിനു അക്ഷരങ്ങളും ശബ്ദവുമില്ലെന്ന വിശ്വാസമാണിങ്ങനെ അവരെക്കൊണ്ട് പറയിക്കുന്നത്. അല്ലാഹുവിന്റെ സംസാരം അവന്റെ സൃഷ്ടികളിൽ പെട്ട ആരും തന്നെ കേട്ടിട്ടില്ല. മുഹമ്മദ്(സ്വ) യും മൂസായും(അ) ജിബ്‌രീലും നേരിട്ടു അല്ലാഹുവിൽനിന്ന് കേട്ടിട്ടില്ല. എന്നാൽ ഈ വലിയ്യ് പേർഷ്യൻ ഭാഷയിലുള്ള 'മാ മീകനം' എന്ന വാചകം അല്ലാഹുവിൽ നിന്നും നേരിട്ടു കേട്ടുവത്രെ. കവിതാ ശകലങ്ങൾ ഉരുവിടുന്നതുപോലെ ആ വലിയ്യ് അത് ഉരുവിട്ടുകൊണ്ടിരിക്കുകയും ചെയ്യുന്നു. (അൽ മാതുരീദിയ്യ വമൗക്വിഫുഹും മിൻ തൗഹീദിൽ അസ്മാഇ വസ്സ്വിഫാതി: 3311) ●

പരിചയം

## മുഹദ്ദിഥുകൾ-8

# ഇമാം നസാഈ

**ഹിജ്‌റ നാലാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ഇമാം നസാഇയെക്കാൾ ഹദീഥ് മന:പാഠമുള്ളവർ ആരുമുണ്ടായിരുന്നില്ല. അദ്ദേഹം ഹദീഥുകളെ കുറിച്ചും അവയുടെ നിവേദകരെ സംബന്ധിച്ചും സൂക്ഷ്മമായി അറിയുന്നവനായിരുന്നു. ഈ രംഗത്ത് മുസ്‌ലിം, അബൂദാവൂദ്, അബൂ ഈസ തിർമിദി എന്നിവരെക്കാൾ ജ്ഞാനിയായിരുന്നു. അദ്ദേഹം ബുഖാരിയുടെയും അബുസ്സർഅ:യുടെയും നിലവാരത്തിലെത്തിയിരുന്നു.**

**എം ഐ മുഹമ്മദലി സുല്ലമി**

അബൂ അബ്ദിറഹ്മാൻ അഹ്മദ് ബിൻ ശുഐബ് ഇന്നത്തെ തുർക്കമനിസ്താനിലെ (പഴയ ഖുറാസാൻ) നസാ എന്ന ഗ്രാമത്തിൽ ഹിജ്‌റ 215 (ക്രിസ്ത്വബ്ദം 915) ൽ ജനിച്ചു. ആ ഗ്രാമത്തിലേക്ക് ചേർത്തിക്കൊണ്ടാണ് അദ്ദേഹം നസാഈ എന്ന പേരിൽ അറിയപ്പെടുന്നത്

ഹദീഥ് വിജ്ഞാനം കരസ്ഥമാക്കാൻ വേണ്ടി അദ്ദേഹം ഖുറാസാൻ, ഹിജാസ്, ഇറാക്ക്, സിറിയ, അറേബ്യൻ ഉപദ്വീപിലെ വിവിധ പ്രദേശങ്ങൾ തുടങ്ങിയവ ചുറ്റിസഞ്ചരിച്ചു. അവിടങ്ങളിലെ ഒട്ടേറെ പണ്ഡിതരിൽ നിന്ന് ഹദീഥ് പഠിക്കുകയും പലരുടെയും ശിഷ്യത്വം സ്വീകരിക്കുകയും ചെയ്തു.

ഇമാം നസാഇയുടെ പ്രമുഖ ഗുരു വര്യർഇവരാണ്

1) ക്വുതൈബ ബിൻ സഅ്ദ് (മരണം:240) ഇമാം നസാഇ പതിനഞ്ചു വയസ്സായ ശേഷം ഒരു വർഷവും രണ്ടു മാസവും അദ്ദേഹത്തിന്റെ കൂടെ താമസിച്ച് ഹദീഥും ഹദീഥ് വിജ്ഞാനങ്ങളും പഠിച്ചു

2 ) ഇമാം ബുഖാരി (മരണം ഹി:256)

3) ഇമാം മുസ്‌ലിം മരണം: ഹി: 261

4) ഇമാം തിർമിദി (മരണം: ഹി:279 )

5) അബൂദാവൂദ് ( മരണം:ഹി: 275)

6) അബൂ കുറൈബ് മരണം: 267)

7) സുവൈദ് ബിൻ നസ്‌റ് ( മരണം ഹി: 240)


8) മുഹമ്മദ് ബിൻ നസ്‌റ് മർവസി : മരണം: 294)

9) ഇസ്ഹാക് ബിൻ റാഹവൈഹി : മരണം: 238)

10) അബ്ദുല്ലാഹി ബിൻ ഇമാം അഹ്മദ് (മരണം ഹി: 241)

### ശിഷ്യന്മാർ

ഇമാം നസാഇ യിൽ നിന്ന് വിജ്ഞാനം സ്വീകരിച്ച ശിഷ്യർ ധാരാളമുണ്ട്. അവരിൽ മിക്കവരും തങ്ങളുടെ പ്രദേശങ്ങളിലെ പ്രമുഖ പണ്ഡിതരായിത്തീർന്നു. എന്നാൽ ചിലർ അക്വീദ, ഹദീഥ്, കർമ ശാസ്ത്രം, ചരിത്രം തുടങ്ങിയ




വിവിധ മേഖലകളിൽ ലോക പ്രശസ്തരായി. താഴെ പറയുന്നവർ അവരിൽ ചിലരാണ്.

പ്രമുഖ ഹദീഥ് പണ്ഡിതനായ ത്വബ്റാനി

أبو القاسم الطبراني

(മരണം:360)

അബൂജഅ്ഫർ ത്വഹാവി

أبوجعفر الطحاوي

മരണം: 321)

മുഹമ്മദ് ബിൻ സാലിഹ്ബ്നു സിനാൻ (മരണം ഹി: 349)

അബൂഅലിഅൽ ഹുബയ്ൻ

മരണം: 349)

മുഹമ്മദ്ബിൻ മുആവിയ (മരണം: ഹി: 358 )

**ഇമാം നസാഇയുടെ മരണം**

ഇമാം ദഹബി തന്റെ പ്രസിദ്ധ ചരിത്ര ഗ്രന്ഥമായ സിയറു അഅ്ലാമിനുബ്ലായിൽ എഴുതുന്നു:

أن النسائي خرج من مصر إلى دمشق والمنحرف بها عن علي كثير، فصنف كتاب تهذيب خصائص الإمام علي رجاء أن يهديهم الله عز وجل، فسئل عن فضائل معاوية فقال: أي شيء أخرّج؟! ما أعرف له من فضيلة إلّا حديث: اللهم لا تشبع بطنه! فضربوه في الجامع الأموي على خصيتيه وداسوه حتى أخرج من الجامع الأموي، ثمّ حمل إلى الرملة فمات شهيدًا،

ഇമാം നസാഇ ഈജിപ്തിൽ നിന്ന് സിറിയയിലേക്ക് പോയി. അവിടെ അലി (റ) യെ വെറുക്കുന്നവർ ധാരാളം ഉണ്ടായിരുന്നു. അലിയെ കുറിച്ചുള്ള അവരുടെ തെറ്റുധാരണകൾ നീക്കം ചെയ്യണമെന്ന സദുദ്ദേശ്യത്തോടെ അദ്ദേഹം അലി (റ) യുടെ സവിശേഷതകൾ വിവരിക്കുന്ന

كتاب خصائص أمير المؤمنين علي بن أبي طالب

എന്ന കൃതി രചിച്ചു.

ഇത് രസിക്കാത്ത ചിലർ ദമസ്കസിലെ പ്രസിദ്ധമായ ഉമവി മസ്ജിദിൽ വെച്ച് അദ്ദേഹത്തോട് മുആവിയ (റ ) ന്റെ ശ്രേഷ്ഠതകൾ വിവരിക്കാൻ ആവശ്യപ്പെട്ടു. മുആവിയെ കുറിച്ച്

اللهم لا تشبع بطنه

(അല്ലാഹുവെ അവന്റെ വയർ നിറക്കരുത്) എന്ന ഹദീഥല്ലാതെ എനിക്ക് അറിയില്ല എന്ന് അദ്ദേഹം മറുപടി പറഞ്ഞു.

അപ്പോൾ ആ യുവാക്കൾ അദ്ദേഹത്തെ അടിച്ചു തള്ളിയിട്ടു. പിന്നീട് അവർ ചവിട്ടുവാൻ തുടങ്ങി. അദ്ദേഹത്തിന്റെ വൃഷ്ണങ്ങളിലടക്കം ഗുരുതരമായ പരിക്കുപറ്റി. തുടർന്ന് അവർ അദ്ദേഹത്തെ പള്ളിയുടെ പുറത്തേക്കിട്ടു.

في عصره والمقدم على اضرابه وفضلاء دهره رحل الى الآفاق واشتغل بسماع الحديث والاجتماع بالأئمة الحذاق ( البداية والنهاية)..

അഹ്മദ് ബിൻ അലി ശുഐബ് നസാഇ ആകാലത്തെ ഇമാമും അന്നത്തെ പണ്ഡിതരിൽ മുൻകിടക്കാരനുമായിരുന്നു. വിവിധ ദേശങ്ങളിൽ ചുറ്റി സഞ്ചരിച്ച അദ്ദേഹം ഹദീഥ് പഠനത്തിൽ വ്യാപൃതനായി. പ്രഗൽഭ ഹദീപണ്ഡിതന്മാരുമായി അദ്ദേഹം ബന്ധപ്പെടാണ്ടായിരുന്നു. (ഇബ്നു കഥീർ:അൽ ബിദായ വന്നിഹായ:)

ഹാഫിള് നൈസാബൂരി പറയുന്നു:

أبو عبد الرحمن النسائ الامام في الحديث بلا مدافعة

സംശയ ലേശമെന്യെ അ ബൂ അബ്ദുറഹ്മാൻ നസാഇ ഹദിഥ് രംഗത്തെ ഇമാം തന്നെയാണ്.

ദാറകുത്നി പറയുന്നു:

أبو عبد الرحمن مقدم على كل من يذكر بهذا العلم من أهل عصره

ഹദീഥ് വിജ്ഞാനത്തിൽ അബൂ അബ്ദുറഹ്മാൻ നസാഇ തന്റെ കാലത്തെ പണ്ഡിതരുടെ മുൻപന്തിയിലായിരുന്നു

ഇമാം ദഹബി പറയുന്നു:

لم يكن أحد في رأس الثلاث منه (بداية القرن الرابع الهجري ) أحفظ من النسائي وهو أحذق بالحديث وعلله ورجاله من مسلم ومن أبي داوود ومن أبي عيسى الترمذي وهو جار في مضمار البخاري وأبي زرعة

ഹിജ്റ നാലാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ഇമാം നസാഇയെക്കാൾ ഹദീഥ് മന:പാഠമുള്ളവർ ആരുമുണ്ടായിരുന്നില്ല. അദ്ദേഹം ഹദീഥുകളെ കുറിച്ചും അവയുടെ നിവേദകരെ സംബന്ധിച്ചും സൂക്ഷ്മമായി അറിയുന്നവനായിരുന്നു. ഈ രംഗത്ത് മുസ്ലിം, അബൂദാവൂദ്, അബൂ ഈസ തിർമിദി എന്നിവരെക്കാൾ ജ്ഞാനിയായിരുന്നു.

അദ്ദേഹം ബുഖാരിയുടെയും അബുസർ അ:യുടെയും നിലവാരത്തിലെത്തിയിരുന്നു.

كلام النسائي على فقه الحديث كثير ومن نظر في سننه تحير في حسن كلامه

ഇമാം ഹാകിം പറയുന്നു: ഫിക്ഹുൽ ഹദീഥിനെ കുറിച്ച് നസാഇ ധാരാളം സംസാരിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ സുനനിൽ കണ്ണോടിക്കുന്നവൻ ആ വാക്കുകളുടെ സൗന്ദര്യത്തിൽ അതിശയിക്കുക തന്നെ ചെയ്യും. ●

ഗുരുതരാവസ്ഥയിലുള്ള അദ്ദേഹത്തെ ചിലർ ഫിലസ്ഥീനിലെ റംലയിലുള്ള അദ്ദേഹത്തിന്റെ വീട്ടിലെത്തിച്ചു. അങ്ങിനെ ഹിജ്റ 303 സ്വഫർ മാസം 14 ന് ശനിയാഴ്ച അദ്ദേഹം ഇഹലോക വാസം വെടിഞ്ഞു.

ഈ സംഭവം പ്രസിദ്ധ ചരിത്രകാരന്മാരായ ഇബ്നു ഖല്ലിക്കാനും തക്യുദ്ദീൻ അൽ-മുഖ്റീസിയും തങ്ങളുടെ ചരിത്ര ഗ്രന്ഥങ്ങളിൽ ഉദ്ധരിച്ചിട്ടുണ്ട്.

## കൃതികൾ

1 -സുനനുൽ കുബ്റാ:അതിൽ 12000 ത്തോളം ഹദീഥുകളുണ്ട്.

2- സുനനു സുഗ്റാ നസാഇയുടെ പ്രസിദ്ധ ഹദീഥ് ഗ്രന്ഥമായി അംഗീകരിക്കപ്പെടുന്നു. ഇതിൽ 5761 ഹദീഥുകളുണ്ട്.

خصائص أمير المؤمنين علي بن أبي طالب

3- അലി (റ) ന്റെ സവിശേഷതകൾ

فضائل الصحابة

4- സഹാബികളുടെ ശ്രേഷ്ഠതകൾ

الضعفاء والمتروكين

5-ദുർബലരും വ്യാജന്മാരും

6-സ്ത്രീ സഹവാസം

തുടങ്ങിയ കൃതികൾ ഇമാം നസാഇ രചിച്ചിട്ടുണ്ട്.

## സുനൻ നസാഇ

നസാഇയുടെ സുനനിന് ധാരാളം പേർ ശർഹുകളായും, ഹാശിയകളായും പൂർണമായും ഭാഗികമായുമുള്ള വിശദീകരണങ്ങൾ എഴുതിയിട്ടുണ്ട്.

ഹിജ്റ 507 ൽ മരിച്ച മുഹമ്മദ് ബിൻ അഹമ്മദ് അബൂ മുളഫർ അൽ - അബ്യൂരി രചിച്ച അൽ മുജ്തബ മിനൽ മുജ്തബ അവയിൽ ഒന്നാണ്. ഇമാം സുയൂത്വി (മരണം:ഹി:911) ബിൻ റുശൈദ്, (മരണം: ഹി:563, മുഹമ്മദ് ബിൻ നുഅ്മ (മരണം: ഹി: 567) യഹ് യ ബിൻ ഇസ്മായിൽ യമാനി (മരണം: ഹി: 1268) മുഹമ്മദ് ബിൻ അബ്ദുല്ല ഥാനവി (മരണം: ഹി:1276) നൂറുദ്ദീൻ മുഹമ്മദ് സിൻ ദീ (മരണം: ഹി:1238) തുടങ്ങിയവർ നസാഇക്ക് ശറഹ് എഴുതിയവരിൽ പെടുന്നു.

ഇമാം നസാഇയെക്കുറിച്ച് ഇബ്നു കഥീർ പറയുന്നു:

أحمد بن علي شعيب النسائي صاحب السنن الأمام

ലേഖനം

നവനാസ്തികയെന്ന യുക്തിരാഹിത്യം-5

# മതത്തിന്റേതാണ് യുക്തി!

**ആധ്യാത്മികലോകത്തെക്കുറിച്ചുള്ള അറിവുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് മതം മനുഷ്യരോട് സംസാരിക്കുന്നത്. കേവലയുക്തിക്ക് മാത്രമായി നിഗമനങ്ങളിലെത്താൻ കഴിയാത്ത ലോകമാണത്. അതിനെക്കുറിച്ചറിയാവുന്നവനിൽ നിന്നുള്ള അറിവിനെ മാത്രമാണ് ആ ലോകത്തെക്കുറിച്ചുള്ള അറിവിന് ആശ്രയിക്കേണ്ടത് എന്ന് മതം പറയുമ്പോൾ അതാണ് അതിന്റെ യുക്തി. വെളിപാടുകൾ നൽകുന്ന അറിവുകളെല്ലാം കേവല യുക്തിക്ക് ദഹിക്കണമെന്ന വാദം യുക്തിരഹിതമാണെന്ന് പറയുന്നത് അത് രണ്ടും രണ്ട് മേഖലകളെക്കുറിച്ചായതുകൊണ്ടാണ്. യുക്തിബോധത്തിന് വിഹരിക്കാൻ കഴിയുന്നിടത്തെല്ലാം അതിനെ വിഹരിക്കാൻ അനുവദിക്കുകയും അതിന് കഴിയാത്തിടത്ത് ആധ്യാത്മികജ്ഞാനത്തിന്റെ സ്രോതസ്സായ വെളിപാടുകളെ മാത്രം ആശ്രയിക്കുകയും ചെയ്യുകയെന്നതാണ് മതത്തിന്റെ യുക്തി.**

**എം.എം. അക്ബർ**

ദൈവത്തെക്കുറിച്ച തെറ്റായ സങ്കൽപ്പങ്ങളും മതത്തിലെ ഏതെങ്കിലും തത്ത്വങ്ങളുടെ പൊരുൾ മനസിലാകാത്തതുമൊന്നും ദൈവനിഷേധത്തിനുള്ള യുക്തിപരമായ കാരണമാവുകയില്ലെങ്കിലും യുക്തിവാദികളെന്ന് പറയുന്ന ഒരു വിധം എല്ലാവരുടെയും നിരീശ്വരത്വത്തിലേക്കുള്ള വഴി അവയാവുകയാണെന്നതാണ് വസ്തുത. ശ്രീനാരായണഗുരുവിന്റെ മരണരംഗം നേരിട്ട് കണ്ടതു കൊണ്ടാണ് കുറ്റിപ്പുഴ കൃഷ്ണപ്പിള്ള നിരീശ്വരവാദിയായത് എന്ന ചരിത്രം വായിക്കുമ്പോൾ യുക്തിവാദി നേതാവായിത്തീർന്നയാൾ പോലും യുക്തിപരമായ അപഗ്രഥനം വഴിയല്ല ആ പാത തെരഞ്ഞെടുത്തത് എന്ന വസ്തുതയാണ് മനസ്സിലാവുന്നത്. നന്മയുടെ വ്യക്തിത്വമെന്ന് താൻ കരുതിയിരുന്ന ഗുരു പോലും മരണവേളയിൽ വേദനിച്ചു നിലവിളിക്കുന്നുവെങ്കിൽ, നല്ല മനുഷ്യരെപ്പോലും വേദനയില്ലാതെ മരിപ്പിക്കാനാകാത്ത ദൈവത്തെ എന്തിന് ആരാധിക്കണമെന്ന കൃഷ്ണപിള്ളയുടെ ചിന്തയിലെ ആ സന്ദർഭത്തിലുള്ള വൈകാരികത ആർക്കും മനസ്സിലാകും. പക്ഷെ, ആ വൈകാരികത ദൈവമില്ലെന്ന തീർപ്പിലെത്തുന്നതിന് ഒരാളെ പ്രേരിപ്പിക്കുന്നുവെങ്കിൽ, അത് യുക്തിപരമായി ന്യായീകരിക്കാനാവില്ല.

ഗുരുവിന്റെ മരണവേദനയുടെ കർതൃത്വം ദൈവത്തിൽ ആരോപിച്ച് കൊണ്ടാരംഭിക്കുന്ന ദൈവവിദ്വേഷമെന്ന വൈകാരികതീർപ്പ് ഏതൊരു ദൈവത്തിലാണോ താൻ തിന്മ ആരോപിച്ച് ഒരു തീർപ്പിലെത്തിയത് ആ ദൈവത്തെ തന്നെ നിഷേധിക്കുന്ന പരിണാമഗുപ്തിയുടെ യുക്തിയെന്താണ്? താൻ കാണുന്നത് ആത്യന്തികമായ ഒരു തിന്മയാണ്; ആ തിന്മക്ക് കാരണം ദൈവമാണ്; അതിനാൽ ദൈവം തിന്മ നിറഞ്ഞവനാണ്; തിന്മ നിറഞ്ഞ ദൈവം കൊള്ളരുതാത്തവനാണ്; കൊള്ളരുതാത്ത ദൈവത്തെ നാം ആരാധിക്കേണ്ടതില്ല. തിന്മയിൽ നിന്ന് ഒരാൾക്ക് എത്തിച്ചേരാവുന്ന തീർപ്പുകളുടെ യുക്തിയിലധിഷ്ഠിതമായ ശൃംഖലയിതാണ്. ഇതിലെ ഓരോ തീർപ്പിനും യുക്തവും തൃപ്തവുമായ മറുപടികൾ നൽകുവാൻ ദൈവശാസ്ത്രജ്ഞർക്ക്

കഴിയും. അവയൊന്നും പരിശോധിക്കുവാൻ ദൈവനിഷേധത്തിലെത്തുന്ന ദൈവവിദ്വേഷികൾ തയ്യാറാകാറില്ല. തിന്മകൾ ഉള്ളതിനാൽ തിന്മകളുടെ കാരണമായ ദൈവമേയില്ലെന്ന യുക്തിവിരുദ്ധമായ തീർപ്പിൽ മാത്രമാണ് അവർ എത്തിച്ചേരുന്നത്. അതാണ് അവരുടെ യുക്തി. പ്രസ്തുത യുക്തിയാണ് അവരുടെ ജ്ഞാനശാസ്ത്രത്തിന്റെ അടിത്തറ. നാസ്തികജ്ഞാനശാസ്ത്രത്തിന്റെ അടിത്തറ തന്നെ യുക്തിവിരുദ്ധമാണെന്ന് പറയുന്നത് അത് കൊണ്ടാണ്.

പ്രഗത്ഭരായ പല ഭൗതികവാദികൾക്കും നിരീശ്വരത്വത്തിന്റെ ഈ ജ്ഞാനശാസ്ത്ര പരിമിതി മനസ്സിലായിരുന്നുവെന്ന് വേണം പറയാൻ. അതുകൊണ്ടായിരിക്കണം ഞങ്ങളൊന്നും നിരീശ്വരവാദികളല്ല, പ്രത്യുത ആജ്ഞേയവാദി (അജ്ഞേയവാദി) കളാണെന്ന് അവർ ആണയിട്ടുകൊണ്ടിരുന്നത്. ലോകത്തെല്ലാമുള്ള ദൈവനിഷേധികൾക്ക് ആവേശകരമായ പ്രചോദനം നൽകിക്കൊണ്ട് 1924-ൽ പുറത്തിറങ്ങിയ 'ഞാൻ എന്ത് കൊണ്ട് ഒരു കൃസ്ത്യാനിയല്ല' എന്ന കൃതിയുടെ കർത്താവായ ബർട്രൻഡ് റസ്സൽ പോലും അവസാനം പറഞ്ഞത് താൻ ആജ്ഞേയവാദിയാണെന്നാണ് 'ജനങ്ങൾക്കിടയിൽ ദൈവനിഷേധിയായി അറിയപ്പെടാനാണ് താൻ ആഗ്രഹിക്കുന്നതെങ്കിലും ദൈവമില്ലെന്ന് നിർണായകമായി സ്ഥാപിക്കാൻ കഴിയുന്ന തെളിവുകളൊന്നുമില്ലാത്തതിനാൽ തത്വശാസ്ത്രചർച്ചകളിൽ ആജ്ഞേയവാദിയായി അറിയപ്പെടാനാണ് തനിക്കിഷ്ടം' എന്ന് റസ്സലിന് പറയേണ്ടി വന്നത് യുക്തിയുടെ ഭൂമികയിൽ നിന്നുകൊണ്ട് ദൈവനിഷേധത്തിന് നിലനിൽക്കാൻ കഴിയില്ലെന്ന് മനസ്സിലായത് കൊണ്ടാണ്. 'ഞാനൊരു ദൈവനിഷേധിയാണോ, അതല്ല ആജ്ഞേയവാദിയോ? പുതിയ ആശയസംഹിതകളുടെ അഭിമുഖത്തിൽ സഹിഷ്ണുതക്കുവേണ്ടിയുള്ള ഒരു അഭ്യർഥന "Am I An Atheist Or An Agnosti A Plea For Tolerance In The Face of New Dogmas എന്ന ശീർഷകത്തിൽ 1947ൽ അദ്ദേഹമെഴുതിയ തിനുള്ളതാണ് ഈ ജാമ്യമെടുക്കൽ.'ഞാൻ എന്ത് കൊണ്ട് ഒരു കൃസ്ത്യാനിയല്ല' എന്ന രചനക്കുശേഷമുള്ള കാൽ നൂറ്റാണ്ടുകൾക്കിടയിൽ ശാസ്ത്രരംഗത്തും തത്ത്വശാസ്ത്രരംഗത്തുണ്ടായ ആശയവിപ്ലവങ്ങൾഅഭിമുഖീകരിക്കുവാൻ ഭൗതികവാദികൾക്ക് ആത്മവിശ്വാസമില്ലാതായതിന്റെ പ്രതിഫലനമാണ് റസ്സലിന്റെ ഈ വചനങ്ങളിൽ തെളിഞ്ഞു കാണുന്നതെന്നു പറഞ്ഞാൽ തെറ്റാവുകയില്ല. 1927 മാർച്ച് ആറാം തിയതി ലണ്ടനിലെ



ബത്തർസിയ ടൗൺഹാളിൽ വെച്ച്, തന്റെ അമ്പതുകളുടെ യുക്തിയുടെ വെളിച്ചത്തിൽ, ദൈവവിശ്വാസികളുടെ വാദഗതികളെ ഖണ്ഡിച്ചുകൊണ്ട് താൻ പ്രസംഗിച്ച കാര്യങ്ങളിൽ മിക്കതും തനിക്ക് എഴുപത്തിയഞ്ച് ആകുന്നതിനിടയിൽ നടന്ന ശാസ്ത്രീയപഠനങ്ങൾ അപ്രസക്തമാക്കിക്കളഞ്ഞിട്ടുണ്ടെന്ന് റസ്സലിന് മനസ്സിലായിട്ടുണ്ടാകണം. ആപേക്ഷികതാസിദ്ധാന്തവും മഹാവിസ്ഫോടന സിദ്ധാന്തവും ക്വാണ്ട സിദ്ധാന്തവും അനിശ്ചിതത്വ സിദ്ധാന്തവും ഭൗതികവാദത്തിന്റെ യുക്തിപരികല്പനയുടെ കടയ്ക്കാണല്ലോ കത്തി വെച്ചത്; യുക്തിക്ക് അപ്രമാദിത്വം കല്പിച്ചുകൊണ്ടുള്ള ക്ലാസിക്കൽ ദൈവനിഷേധത്തിന്റെ കടയ്ക്ക്.

യുക്തിബോധത്തെ അംഗീകരിക്കേണ്ടിടത്തെല്ലാം അംഗീകരിക്കുന്നതാണ് മതത്തിന്റെ യുക്തി. യുക്തിക്ക് ഉൾക്കൊള്ളാൻ കഴിയാത്ത മേഖലകളുണ്ടെന്ന് മതം മുമ്പേ പറഞ്ഞതാണ്; ഇന്ന് ഭൗതികശാസ്ത്രവും അംഗീകരിക്കുന്നു.'ക്വാണ്ടം' എന്ന് പറയുന്നവർക്ക് അത് ഒന്നും മനസ്സിലായിട്ടില്ല (നിങ്ങൾക്ക് ക്വാണ്ടം മെക്കാനിക്സ് മനസ്സിലായി എന്ന് വിചാരിച്ചാൽ ക്വാണ്ടം മെക്കാനിക്സ് മനസ്സിലാകില്ല ) ഭൗതികലോകത്തുപോലും യുക്തിക്ക് അതീതമായ കാര്യങ്ങളുണ്ടെങ്കിൽ ആത്മീയലോകത്തെക്കുറിച്ചുള്ള സകല അറിവുകളും മനുഷ്യയുക്തിക്കു വഴങ്ങണമെന്ന് വാശി പിടിക്കുന്നതെങ്ങനെ ശാസ്ത്രീയവും യുക്തിപരവുമാകും?!

ആധ്യാത്മികലോകത്തെക്കുറിച്ചുള്ള

**നാസ്തികത ആരംഭിക്കുന്നത് ബോധ്യമി ല്ലായ്മയിൽ നിന്നാണെങ്കിൽ മതം ആരം ഭിക്കുന്നത് ബോധ്യത്തിൽ നിന്നാണ്. ഇസ്‌ലാമിലെ ഏതെങ്കിലുമൊരു കാര്യം ബോധ്യപ്പെടാത്തതിനാൽ മുസ്‌ലിം നാസ്തികനും, ക്രിസ്തുമതത്തി ൽ എന്തെങ്കിലും മനസ്സിലാകാത്ത തിനാൽ ക്രിസ്ത്യൻ നാസ്തികനുമു ണ്ടാകുന്നു. ഇതിൽ നിന്ന് തികച്ചും വ്യത്യസ്തമാണ് മതം. അത് ആരംഭി ക്കുന്നത് തികഞ്ഞ ബോധ്യത്തിൽ നിന്നാണ്. ഹിന്ദു മാതാപിതാക്കളുടെ മകനായി പിറന്ന ഒരാൾ മുസ്‌ലിമാകു ന്നത് ഇസ്‌ലാം സത്യമെന്ന് ബോധ്യപ്പെ ടുന്നത് കൊണ്ടാണ്. ഏത് മതത്തിന്റെ കാര്യത്തിലാണെങ്കിലും ഇതാണ് ശരി; ഇതാണ് ശരിയാകേണ്ടത്.**

അറിവുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് മതം മനുഷ്യരോട് സംസാരിക്കുന്നത്. കേവലയു ക്തിക്ക് മാത്രമായി നിഗമനങ്ങളിലെത്താൻ കഴിയാത്ത ലോകമാണത്. അതിനെക്കുറി ച്ചറിയാവുന്നവനിൽ നിന്നുള്ള അറിവിനെ മാത്രമാണ് ആ ലോകത്തെക്കുറിച്ചുള്ള അറിവിന് ആശ്രയിക്കേണ്ടത് എന്ന് മതം പറയുമ്പോൾ അതാണ് അതിന്റെ യുക്തി. വെളിപാടുകൾ നൽകുന്ന അറിവുകളെല്ലാം കേവല യുക്തിക്ക് ദഹിക്കണമെന്ന വാദം യുക്തിരഹിതമാണെന്ന് പറയുന്നത് അത് രണ്ടും രണ്ട് മേഖലകളെക്കു റിച്ചാണ്. യുക്തിബോധത്തിന് വിഹരിക്കാൻ കഴിയുന്നിടത്തെല്ലാം അതിനെ വിഹരിക്കാൻ അനുവദിക്കുകയും അതിന് കഴിയാത്തിടത്ത് ആധ്യാത്മികജ്ഞാനത്തിന്റെ സ്രോതസ്സായ വെളിപാടുകളെ മാത്രം ആശ്രയിക്കുകയും ചെയ്യുകയെന്നതാണ് മതത്തിന്റെ യുക്തി. വെളിപാടുകൾ എന്ന അവകാശപ്പെടുന്നവയെ യെല്ലാം കണ്ണുമടച്ച് സ്വീകരിക്കണമെന്നല്ല മതം പറയുന്നത്. നിഷ്കൃഷ്ടമായ അന്വേഷണത്തിലൂ ടെയും യുക്തിയുപയോഗിച്ചുള്ള അപഗ്രഥനങ്ങ ളാലും വെളിപാടുകളെന്ന് ബോധ്യം വന്നവയെ മാത്രമേ സ്വീകരിക്കേണ്ടതുള്ളൂ. വെളിപാടുകളുടെ സ്വീകാര്യതയെക്കുറിച്ച മതത്തിന്റെ നിലപാടോ വെളിപാടുകളോ ബോധ്യം വന്ന സ്രോതസ്സുകൾ നൽകുന്ന വിവരങ്ങൾ ആത്മീയ ജ്ഞാനത്തിന്റെ കാര്യത്തിൽ ചോദ്യം ചെയ്യാതെ സ്വീകരിക്കണ മെന്ന നിഷ്കർഷയോ യുക്തിവിരുദ്ധമാണെന്ന് പറയാൻ നാസ്തികരുടെ പക്കൽ മാനദണ്ഡങ്ങ ളൊന്നുമില്ല. മതത്തിന്റെ ജ്ഞാനശാസ്ത്രം കുറ്റമറ്റതാണെന്നാണ് ഇതിനർഥം.

നാസ്തികത ആരംഭിക്കുന്നത് ബോധ്യമില്ലാ യ്മയിൽ നിന്നാണെങ്കിൽ മതം ആരംഭിക്കുന്ന ത് ബോധ്യത്തിൽ നിന്നാണ്. ഇസ്‌ലാമിലെ ഏതെങ്കിലുമൊരു കാര്യം ബോധ്യപ്പെടാത്ത തിനാൽ മുസ്‌ലിം നാസ്തികനും ക്രിസ്തുമതത്തി ൽ എന്തെങ്കിലും മനസ്സിലാകാത്തതിനാൽ ക്രിസ്ത്യൻ നാസ്തികനുമുണ്ടാകുന്നു. ഇതിൽ നിന്ന് തികച്ചും വ്യത്യസ്തമാണ് മതം. അത് ആരംഭിക്കുന്നത് തികഞ്ഞ ബോധ്യത്തിൽ നിന്നാണ്. ഹിന്ദു മാതാപിതാക്കളുടെ മകനായി പിറന്ന ഒരാൾ മുസ്‌ലിമാകുന്നത്. ഇസ്‌ലാം സത്യമെന്ന് ബോധ്യപ്പെടുന്നത് കൊണ്ടാണ്. ഏത് മതത്തിന്റെ കാര്യത്തിലാണെങ്കിലും ഇതാണ് ശരി; ഇതാണ് ശരിയാകേണ്ടത്. (ഭൗതികമായ ലക്ഷ്യങ്ങളോട് കൂടിയ മതം മാറ്റം ഇവിടെ നമ്മുടെ ചർച്ചാവിഷയമല്ല; ദാർശനികമായ മാറ്റം മാത്രമാണ് വിവക്ഷ)

ഒരാൾ മുസ്‌ലിമാകുമ്പോൾ ആദ്യമായി രണ്ട് സാക്ഷ്യവചനങ്ങൾ ഉരുവിടുകയാണ്. ''അല്ലാ ഹുവല്ലാതെ ആരാധ്യനില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു;'' മുഹമ്മദ് നബി അല്ലാഹുവിന്റെ ദൂതനാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു. ഈ സാക്ഷ്യവചനങ്ങൾ ഉൾക്കൊണ്ടല്ലാതെ ആർക്കും മുസ്‌ലിമാകാൻ കഴിയില്ല. അല്ലാഹു മാത്രമേ ആരാധ്യനായി ഉള്ളൂവെന്ന് ബോധ്യ പ്പെടാത്ത ഒരാൾക്കും ഹിന്ദുമതം തെറ്റാണെന്ന് എത്ര നന്നായി ബോധ്യപ്പെട്ടാലും മുസ്‌ലിമാകാൻ കഴിയില്ല. ഒപ്പം മുഹമ്മദ് നബി(സ്വ) ദൈവദൂ തനാണെന്ന ബോധ്യം കൂടിയുണ്ടാവണം. ബോധ്യത്തോട് കൂടി ഒരു ആദർശം സ്വീകരി ക്കുന്നതാണ് യുക്തി. മതം മനുഷ്യയുക്തിയെ തൃപ്തിപ്പെടുത്തുന്നത് അങ്ങനെയാണ്. നാസ്തികത യ്ക്കാകട്ടെ, ഒന്നും ബോധ്യപ്പെടാനില്ല. മതത്തിലെ ഏതെങ്കിലുമൊരു ആദർശം തെറ്റാണെന്ന ബോധ്യം മാത്രമാണ് ഒരാളെ ദൈവനിഷേധി യാക്കുന്നതെങ്കിൽ അത് തികച്ചും യുക്തിവിരു ദ്ധമായ ഒരു തീരുമാനമാണ്. നാസ്തികത, അത് പഴയതാണെങ്കിലും പുതിയതാണെങ്കിലുമെല്ലാം, യുക്തിവിരുദ്ധമായ തീരുമാനത്തിൽ നിന്ന് തുടങ്ങി യുക്തിവിരുദ്ധമായ ജ്ഞാനശാസ്ത്ര ത്താൽ സ്ഥാപിക്കപ്പെടുന്ന യുക്തിരഹിതമായ ആശയമാണെന്ന് പറയുന്നത് അതുകൊണ്ടാണ്.●

# വലത്; മുൻഗണനയും പ്രാധാന്യവും

**വലത് കൈകൊണ്ട് തിന്നുകയും കുടിക്കുകയും ചെയ്യണം എന്ന പ്രവാചക കല്പനയിൽ വലത് കൈ കൊണ്ട് തിന്നുക എന്ന ഭാഗം സ്വീകരിക്കുകയും വലത് കൈ കൊണ്ട് കുടിക്കുക എന്നത് നിരാകരിക്കുകയും ചെയ്യുന്ന രീതി ചിലരിലെങ്കിലും ഉണ്ടാവാറുണ്ട്. ഭക്ഷണത്തോടൊപ്പം വെള്ളം വലത് കൈ കൊണ്ട് കുടിക്കുമ്പോൾ ഗ്ലാസിൽ ഭക്ഷണാവശിഷ്ടം പതിയുന്നത് വൃത്തികേടാണ് എന്നാണ് അത്തരക്കാരുടെ ന്യായം. ഭക്ഷണാവശിഷ്ടങ്ങൾ കഴിക്കുന്ന പാത്രത്തിലാവുന്നതും കൈകളിലും ചുണ്ടുകളിലും വായിലും പല്ലുകൾക്കിടയിലും അവശേഷിക്കുന്നതും വൃത്തികേടായി തോന്നാത്തവർക്കാണ് ഗ്ലാസിന്റെ പുറത്ത് ഭക്ഷണമാവുന്നത് അസ്വസ്ഥതയുണ്ടാക്കുന്നത്! .**

**അബൂ ഇസ്വ കെ എം**

വലത് കൈ, വലത് കാൽ, വലത് ഭാഗം എന്നിങ്ങനെ മിക്ക കാര്യങ്ങൾക്കും വലതിന് മുൻഗണന നൽകുക എന്നതാണ് പ്രവാചക മാതൃക.

സ്വർഗാവകാശികളായ സത്യവിശ്വാസികളെ വലത് പക്ഷക്കാർ എന്നും നരകാവകാശികളായപരലോക നിഷേധികളെ ഇടതു പക്ഷക്കാർ എന്നും വിശുദ്ധ ക്വുർആൻ പരിചയപ്പെടുത്തുന്നത് കാണാം.

وَأَصْحَابُ الْيَمِينِ مَا أَصْحَابُ الْيَمِينِ. فِي سِدْرٍ مَّخْضُودٍ. وَطَلْحٍ مَّنضُودٍ. وَظِلٍّ مَّمْدُودٍ. وَمَاءٍ مَّسْكُوبٍ. وَفَاكِهَةٍ كَثِيرَةٍ. لَّا مَقْطُوعَةٍ وَلَا مَمْنُوعَةٍ. وَفُرُشٍ مَّرْفُوعَةٍ. إِنَّا أَنشَأْنَاهُنَّ إِنشَاءً. فَجَعَلْنَاهُنَّ أَبْكَارًا. عُرُبًا أَتْرَابًا. لِّأَصْحَابِ الْيَمِينِ. ثُلَّةٌ مِّنَ الْأَوَّلِينَ. وَثُلَّةٌ مِّنَ الْآخِرِينَ.

''വലതു ഭാഗക്കാർ. എന്താണീ വലതു ഭാഗക്കാരുടെ അവസ്ഥ!

മുള്ളില്ലാത്ത ഇലന്തമരം. അടുക്കായി കുലകളുള്ള വിശാലമായ തണൽ. സദാ ഒഴുക്കപ്പെട്ടുകൊണ്ടേയിരുന്ന ജലം. ഭംഗം വരുത്തപ്പെടാത്തതും, തടസ്സം ചെയ്യപ്പെടാത്തതുമായ ധാരാളം പഴ വർഗങ്ങൾ. ഉയർന്ന മെത്തകൾ എന്നീ സുഖാനുഭവങ്ങളിലായിരിക്കുംഅവർ. (56:27-40)

وَأَصْحَابُ الشِّمَالِ مَا أَصْحَابُ الشِّمَالِ. فِي سَمُومٍ وَحَمِيمٍ. وَظِلٍّ مِّن يَحْمُومٍ. لَّا بَارِدٍ وَلَا كَرِيمٍ. إِنَّهُمْ كَانُوا قَبْلَ ذَٰلِكَ مُتْرَفِينَ. وَكَانُوا يُصِرُّونَ عَلَى الْحِنثِ الْعَظِيمِ. وَكَانُوا يَقُولُونَ أَئِذَا مِتْنَا وَكُنَّا تُرَابًا وَعِظَامًا أَإِنَّا لَمَبْعُوثُونَ. أَوَآبَاؤُنَا الْأَوَّلُونَ. قُلْ إِنَّ الْأَوَّلِينَ وَالْآخِرِينَ. لَمَجْمُوعُونَ إِلَىٰ مِيقَاتِ يَوْمٍ مَّعْلُومٍ .

''ഇടതുഭാഗക്കാർ. എന്താണീ ഇടതുഭാഗക്കാരുടെ അവസ്ഥ?! തുളച്ചുകയറുന്നഉഷ്ണക്കാറ്റ്. ചുട്ടുതിളക്കുന്ന വെള്ളം. തണുപ്പുള്ളതോ സുഖദായകമോഅല്ലാത്തകരിമ്പുകയുടെ തണൽ. എന്നീ ദുരിതങ്ങളിലായിരിക്കും അവർ. എന്തുകൊണ്ടെന്നാൽ നിശ്ചയമായും, അവർ അതിനു മുമ്പ് സുഖലോലുപന്മാരായിരുന്നു.



വൻ തെറ്റുകുറ്റത്തിൽ അവർ ശഠിച്ചു നിക്കുന്ന വരായിരുന്നു. 'ഞങ്ങൾ മരിക്കുകയും, മണ്ണും എല്ലുകളും ആയിത്തീരുകയും ചെയ്തിട്ട് ഞങ്ങളും ഞങ്ങളുടെ പൂർവികരും ഉയിർത്തെഴുന്നേ ല്പിക്കപ്പെടുമെന്നോ! എന്നവർ പറയുകയും ചെയ്യുമായിരുന്നു. (56:41-50)

അനാഥരെയും അശരണരെയും ചേർത്ത് പിടിക്കുന്നവരും സഹനവും കരുണയും പരസ്പരം ഉപദേശിക്കുകയും ചെയ്യുന്നവരുമായ സത്യ വിശ്വാസികളെ വലതുപക്ഷക്കാർ എന്നും അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങൾ നിഷേധിക്കുന്ന വരും നരകാവകാശികളുമായവരാണ് ഇടതു പക്ഷക്കാർ എന്നും സൂറത്തുൽ ബലദിൽ വി ശേഷിപ്പിക്കുന്നുണ്ട്.

فَكُّ رَقَبَةٍ. أَوْ إِطْعَامٌ فِي يَوْمٍ ذِي مَسْغَبَةٍ. يَتِيمًا ذَا مَقْرَبَةٍ. أَوْ مِسْكِينًا ذَا مَتْرَبَةٍ. ثُمَّ كَانَ مِنَ الَّذِينَ آمَنُوا وَتَوَاصَوْا بِالصَّبْرِ وَتَوَاصَوْا بِالْمَرْحَمَةِ. أُولَٰئِكَ أَصْحَابُ الْمَيْمَنَةِ. وَالَّذِينَ كَفَرُوا بِآيَاتِنَا هُمْ أَصْحَابُ الْمَشْأَمَةِ.

''ഒരു അടിമയെമോചിപ്പിക്കുകയോ പട്ടിണിയുള്ള നാളിൽ കുടുംബബന്ധമുള്ള അനാഥക്കോ, കടുത്ത ദാരിദ്രമുള്ള സാധുവിനോ, ഭക്ഷണം കൊടുക്കുകയോചെയ്യുന്നതത്രെഅത്. അതിന് പുറമെ വിശ്വസിക്കുകയും ക്ഷമകൊണ്ടും കാരുണ്യം കൊണ്ടുംപരസ്പരം ഉപദേശിക്കുന്ന കൂട്ടത്തിൽ ആയിത്തീരുകയും ചെയ്തവരത്രെ വലതുരക്ഷക്കാർ.നമ്മുടെ ദൃഷ്ടാന്തങ്ങൾ നി ഷേധിച്ചവരാരോഅവരത്രെ ഇടതുപക്ഷത്തിന്റെ ആളുകൾ. (90:13-19)

എല്ലാ നല്ല കാര്യങ്ങളിലും നബി(സ്വ) വലതിന് പ്രാധാന്യം നൽകിക്കൊണ്ടാണ് ചെയ്തിരുന്നത് എന്ന് കാണാം. അവിടുത്തെ കല്പനകളും അങ്ങി നെത്തന്നെ. ആഇശ(റ) പറയുന്നു:

عَنْ عَائِشَةَ رَضِيَ اللَّهُ عَنْهَا قَالَتْ: كَانَ النَّبِيُّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ يُحِبُّ التَّيَمُّنَ فِي طُهُورِهِ وَتَرَجُّلِهِ وَتَنَعُّلِهِ

''ശുദ്ധീകരണത്തിലും മുടി ചീകുന്നതിലും ചെരുപ്പ് ധരിക്കുന്നതിലുമെല്ലാം വലതിനെ മുന്തിക്കുന്നത് റസൂൽ(സ) ഇഷ്ടപ്പെട്ടിരുന്നു'' (ബുഖാരി)

عَنْ أَبِي هُرَيْرَةَ - رضى الله عنه أَنَّ رَسُولَ اللَّهِ صلى الله عليه وسلم قَالَ " إِذَا انْتَعَلَ أَحَدُكُمْ فَلْيَبْدَأْ بِالْيَمِينِ وَإِذَا نَزَعَ فَلْيَبْدَأْ بِالشِّمَالِ، لِتَكُنِ الْيُمْنَى أَوَّلَهُمَا تُنْعَلُ

وَآخِرَهُمَا تُنْزَعُ

അബൂഹുറയ്റ(റ) നിവേദനം: നബി (സ്വ) പറഞ്ഞു: നിങ്ങൾ ചെരിപ്പ് ധരിക്കുമ്പോൾ ആദ്യം വലതുകാലിൽ ധരിക്കുക. ഊരുമ്പോൾ ഇടതുകാൽ അഴിച്ച് തുടങ്ങുക. ആദ്യം ധരിക്കുന്നതും അവസാനം അഴിക്കുന്നതും വലത് കാലാവട്ടെ. (ബുഖാരി)

## ദിക്റുകൾ

عَنْ عَبْدِ اللَّهِ بْنِ عَمْرٍو، قَالَ رَأَيْتُ رَسُولَ اللَّهِ صلى الله عليه وسلم - يَعْقِدُ التَّسْبِيحَ قَالَ ابْنُ قُدَامَةَ - بِيَمِينِهِ

അബ്ദുല്ലാഹിബ്നു അംറ്(റ) നിവേദനം: നബി (സ്വ)ദിക്റുകൾ ചൊല്ലുമ്പോൾ തന്റെ വലത് കൈകൊണ്ട് എണ്ണം പിടിക്കുന്നത് ഞാൻ കണ്ടു. (അബൂദാവൂദ്)

എണ്ണം പിടിച്ചും അല്ലാതെയുമുള്ള ദിക്റുകൾ റസൂൽ(സ്വ) പഠിപ്പിച്ചുണ്ട്. എണ്ണം പറഞ്ഞവ എണ്ണിയും അല്ലാത്തവ ധാരാളമായും ചൊല്ലുക എന്നതാണ് ശ്രേഷ്ഠം. എണ്ണാൻ തസ്ബീഹ് മാലകളും ഉപകരണങ്ങളും പ്രചാരത്തിലുണ്ടെങ്കിലും വലത് കൈയിൽ എണ്ണുക എന്നതാണ് സൂക്ഷ്മത.

## സ്വഫ്ഫിൽ വലത് ഭാഗം

عَنْ عَائِشَةَ، قَالَتْ قَالَ رَسُولُ اللَّهِ صلى الله عليه وسلم: إِنَّ اللَّهَ وَمَلاَئِكَتَهُ يُصَلُّونَ عَلَى مَيَامِنِ الصُّفُوفِ

ആഇശ(റ) നിവേദനം: നബി(സ്വ) പറഞ്ഞു: നിശ്ചയം, അല്ലാഹു സ്വഫ്ഫുകളിൽ വലത് ഭാഗത്തുള്ളവരുടെ മേൽ അനുഗ്രഹം ചൊരിയുന്നു. മലക്കുകൾ അവർക്കുവേണ്ടി പ്രാർഥിക്കുന്നു. (അബൂദാവൂദ്)

നമസ്കാരത്തിൽ ഒന്നാമത്തെ സ്വഫ്ഫിനുള്ള പ്രാധാന്യം പോലെത്തന്നെ വലത് ഭാഗത്തിനും പ്രാധാന്യമുണ്ടെന്ന് ഈ ഹദീഥ് വ്യക്തമാക്കുന്നു.

## ഭക്ഷണ വിതരണം

عَنْ أَنَسِ بْنِ مَالِكٍ رضى الله عنه أَنَّ رَسُولَ اللَّهِ صلى الله عليه وسلم أُتِيَ بِلَبَنٍ قَدْ شِيبَ بِمَاءٍ، وَعَنْ يَمِينِهِ أَعْرَابِيٌّ وَعَنْ شِمَالِهِ أَبُو بَكْرٍ، فَشَرِبَ، ثُمَّ أَعْطَى الأَعْرَابِيَّ، وَقَالَ " الأَيْمَنَ الأَيْمَنَ .

അനസ്ബ്നു മാലിക്(റ) നിവേദനം: നബി (സ്വ) യുടെ അടുക്കൽ പാൽ കൊണ്ടുവരപ്പെട്ടു. അവിടുന്ന് ആ പാനീയത്തിൽ നിന്ന് കുടിച്ചു. നബി (സ്വ)യുടെ വലത് ഭാഗത്ത് ഒരു ഗ്രാമീണനും ഇടത് ഭാഗത്ത് അബൂബക്റുമാണുണ്ടായിരുന്നത്. അത് കുടിച്ച ശേഷം നബി (സ്വ)ഗ്രാമീണന് നൽകി. നബി (സ്വ)പറഞ്ഞു: വലത്, വലതിന് (ബുഖാരി)

عَنْ سَهْلِ بْنِ سَعْدٍ السَّاعِدِيِّ ـ رضى الله عنه ـ أَنَّ رَسُولَ اللَّهِ صلى الله عليه وسلم أُتِيَ بِشَرَابٍ، فَشَرِبَ مِنْهُ وَعَنْ يَمِينِهِ غُلاَمٌ وَعَنْ يَسَارِهِ الأَشْيَاخُ، فَقَالَ لِلْغُلاَمِ " أَتَأْذَنُ لِي أَنْ أُعْطِيَ هَؤُلاَءِ ". فَقَالَ الْغُلاَمُ لاَ وَاللَّهِ يَا رَسُولَ اللَّهِ لاَ أُوثِرُ بِنَصِيبِي مِنْكَ أَحَدًا. قَالَ فَتَلَّهُ رَسُولُ اللَّهِ صلى الله عليه وسلم فِي يَدِهِ.

സഹ്ൽ (റ) നിവേദനം: നബി (സ്വ) യുടെ അടുക്കൽ അൽപം പാനീയം കൊണ്ടു വന്നു. അവിടുന്ന് അതിൽ നിന്ന് അൽപം കുടിച്ചു. നബി (സ്വ) യുടെ വലത് ഭാഗത്ത് ഒരു കുട്ടിയും (ഇബ്നുഅബ്ബാസ്) ഇടത് വശത്ത് ഏതാനും വൃദ്ധന്മാരുമുണ്ടായിരുന്നു. നബി (സ്വ) കുട്ടിയോട് ചോദിച്ചു. ഇവർക്ക് (വൃദ്ധൻമാർക്ക്) നൽകാൻ നീ എന്നെ അനുവദിക്കുമോ? കുട്ടി പറഞ്ഞു: ഇല്ല, പ്രവാചകരേ! അങ്ങയിൽ നിന്ന് എനിക്ക് ലഭിക്കാനുള്ള ഓഹരിയിൽ ഞാൻ ആർക്കും മുൻഗണന നൽകുകയില്ല. അപ്പോൾ നബി (സ്വ)കുട്ടിയുടെ കൈയിൽ തന്നെ അതുവെച്ച് നൽകി. (ബുഖാരി)

## തിന്നലും കുടിക്കലും

عَنِ ابْنِ عُمَرَ، أَنَّ رَسُولَ اللَّهِ صلى الله عليه وسلم قَالَ : إِذَا أَكَلَ أَحَدُكُمْ فَلْيَأْكُلْ بِيَمِينِهِ وَإِذَا شَرِبَ فَلْيَشْرَبْ بِيَمِينِهِ فَإِنَّ الشَّيْطَانَ يَأْكُلُ بِشِمَالِهِ وَيَشْرَبُ بِشِمَالِهِ.

ഉമറിൽ(റ) നിവേദനം: നബി(സ്വ) പറഞ്ഞു: നിങ്ങളിലാരെങ്കിലും ഭക്ഷിക്കുകയാണെങ്കിൽ തന്റെ വലത് കൈ കൊണ്ട് ഭക്ഷിക്കുകയും കുടിക്കുകയാണെങ്കിൽ വലത് കൈ കൊണ്ട് കുടിക്കുകയും ചെയ്യട്ടെ. നിശ്ചയം പിശാചാണ് തന്റെ ഇടത് കൈ കൊണ്ട് ഭക്ഷിക്കുകയും ഇടത് കൈ കൊണ്ട് കുടിക്കുകയും ചെയ്യുന്നത്. (മുസ്ലിം)

وعَن ابنِ عُمر رضي الله عنهما: أَنَّ رَسُولَ اللَّه ﷺ قَالَ: لا يَأْكُلَنَّ أَحدُكُمْ بِشمالِهِ، وَلا يَشْربَنَّ بِهَا، فَإِنَّ الشَّيْطَانَ يَأْكُل بِشِمالِهِ وَيَشْربُ بِهَا

ഇബ്നു ഉമർ(റ) നിവേദനം: നിശ്ചയം

റസൂൽ(സ്വ) അരുളി: നിങ്ങളാരും തന്നെ ഇടത് കൈ കൊണ്ട് തിന്നുകയോ കുടിക്കുകയോ ചെയ്യരുത്. തീർച്ചയായും പിശാച് ഇടത് കൈ കൊണ്ടാണ് തിന്നുന്നതും കുടിക്കുന്നതും'' (മുസ്‌ലിം)

നാല് കാര്യങ്ങളാണ് ഉധൃത നബിവചനങ്ങൾ ഉൾക്കൊള്ളുന്നത്.

1. വലത് കൈകൊണ്ട് തിന്നുകയും കുടിക്കുകയും ചെയ്യണമെന്ന നിർദേശം.

2. ഇടത് കൈ കൊണ്ട് തിന്നുകയും കുടിക്കുകയും ചെയ്യരുത് എന്ന കല്പന

3. ഇടക് കൈകൊണ്ട് തിന്നുന്നതും കുടിക്കുന്നതും പിശാചാണ് എന്ന മുന്നറിയിപ്പ്.

4. തിന്നുമ്പോൾ മാത്രമല്ല, കുടിക്കുന്നതും വലത് കൈ കൊണ്ടായിരിക്കണംഎന്ന ഓർമപ്പെടുത്തൽ.

വലത് കൈകൊണ്ട് തിന്നുകയും കുടിക്കുകയും ചെയ്യണം എന്ന പ്രവാചക കല്പനയിൽ വലത് കൈ കൊണ്ട് തിന്നുക എന്ന ഭാഗം സ്വീകരിക്കുകയും വലത് കൈ കൊണ്ട് കുടിക്കുക എന്നത് നിരാകരിക്കുകയും ചെയ്യുന്ന രീതി ചിലരിലെങ്കിലും ഉണ്ടാവാറുണ്ട്. ഭക്ഷണത്തോടൊപ്പം വെള്ളം വലത് കൈ കൊണ്ട് കുടിക്കുമ്പോൾ ഗ്ലാസിൽ ഭക്ഷണാവശിഷ്ടം പതിയുന്നത് വൃത്തികേടാണ് എന്നാണ് അത്തരക്കാരുടെ ന്യായം.

ഭക്ഷണാവശിഷ്ടങ്ങൾ കഴിക്കുന്ന പാത്രത്തിലാവുന്നതും കൈകളിലും ചുണ്ടുകളിലും വായിലും പല്ലുകൾക്കിടയിലും അവശേഷിക്കുന്നതും വൃത്തികേടായി തോന്നാത്തവർക്കാണ് ഗ്ലാസിന്റെ പുറത്ത് ഭക്ഷണമാവുന്നത് അസ്വസ്ഥതയുണ്ടാക്കുന്നത്!

ചായയോ വെള്ളമോ മറ്റ് പാനീയമോ കുടിക്കുമ്പോൾ ഏറെ വൃത്തികേട് ഗ്ലാസിൽ ചുണ്ട് വെക്കുന്ന ഭാഗത്താണ്. ഗ്ലാസിന്റെ വക്കിൽ കുടിക്കുന്നയാളുടെ ഉമിനീരും വായിൽ നിന്നുള്ള ഭക്ഷണാവശിഷ്ടങ്ങളും ആവാറുണ്ട്.

പ്ലേറ്റ് കഴുകുന്നത് പോലെ ഗ്ലാസും (പാനപാത്രം) കഴുകുക, ഗ്ലാസിന്റെ അകവും പുറവും എന്ന പോലെത്തന്നെ ചുണ്ടിൽ വെക്കുന്ന ഭാഗവുംകഴുകുക തുടങ്ങിയവയാണല്ലോ വൃത്തിയുടെ അടയാളമായി വിലയിരുത്തേണ്ടത്. പകരം, വലത് കൈ കൊണ്ട് കുടിക്കുക എന്ന പ്രവാചക കല്പനയെ അരോചകമായി കാണുന്നത് ഒരു പുനർ ചിന്തക്ക് വിധേയമാക്കേണ്ട കാര്യമാണ്.

ഇനി, പാനപാത്രത്തിൽ ഭക്ഷണമാകുന്നത് വൃത്തികേടായി തോന്നുന്നുവെങ്കിൽ ഭക്ഷണത്തോടൊപ്പം വെള്ളം കുടിക്കാതിരിക്കുക എന്ന ശാസ്ത്രീയ വശം സ്വീകരിക്കുന്നതിലൂടെയും തിരുചര്യയെ ഗൗരവമായിയെടുക്കാൻ കഴിയും.

ഇടത് കൈ കൊണ്ട് തിന്നുക, കുടിക്കുക എന്നത് പിശാചിന്റെ ചര്യയാണെന്ന് വ്യക്തമാക്കിയതിൽ നിന്ന് പിശാചിനെ അനുധാവനം ചെയ്യരുതെന്ന സന്ദേശം കൂടി ഉണ്ട്. വിശുദ്ധ ഖുർആൻ പിശാചിനെ പിൻപറ്റരുത് എന്ന് കല്പിക്കുന്ന ആയത്തുകളിൽ രണ്ടെണ്ണം ഭക്ഷണപാനീയത്തെ പരാമർശിക്കവേ ആണെന്നത് ശ്രദ്ധേയമാണ്. (2:168, 6:142)

**പള്ളിയിൽ പ്രവേശിക്കുമ്പോഴും ടോയ്‌ലറ്റിൽ നിന്ന് പുറത്തിറങ്ങുമ്പോഴും ചെരുപ്പ് ധരിക്കുമ്പോഴും മുടി ചീകുമ്പോഴും മുടി വെട്ടുമ്പോഴുമെല്ലാം മുൻഗണന വലതിനാണെന്ന് വിവിധ ഹദീഥുകളിൽ കാണാം. സ്വർഗാവകാശികളെ വലത് ഭാഗക്കാർ എന്ന് വിശേഷിപ്പിച്ചത് പോലെ സത്യവിശ്വാസികൾക്ക് ക്വിയാമത്ത് നാളിൽ കർമ രേഖ നൽകപ്പെടുന്നതും വലത് ഭാഗത്തിലൂടെ വലത് കൈയിലായിരിക്കും. നരകാവകാശികൾക്കാവട്ടെ ഇടത് കൈയിലും.**

## ഉറങ്ങുമ്പോൾ

عَنْ الْبَرَاءُ بْنُ عَازِبٍ - رضى الله عنهما - قَالَ قَالَ رَسُولُ اللَّهِ صلى الله عليه وسلم : إِذَا أَتَيْتَ مَضْجَعَكَ فَتَوَضَّأْ وَضُوءَكَ لِلصَّلاَةِ، ثُمَّ اضْطَجِعْ عَلَى شِقِّكَ الأَيْمَنِ.

ബറാഅ് ബിൻ ആസിബ് (റ) നിവേദനം: റസൂൽ(സ്വ)റഞ്ഞു: 'താങ്കൾ (ഉറങ്ങാൻ)

കിടക്കാൻ വന്നാൽ നമസ്കാരത്തിന് വുളൂ ചെയ്യുന്നതു പോലെ വുളൂ ചെയ്യുക. ശേഷം താങ്കളുടെ വലത് ഭാഗം ചേർന്ന് (ചെരിഞ്ഞ്) കിടക്കുക'. (ബുഖാരി)

عَنِ الْبَرَاءِ قَالَ: كَانَ النَّبِيُّ صلى الله عليه وسلم إِذَا أَرَادَ أَنْ يَنَامَ وَضَعَ يَدَهُ تَحْتَ خَدِّهِ الأَيْمَنِ.

ബറാഅ് റിപ്പോർട്ട് ചെയ്യുന്നു: നബി (സ്വ) ഉറങ്ങാൻ ഉദ്ദേശിച്ചാൽ അവിടുന്ന് വലതു കൈ തന്റെ വലത് കവിളിനുതാഴെ വെച്ചിരുന്നു. (അൽ അദബുൽ മുഫ്റദ്)

ഉറങ്ങാൻ കിടക്കുമ്പോൾ വലത് ഭാഗം ചെരിഞ്ഞ്, വലതു കൈ കവിളിൽ വെച്ച് കൊണ്ട് അടിമയുടെ വിനയ ഭാവത്തിൽ ആണ് കിടക്കേണ്ടത് എന്ന് പണ്ഡിത വിശകലനങ്ങളിൽ കാണാം. പിന്നീട് സൗകര്യാർഥം ഏത് ഭാഗത്തേക്കും കിടക്കാവുന്നതാണ്.

## ജനാസ കുളിപ്പിക്കൽ

عَنْ أُمِّ عَطِيَّةَ قَالَتْ قَالَ النَّبِيُّ صلى الله عليه وسلم لَهُنَّ فِي غُسْلِ ابْنَتِهِ ابْدَأْنَ بِمَيَامِنِهَا وَمَوَاضِعِ الْوُضُوءِ مِنْهَا.

ഉമ്മു അത്വിയ്യ(റ) നിവേദനം: നബി(സ്വ)യുടെ മകളെ (മയ്യിത്ത്) കുളിപ്പിക്കുന്ന സന്ദർഭത്തിൽ അവിടുന്ന് അവരോട് പറഞ്ഞു. അവളുടെ വലത് ഭാഗം കൊണ്ടും വുളൂചെയ്യ് കൊണ്ടും നിങ്ങൾ ആരംഭിക്കുവിൻ (ബുഖാരി)മകൾ സൈനബ്(റ)യുടെ ജനാസ കുളിപ്പിക്കുന്ന സന്ദർഭത്തിലാണ് അവിടുന്ന് ഈ നിർദേശം നൽകിയത്.

സ്ത്രീകളുടെ മയ്യിത്ത് കുളിപ്പിക്കൽ ഇടത് ഭാഗം കൊണ്ടാണ് ആരംഭിക്കേണ്ടത് എന്ന ഒരു തെറ്റായ കീഴ്വഴക്കം ചിലയിടങ്ങളിൽ നിലവിലുണ്ട്. ഇതിന്നപവാദമാണ് പ്രവാചക കല്പന.

## വസ്ത്ര ധാരണം

عَنْ أَبِي هُرَيْرَةَ، قَالَ قَالَ رَسُولُ اللَّهِ صلى الله عليه وسلم : إِذَا لَبِسْتُمْ وَإِذَا تَوَضَّأْتُمْ فَابْدَءُوا بِأَيَامِنِكُمْ.

അബൂഹറയ്റ(റ) നിവേദനം: റസൂൽ (സ്വ) പറഞ്ഞു: നിങ്ങൾ വസ്ത്രം ധരിക്കുമ്പോഴും വുളൂചെയ്യുമ്പോഴും വലതു ഭാഗത്ത് നിന്ന് ആരംഭിക്കേണ്ടതാണ്. (അബൂദാവൂദ്)

## കുളി

عَنْ عَائِشَةَ، قَالَتْ كُنَّا إِذَا أَصَابَتْ إِحْدَانَا جَنَابَةٌ، أَخَذَتْ بِيَدَيْهَا ثَلاَثًا فَوْقَ رَأْسِهَا، ثُمَّ تَأْخُذُ بِيَدِهَا عَلَى شِقِّهَا الأَيْمَنِ، وَبِيَدِهَا الأُخْرَى عَلَى شِقِّهَا الأَيْسَرِ.

ആഇശ(റ) നിവേദനം: അവർ പറയുന്നു: ഞങ്ങൾക്കാർക്കെങ്കിലും ജനാബത്തുണ്ടായാൽ രണ്ടുകൈകൊണ്ടും വെള്ളം കോരിയെടുത്തു മൂന്ന്പ്രാവശ്യം തലയിൽ ഒഴിക്കും ശേഷം വെള്ളമെടുത്തു അവളുടെ വലതുഭാഗത്തും ഒഴുക്കും.മറുകൈകൊണ്ട് ഇടതു വശത്തും ഒഴുക്കും. (ബുഖാരി)

പള്ളിയിൽ പ്രവേശിക്കുമ്പോഴും ടോയ്‌ലറ്റിൽ നിന്ന് പുറത്തിറങ്ങുമ്പോഴും ചെരുപ്പ് ധരിക്കുമ്പോഴും മുടി ചീകുമ്പോഴും മുടി വെട്ടുമ്പോഴുമെല്ലാം മുൻഗണന വലതിനാണെന്ന് വിവിധ ഹദീഥുകളിൽ കാണാം. സ്വർഗാവകാശികളെ വലത് ഭാഗക്കാർ എന്ന് വിശേഷിപ്പിച്ചത് പോലെ സത്യവിശ്വാസികൾക്ക് ഖിയാമത്ത് നാളിൽ കർമ രേഖ നൽകപ്പെടുന്നതും വലത് ഭാഗത്തിലൂടെ വലത് കൈയിലായിരിക്കും. നരകാവകാശികൾക്കാവട്ടെ ഇടത് കൈയിലും.

فَأَمَّا مَنْ أُوتِيَ كِتَٰبَهُۥ بِيَمِينِهِۦ فَيَقُولُ هَآؤُمُ ٱقْرَءُوا۟ كِتَٰبِيَهْ. إِنِّى ظَنَنتُ أَنِّى مُلَٰقٍ حِسَابِيَهْ. فَهُوَ فِى عِيشَةٍ رَّاضِيَةٍ. فِى جَنَّةٍ عَالِيَةٍ .

''അപ്പോൾ ഏതൊരാൾക്ക് അയാളുടെ കർമരേഖ തന്റെ വലം കൈയിൽ കൊടുക്കപ്പെട്ടുവോ അവൻ പറയും: ഇതാ എടുത്തു കൊള്ളുവിൻ, എന്റെ ഗ്രന്ഥം വയിക്കുവിൻ! നിശ്ചയമായും എന്റെ വിചാരണയെ കണ്ടുമുട്ടുന്നവനാണെന്ന് ഞാൻ (മുമ്പെ) ധരിച്ചിരിക്കുന്നു. അങ്ങനെ അയാൾ, ഉന്നതമായ സ്വർഗത്തിൽ തൃപ്തികരമായ ജീവിതത്തിലായിരിക്കും. 69:19-22

وَأَمَّا مَنْ أُوتِيَ كِتَٰبَهُۥ بِشِمَالِهِۦ فَيَقُولُ يَٰلَيْتَنِى لَمْ أُوتَ كِتَٰبِيَهْ. وَلَمْ أَدْرِ مَا حِسَابِيَهْ. يَٰلَيْتَهَا كَانَتِ ٱلْقَاضِيَةَ. مَآ أَغْنَىٰ عَنِّى مَالِيَهْ ۜ . هَلَكَ عَنِّى سُلْطَٰنِيَهْ.

''എന്നാൽ, യാതൊരാളുടെ ഇടകൈയിൽ അവന്റെ ഗ്രന്ഥം കൊടുക്കപ്പെട്ടുവോ, അവൻ പറയും: ഹാ! എന്റെ ഗ്രന്ഥം എനിക്കു നൽകപ്പെടാതിരുന്നെങ്കിൽ നന്നായേനെ!

എന്റെ വിചാരണ എന്താണെന്ന് ഞാൻ അറിയാതെയും (ഇരുന്നെങ്കിൽ നന്നായേനെ)!

അത് (മരണം) എല്ലാം അവസാനിപ്പിക്കുന്നതായിരുന്നെങ്കിൽ (എത്ര നന്നായിരുന്നു!) എന്റെ ധനം എനിക്ക് പ്രയോജനപ്പെട്ടില്ല. എന്റെ അധികാരം എന്നിൽ നിന്ന് നഷ്ടപ്പെട്ടുപോയി'' (69:25-29) ●

# അറിവിലൂടെ, നാഥനിലേക്ക്

**വഹ്‌യ് മുഖേന മുഹമ്മദ് നബി(സ്വ)ക്ക് ലഭിച്ചിട്ടുള്ള വിജ്ഞാനത്തിന്റെ ഭണ്ഡാരമാണ് വിശുദ്ധ ക്വുർആനും തിരുചര്യകളും. അഹങ്കാരത്താൽ അവയുടെ നേരെ നിഷേധാത്മക നിലപാട് സ്വീകരിച്ച് സ്വയം നാശത്തിന്റെ കുഴി തോണ്ടുകയാണ് മനുഷ്യൻ. ഇഹലോകത്ത് മേൽപറഞ്ഞ ആ രണ്ട് അറിവുകൾ തന്റെ ജീവിതത്തിന്റെ വഴിയായി സ്വീകരിച്ചാൽ അന്തസ്സ് കൈവരിക്കാം. ഇഹപര വിജയം നേടാം. പരലോകത്ത് സ്വർഗ പ്രവേശവും നരക മുക്തിയും നേടാം.**

**മായിൻ കുട്ടി സുല്ലമി**

അറിവുകൾ പല വിധം. ദൃശ്യവും അദൃശ്യവുമായ അറിവുകൾ. പല തരം സൃഷ്ടികൾ. അവരുടെ ജീവിതത്തിന് ആവശ്യമായ നൈസർഗിക ബോധനങ്ങൾ. പഠനം, നിരീക്ഷണം, മനനം, ഗവേഷണം എന്നിവയിലൂടെ മനുഷ്യൻ അറിവിന്റെ പടികൾ കയറി മുന്നേറ്റം തുടരുന്നു. മനുഷ്യൻ ഇതര സൃഷ്ടികളിൽ നിന്നും സവിശേഷതയുള്ളവനാണ്. ബുദ്ധിയാണ് അവനെ വ്യത്യസ്തനാക്കുന്ന പ്രധാന ഘടകം. പ്രാചീന കാലവും ആധുനിക കാലവും തമ്മിലുള്ള അന്തരം വളരെ പ്രകടമാണ്. ഇന്ന് സർവ മേഖലകളിലും വിജ്ഞാനത്തിന്റെ സ്വാധീനം കാണാം. അത് വളർന്നു കൊണ്ടേയിരിക്കുന്നു. എന്നാൽ ജന്തുജാലങ്ങളിൽ ഇതില്ല. പണ്ടുകാലത്തെ പശുവും ഇക്കാലത്തെ പശുവും തമ്മിൽ ഒരു വ്യത്യാസവുമില്ല. അന്നും ഇന്നും അതിന്റെ ഭക്ഷണം പുല്ല് തന്നെ. രോഗം വരുമ്പോൾ ചികിത്സ തേടി അവ സ്വയം എങ്ങോട്ടും പോകുന്നില്ല. ഓരോ ജീവിയിലും സ്ഥിരസ്ഥിതിയേ ഉള്ളൂ. മനുഷ്യൻ വിതച്ച് കൊയ്യുന്നു. മറ്റു ജീവികൾ വിതയ്ക്കാതെ കൊയ്യുന്നു. അഥവാ ഭക്ഷിക്കുന്നു. അവയ്ക്ക് പള്ളിക്കൂടങ്ങളും ഗവഷണ കേന്ദ്രങ്ങളും ഇല്ല. നൈസർഗിക ശേഷികൾക്കപ്പുറത്ത് അവയ്ക്കൊന്നുമില്ല. ഒരു പശു പ്രസവിച്ചാൽ കുഞ്ഞ് അതിന്റെ പാലും തേടി മാതാവിന്റെ അകിട്ടിൽ എത്തും. മുട്ടയിൽ നിന്ന് വിരിഞ്ഞ കുഞ്ഞുങ്ങൾ തള്ളക്കോഴിയുടെ സ്വരങ്ങൾ അനുസരിച്ചു കാര്യങ്ങൾ മനസ്സിലാക്കും. എന്നാൽ മനുഷ്യക്കുഞ്ഞിനിതൊന്നും സാധ്യമല്ല.

മനുഷ്യന്റെ ഭൂമിയിലേക്കുള്ള കടന്നു വരവിനെക്കുറിച്ച് അല്ലാഹു പറയുന്നു:

وَٱللَّهُ أَخْرَجَكُم مِّنۢ بُطُونِ أُمَّهَٰتِكُمْ لَا تَعْلَمُونَ شَيْـًٔا وَجَعَلَ لَكُمُ ٱلسَّمْعَ وَٱلْأَبْصَٰرَ وَٱلْأَفْـِٔدَةَ ۙ لَعَلَّكُمْ تَشْكُرُونَ

''നിങ്ങളുടെ മാതാക്കളുടെ ഉദരങ്ങളിൽ നിന്ന് നിങ്ങൾക്ക് യാതൊന്നും അറിഞ്ഞുകൂടാത്ത അവസ്ഥയിൽ അല്ലാഹു നിങ്ങളെ പുറത്തുകൊണ്ടുവരുന്നു. നിങ്ങൾക്ക് അവൻ കേൾവിയും കാഴ്ചകളും ഹൃദയങ്ങളും നൽകുകയും ചെയ്തു. നിങ്ങൾ നന്ദിയുള്ളവരായിരിക്കുവാൻ വേണ്ടി.''

(16/78).

يُرِيدُ ٱللَّهُ أَن يُخَفِّفَ عَنكُمْ ۚ وَخُلِقَ ٱلْإِنسَٰنُ ضَعِيفًا

''ദുർബലനായിക്കൊണ്ടാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. (4:28) ദുർബലാവസ്ഥയിൽ നിന്ന് മെല്ലെമെല്ലെ ബലാവസ്ഥയിലേക്ക്. വീണ്ടും ദുർബലാവസ്ഥയിലേക്ക്.

وَٱللَّهُ خَلَقَ كُلَّ دَآبَّةٍ مِّن مَّآءٍ ۖ فَمِنْهُم مَّن يَمْشِى عَلَىٰ بَطْنِهِۦ وَمِنْهُم مَّن يَمْشِى عَلَىٰ رِجْلَيْنِ وَمِنْهُم مَّن يَمْشِى عَلَىٰٓ أَرْبَعٍ ۚ يَخْلُقُ ٱللَّهُ مَا يَشَآءُ ۚ إِنَّ ٱللَّهَ عَلَىٰ كُلِّ شَىْءٍ قَدِيرٌ

''നിങ്ങളെ ബലഹീനമായ അവസ്ഥയിൽ നിന്നു സൃഷ്ടിച്ചുണ്ടാക്കിയവനാകുന്നു അല്ലാഹു. പിന്നെ അവൻ ശക്തിക്കു ശേഷം ബലഹീനതയും നരയും ഉണ്ടാക്കി. അവൻ ഉദ്ദേശിക്കുന്നത് അവൻ സൃഷ്ടിക്കുന്നു. അവനത്രെ സർവജ്ഞനും സർവശക്തനും'' (30:54).

നാനാതരം സൃഷ്ടികൾ. ദൃഷ്ടിയിൽ പെടുന്നവയും പെടാത്തവയും. എല്ലാം സ്രഷ്ടാവായ അല്ലാഹുവിന്റെ ഇംഗിതം അനുസരിച്ച് ജീവിക്കുന്നു. അവയെ പൂർണമായും തിട്ടപ്പെടുത്താൻ മനുഷ്യന് സാധിച്ചിട്ടില്ല. ''എല്ലാ ജന്തുക്കളെയും അല്ലാഹു വെള്ളത്തിൽ നിന്ന് സൃഷ്ടിച്ചിരിക്കുന്നു. അവരുടെ കൂട്ടത്തിൽ ഉദരത്തിന്മേൽ ഇഴഞ്ഞു നടക്കുന്നവരുണ്ട്. രണ്ട് കാലിൽ നടക്കുന്നവരും അവരിലുണ്ട്. അല്ലാഹു താൻ ഉദ്ദേശിക്കുന്നത് സൃഷ്ടിക്കുന്നു. തീർച്ചയായും അല്ലാഹു എല്ലാ കാര്യത്തിനും കഴിവുള്ളവനാകുന്നു. (24:45).

എല്ലാ ജീവജാലങ്ങളും അല്ലാഹുവിനെ പ്രകീർത്തിക്കുന്നു. അവന് പ്രകീർത്തനം നടത്താത്ത ഒരു പടപ്പും ഇല്ല.

تُسَبِّحُ لَهُ ٱلسَّمَٰوَٰتُ ٱلسَّبْعُ وَٱلْأَرْضُ وَمَن فِيهِنَّ ۚ وَإِن مِّن شَىْءٍ إِلَّا يُسَبِّحُ بِحَمْدِهِۦ وَلَٰكِن لَّا تَفْقَهُونَ تَسْبِيحَهُمْ ۗ إِنَّهُۥ كَانَ حَلِيمًا غَفُورًا

''ഏഴ് ആകാശങ്ങളും ഭൂമിയും അവയിലുള്ളവരും അവന്റെ പരിശുദ്ധിയെ പ്രകീർത്തിക്കുന്നു. യാതൊരു വസ്തുവും അവനെ സ്തുതിച്ചുകൊണ്ട് (അവന്റെ) പരിശുദ്ധിയെ പ്രകീർത്തിക്കാത്തതായി ഇല്ല. പക്ഷേ, അവരുടെ കീർത്തനം നിങ്ങൾ ഗ്രഹിക്കുകയില്ല. തീർച്ചയായും അവൻ സഹനശീലനും ഏറെ പൊറുക്കുന്നവനുമാകുന്നു.'' (17:44)

സ്രഷ്ടാവിൽ നിന്ന് മനുഷ്യർ അനുഭവിക്കുന്ന അനുഗ്രഹങ്ങൾ ചെറുതല്ല. മനുഷ്യന് എന്താണ് സ്വന്തമായുള്ളത്? കരുണാനിധിയായ അല്ലാഹുവിങ്കൽ നിന്നുള്ളതല്ലാത്തതൊന്നും അവനില്ല. അതെല്ലാം എണ്ണി കണക്കാക്കാൻ പോലും മനുഷ്യന് സാധ്യമല്ല. ''അവനാണ് നിങ്ങൾക്കു വേണ്ടി ഭൂമിയിലുള്ളതെല്ലാം സൃഷ്ടിക്കുന്നത്.'' (2:29). മർത്ത്യന്റെ ഉൽകൃഷ്ടതയും വ്യതിരിക്തതയും വ്യക്തമാക്കുന്ന ഒരു ക്വുർആൻ ആയത്ത് കാണാം.

وَلَقَدْ كَرَّمْنَا بَنِىٓ ءَادَمَ وَحَمَلْنَٰهُمْ فِى ٱلْبَرِّ وَٱلْبَحْرِ وَرَزَقْنَٰهُم مِّنَ ٱلطَّيِّبَٰتِ وَفَضَّلْنَٰهُمْ عَلَىٰ كَثِيرٍ مِّمَّنْ خَلَقْنَا تَفْضِيلًا

"തീർച്ചയായും, ആദം സന്തതികളെ (മനുഷ്യരെ) നാം ആദരിക്കുകയും, കടലിലും കരയിലും അവരെ നാം വാഹനത്തിൽ കയറ്റുകയും, വിശിഷ്ടമായ വസ്തുക്കളിൽ നിന്ന് നാമവർക്ക് ഉപജീവനം നൽകുകയും നാം സൃഷ്ടിച്ചിട്ടുള്ളവരിൽ മിക്കവരെക്കാളും അവർക്ക് നാം സവിശേഷമായ ശ്രേഷ്ഠത നൽകുകയും ചെയ്തിരിക്കുന്നു'' (17:70).

വൈവിധ്യമാർന്ന രുചികരമായ ഭക്ഷ്യവസ്തുക്കൾ തിന്നുന്ന മനുഷ്യൻ. മറ്റുള്ളവയോ? വിവിധ തരം വാഹനങ്ങൾ മനുഷ്യൻ ഉപയോഗിക്കുന്നു. മറ്റുള്ളവയോ? കൂറ്റൻ യന്ത്രങ്ങളും മറ്റു സംവിധാനങ്ങളും ഉപയോഗിക്കുന്ന ബുദ്ധിമാനായ മനുഷ്യൻ. പക്ഷേ, ഭൂമിയിൽ നല്ല നിലയിൽ ജീവിക്കുന്നതിൽ അവന് വീഴ്ച സംഭവിക്കുന്നു. പിടിച്ചുപറി, പലിശ, വ്യഭിചാരം, ലഹരി, കൊല, യുദ്ധങ്ങൾ തുടങ്ങിവയിൽ മുഴുകി സകല ഫിത്നകളും അതു വഴി യാതനകളും അവൻ സമ്പാദിക്കുന്നു. ഇതാണ് വിഷയം. അറിയേണ്ടത് അറിയണം. അതില്ലാതെ അവിവേകവും മണ്ടത്തരവുമാണവൻ കാണിക്കുന്നത്.

വഹ്യ് മുഖേന മുഹമ്മദ് നബി(സ്വ)ന് ലഭിച്ചിട്ടുള്ള വിജ്ഞാനത്തിന്റെ ഭണ്ഡാരമാണ് വിശുദ്ധ ക്വുർആനും തിരുചര്യകളും. അഹങ്കാരത്തോടെ അവയുടെ നേരെ നിഷേധാത്മക നിലപാട് സ്വീകരിച്ച് സ്വയം നാശത്തിന്റെ കുഴി തോണ്ടുകയാണ് മനുഷ്യൻ. ആ രണ്ട് അറിവുകൾ ഇഹലോകത്ത് തന്റെ ജീവിതത്തിന്റെ വഴിയായി സ്വീകരിച്ചാൽ അന്തസ്സ് കൈവരിക്കാം. ഇഹപര വിജയം നേടാം. പരലോകത്ത് സ്വർഗ പ്രവേശവും നരക മുക്തിയും നേടാം. അതിനുപയുക്തമായ അറിവുകൾ സ്വായത്തമാക്കണം. അല്ല എങ്കിൽ എത്ര അറിവു നേടിയാലും അതുകൊണ്ട് പ്രയോജനമുണ്ടാവില്ല.

നബി(സ്വ)ന് പ്രഥമമായി അവതരിച്ച അഞ്ച് ആയത്തുകൾ മനുഷ്യന്റെ പഠനപ്രക്രിയയിലേക്കുള്ള ദിശാ സൂചകങ്ങളാണ്. എന്ത് പഠിക്കണം? എന്തിന് പഠിക്കണം? എങ്ങനെ പഠിക്കണം എന്നതിലൂടെ ശാശ്വത ജീവിതമായ പരലോകത്തിന് പ്രാമുഖ്യം നൽകുന്ന രീതിശാസ്ത്രം അതിൽ കാണാൻ

**വിജ്ഞാനത്തിന്റെ സ്വാധീനം ഇന്ന് സർവ മേഖലകളിലും കാണാം. അത് വളർന്നു കൊണ്ടേയിരിക്കുന്നു. എന്നാൽ ജന്തുജാലങ്ങളിൽ ഇതില്ല. പണ്ടുകാലത്തെ പശുവും ഇക്കാലത്തെ പശുവും തമ്മിൽ ഒരു വ്യത്യാസവുമില്ല. അന്നും ഇന്നും അതിന്റെ ഭക്ഷണം പുല്ല് തന്നെ. രോഗം വരുമ്പോൾ ചികിത്സ തേടി അവ സ്വയം എങ്ങോട്ടും പോകുന്നില്ല. ഓരോ ജീവിയിലും സ്ഥിരസ്ഥിതിയേ ഉള്ളൂ. മനുഷ്യൻ വിതച്ച് കൊയ്യുന്നു. മറ്റു ജീവികൾ വിതയ്ക്കാതെ കൊയ്യുന്നു. അവയ്ക്ക് പള്ളിക്കൂടങ്ങളും ഗവേഷണ കേന്ദ്രങ്ങളും ഇല്ല. നൈസർഗിക ശേഷികൾക്കപ്പുറത്ത് അവയ്ക്കൊന്നുമില്ല.**

കഴിയും. അതുവഴി ഇരുലോകവും ഭാസുരമാകും. നന്മ തിന്മയും തിരിച്ചറിയാനുള്ള അറിവാണ് നമുക്ക് വേണ്ടത്. അതിലൂടെ വ്യക്തിയും സമൂഹവും സംസ്കൃതരായിത്തീരും.

''സൃഷ്ടിച്ചവനായ നിന്റെ രക്ഷിതാവിന്റെ നാമത്തിൽ വായിക്കുക. മനുഷ്യനെ അവൻ ഭ്രൂണത്തിൽ നിന്ന് സൃഷ്ടിച്ചിരിക്കുന്നു. നീ വായിക്കുക, നിന്റെ രക്ഷിതാവ് പേന കൊണ്ട് പഠിപ്പിച്ചവനായ ഏറ്റവും വലിയ ഔദാര്യവനാകുന്നു. മനുഷ്യന് അറിയാത്തത് അവൻ പഠിപ്പിച്ചിരിക്കുന്നു'' (96:1-5)

റബ്ബിനെക്കുറിച്ച് ആലോചിച്ചുവോ? അവൻ നൽകിയ കഴിവുകൾ അവനെ മനസ്സിലാക്കാൻ ഉപയോഗപ്പെടുത്തിയോ? അവനോടുള്ള ബാധ്യത നിർവഹിച്ചുവോ? അത് മുറപ്രകാരം പഠിച്ചിട്ടുണ്ടോ? നമ്മുടെ മാർഗദർശിയായ വിശുദ്ധ ക്വുർആനിൽ നമുക്ക് എത്ര വിവരം ഉണ്ട്? തിരുചര്യകൾ നടപ്പിലാക്കുവാനുള്ള അറിവ് ആർജിച്ചുവോ? നാം ആലോചനക്ക് വിധേയമാക്കണം.

خَيْرُكُمْ مَنْ تَعَلَّمَ الْقُرآنَ وَعَلَّمَهُ

നബി(സ്വ) പറഞ്ഞു: ക്വുർആൻ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവരാണ് നിങ്ങളിൽ ഉത്തമൻ'' (ബുഖാരി). ''തീർച്ചയായും ഈ ക്വുർആൻ ഏറ്റവും ശരിയായതിലേക്ക് വഴി കാണിക്കുന്നു''(17:9). പഠിച്ചുവോ? വിചിന്തനം നടത്തിയോ? ജീവിതത്തിൽ നടപ്പിൽ വരുത്തിയോ? നമുക്ക് അനുകൂല ശിപാർശകനായി വിശുദ്ധ ക്വുർആൻ പരലോകത്ത് എത്തുമോ? ക്വുർആൻ നമുക്ക് എതിരിൽ സാക്ഷിയായാവുമോ? നാം ആലോചിച്ചു കൊണ്ടിരിക്കണം.

പ്രവാചകൻ പരലോകത്ത് വെച്ച് പറയുന്ന കാര്യം വിശുദ്ധ ക്വുർആനിൽ കാണാം.

وَقَالَ ٱلرَّسُولُ يَٰرَبِّ إِنَّ قَوْمِى ٱتَّخَذُوا۟ هَٰذَا ٱلْقُرْءَانَ مَهْجُورًا

''(അന്ന്) റസൂൽ പറയും: എന്റെ റബ്ബേ, തീർച്ചയായും എന്റെ ജനത ഈ ക്വുർആനെ അഗണ്യമാക്കി തള്ളിക്കളഞ്ഞിരിക്കുന്നു'' (25:30). ഇസ്‌ലാമിക വിജ്ഞാനീയങ്ങൾ പഠിക്കാനും പകർത്താനും പ്രചരിപ്പിക്കാനുമാണ് നാം പ്രാധാന്യം നൽകേണ്ടത്. മറ്റുള്ള വിജ്ഞാനങ്ങളും അതിനൊപ്പം പഠിക്കണം. അതിലൂടെ വിശ്വാസം വർധിപ്പിക്കുവാനും ദൃഢീകരിക്കുവാനും കഴിയണം.

അല്ലാഹുവിന്റെ വിധി വിലക്കുകൾക്ക് വിധേയപ്പെട്ടു ജീവിക്കുന്നവനാണ് വിശ്വാസി. അല്ലാഹുവിനെ മാത്രം ആരാധിക്കുക, മറ്റൊന്നിനെയും ആരാധിക്കാതിരിക്കുക. ഇതാണ് മനുഷ്യന്റെ മുഖ്യ ധർമം. അതിന് യഥാവിധി സാധിക്കണമെങ്കിൽ ശരിയായ അറിവ് വേണം. നാട്ടു നടപ്പും അന്ധമായ അനുകരണവും പിൻതുടർന്നാൽ അപകടത്തിലെത്തും. മതപഠനം പാർശ്വവൽക്കരിച്ചാൽ ഗുരുതരമായ പിഴവ് സംഭവിക്കും. ഒരു തലമുറ തന്നെ അതിലൂടെ തകരാറിലാവും. അതുണ്ടായിക്കൂടാ. ഇസ്‌ലാമിനെ പഠിക്കണം. അതാണ് ജീവിതരേഖ. അത് പഠിക്കുമ്പോൾ അല്ലാഹുവിന് വിധേയപ്പെടും.

إِنَّمَا يَخْشَى ٱللَّهَ مِنْ عِبَادِهِ ٱلْعُلَمَٰٓؤُا۟ۗ

''അല്ലാഹുവെ ഭയപ്പെടുന്നത് അവന്റെ ദാസന്മാരിൽ നിന്ന് അറിവുള്ളവർ മാത്രമാകുന്നു. (35:28). വിശ്വാസവും വിജ്ഞാനവും വിനയവും തദനുസൃതമായ കർമങ്ങളും സമ്മേളിക്കുമ്പോൾ മഹത്ത്വം കൈവരും. അറിവ് നേരായ രൂപത്തിൽ ലഭിക്കുവാനും അതിൽ വർധനവുണ്ടാകാനും പ്രാർഥിക്കേണ്ടതുണ്ട്. അല്ലാഹു പറയുന്നു:

رَّبِّ زِدْنِى عِلْمًا

''നാഥാ, എനിക്ക് നീ അറിവ് വർധിപ്പിച്ചു തരേണമേ,'' (20:114) നബി(സ്വ) പഠിപ്പിക്കുന്നു.

مَنْ يُرِدِ اللَّهُ بِهِ خَيْرًا يُفَقِّهْهُ فِي الدِّينِ،

''അല്ലാഹു വല്ലവനും നന്മയുദ്ദേശിച്ചാൽ ദീനിനെക്കുറിച്ച് അവന് അറിവ് നൽകും'' (ബുഖാരി, മുസ്‌ലിം).

ഉത്തമ സമൂഹ സൃഷ്ടിക്ക് നബി(സ്വ) സ്വീകരിച്ച മാനദണ്ഡം വിശുദ്ധ ക്വുർആൻ പഠിപ്പിക്കുക എന്നതായിരുന്നു.

അല്ലാഹു പറയുന്നു:

هُوَ ٱلَّذِى بَعَثَ فِى ٱلْأُمِّيِّـۧنَ رَسُولًا مِّنْهُمْ يَتْلُوا۟ عَلَيْهِمْ ءَايَـٰتِهِۦ وَيُزَكِّيهِمْ وَيُعَلِّمُهُمُ ٱلْكِتَـٰبَ وَٱلْحِكْمَةَ وَإِن كَانُوا۟ مِن قَبْلُ لَفِى ضَلَـٰلٍ مُّبِينٍ

''അക്ഷരജ്ഞാനമില്ലാത്തവർക്കിടയിൽ, തന്റെ ദൃഷ്ടാന്തങ്ങൾ (ആയത്തുകൾ) വായിച്ചു കേൾപ്പിക്കുകയും അവരെ സംസ്കരിക്കുകയും, അവർക്ക് വേദ ഗ്രന്ഥവും തത്വജ്ഞാനവും പഠിപ്പിക്കുകയും ചെയ്യാൻ അവരിൽ നിന്നു തന്നെയുള്ള ഒരു ദൂതനെ നിയോഗിച്ചവനാകുന്നു അവൻ.''(62:2).

ക്വുർആൻ ആയത്തുകൾ വായിച്ചുകൊടുക്കുക, അത് അവരെ പഠിപ്പിക്കുക; അവരെ അതിന്റെ അടിസ്ഥാനത്തിൽ സംസ്കരിക്കുക എന്നിവ യായിരുന്നു പ്രവാചകന്റെ ദൗത്യം. അതിലൂടെ മഹത്തായ സമൂഹം സൃഷ്ടിക്കപ്പെട്ടു. മാതൃകാ സമൂഹം, ഉത്തമ സമൂഹം എന്നൊക്കെയാണ് അവർ വിശേഷിപ്പിക്കപ്പെട്ടത്.

يَرْفَعِ ٱللَّهُ ٱلَّذِينَ ءَامَنُوا۟ مِنكُمْ وَٱلَّذِينَ أُوتُوا۟ ٱلْعِلْمَ دَرَجَـٰتٍ ۚ وَٱللَّهُ بِمَا تَعْمَلُونَ خَبِيرٌ

''നിങ്ങളിൽ നിന്ന് വിശ്വസിച്ചവരെയും വിജ്ഞാനം നൽകപ്പെട്ടവരെയും അല്ലാഹു പല പടികൾ ഉയർത്തുന്നതാണ്. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി സൂക്ഷ്മമായി അറിയുന്നവനാകുന്നു.'' (58:11)

സ്വഹാബികൾ നബി(സ്വ)യിൽ നിന്ന് കാര്യങ്ങൾ പഠിക്കുവാൻ കാണിച്ച താത്പര്യവും ജാഗ്രതയും വിശ്രുതമാണ്. അറിവ് നേടാനായി എന്ത് ത്യാഗവും അവർ ചെയ്തിരുന്നു. മഹാനായ ഉമർ(റ) സ്വീകരിച്ച പഠനരീതി ബുഖാരിയും മുസ് ലിം ഉദ്ധരിച്ച ഒരു സംഭവത്തിൽ നിന്ന് കാണാം. ഉമർ(റ)പറയുന്നു. ''ഞാനും അൻസ്വാരികളിൽ പെട്ട എന്റെ ഒരു അയൽവാസിയും ബനൂഉമയ്യത്ത്ബ്നു സൈദ് ഗോത്രത്തിലാണ് താമസിച്ചിരുന്നത്. അത് മദീനയുടെ ഉയർന്ന പ്രദേശത്തെ ഒരു ഗ്രാമമായിരുന്നു. ഞങ്ങൾ ഊഴം നിശ്ചയിച്ചാണ് നബിയുടെ അടുത്ത് പോയിരുന്നത്. ഒരു ദിവസം അദ്ദേഹം. അടുത്ത ദിവസം ഞാൻ. ഞാൻ പോവുന്ന ദിവസം നബിക്ക് ലഭിച്ച വഹ്‌യിന്റെയും മറ്റും വിവരങ്ങളുമായി ഞാനദ്ദേഹത്തെ സമീപിക്കും. അദ്ദേഹവും അങ്ങനെ തന്നെ ചെയ്യും. അവിടുത്തെ അധ്യാപനങ്ങളിൽ നിന്ന് ഒന്നും നഷ്ടപ്പെടാതെ ലഭ്യമാവും. അതോടൊപ്പം ഉപജീവനത്തിനുള്ള മാർഗവും തുടരും.''

അറിവ് സ്വായത്തമാക്കൽ എല്ലാ വിശ്വാസിയുടെയും ബാധ്യതയാണ്. ഉപകാരപ്രദമായ അറിവുകൾ സ്വന്തമാക്കുന്നത് വിശ്വാസികളുടെ സവിശേഷതയാണ്. മനുഷ്യനെ മാന്യനും യോഗ്യനും ഉന്നതനുമാക്കുന്നതിൽ അറിവിന് അനിഷേധ്യമായ പങ്കുണ്ട്. അല്ലാഹു മാത്രമാണ് ആരാധ്യൻ എന്നതാണ് മഹത്തായ അറിവ്. അതിനായി അല്ലാഹു അവനെക്കുറിച്ചു പറഞ്ഞു തന്ന കാര്യങ്ങൾ അറിയണം. മനുഷ്യന്റെ ജീവിതദൗത്യം അവനെ മാത്രം ആരാധിക്കുക എന്നതാണ്. തൗഹീദൊഴികെ ബാക്കി എന്തുണ്ടായിട്ടും കാര്യമില്ല. ഉടലുണ്ട് അതിന്മേൽ തലയില്ല എന്ന് പറഞ്ഞതുപോലെ യാവും അവസ്ഥ.

فَٱعْلَمْ أَنَّهُۥ لَآ إِلَـٰهَ إِلَّا ٱللَّهُ

''ആകയാൽ അല്ലാഹുവല്ലാതെ യാതൊരു ആരാധ്യനുമില്ലെന്ന് നീ മനസ്സിലാക്കുക'' (47:19).

വിശ്വാസ കാര്യങ്ങളും അനുഷ്ഠാനങ്ങളും പെരുമാറ്റങ്ങളും മറ്റു ക്രയവിക്രയങ്ങളും ഇസ്‌ലാമികമാവാൻ അവയുടേതായ അറിവുകൾ സമ്പാദിക്കണം. മനസാ വാചാ കർമണാ ജീവിതത്തിൽ അത് പ്രകടമാവണം. അതിന് ഇഖ്‌ലാസ്വും, മന:ശുദ്ധിയും അനിവാര്യം. നമുക്ക് എത്തിച്ചേരാനുള്ള പരലോകത്തെക്കുറിച്ചുള്ള ബോധം നമ്മെ സദാ നയിക്കണം. ഇത് സംബന്ധിച്ചുള്ള അറിവുകൾ പകർന്നു കൊടുക്കാനുള്ള സംവിധാനവും വേണം.

നബി(സ്വ)യാണ് നമുക്ക് മാതൃക. ആ മാതൃക സ്വഹാബത്ത് അത് അതേപടി പകർത്തി ജീവിച്ചു. ആ വഴിയിൽ കണ്ണി ചേരുകയാണ് തുടർന്ന് വന്ന തലമുറകൾ. അതാണ് സുരക്ഷിത പാത. ഒടുനാൾ വരെയുള്ള വിശ്വാസികളുടെ പാതയും അത് തന്നെ. അത് സംബന്ധിച്ചുള്ള അറിവുകൾ ഒരു ദീപസ്തംഭം പോലെയാണ്. അത്കെട്ടുപോകില്ല. പ്രകാശം വിതറിക്കൊണ്ടിരിക്കും. ആവശ്യക്കാർക്ക് ആ വെളിച്ചത്തിൽ അണിചേരാം.

فَإِنْ ءَامَنُوا۟ بِمِثْلِ مَآ ءَامَنتُم بِهِۦ فَقَدِ ٱهْتَدَوا۟ ۖ وَّإِن تَوَلَّوْا۟ فَإِنَّمَا هُمْ فِى شِقَاقٍ ۖ فَسَيَكْفِيكَهُمُ ٱللَّهُ ۚ وَهُوَ ٱلسَّمِيعُ ٱلْعَلِيمُ

''നിങ്ങൾ ഈ വിശ്വസിച്ചതുപോലെ അവരും

**വഹ്‌യ് മുഖേന മുഹമ്മദ് നബി (സ്വ)ന് ലഭിച്ചിട്ടുള്ള വിജ്ഞാനത്തിന്റെ ഭണ്ഡാരമാണ് വിശുദ്ധ ക്വുർആനും തിരുചര്യകളും. അഹങ്കാരത്തോടെ അവയുടെ നേരെ നിഷേധാത്മക നിലപാട് സ്വീകരിച്ച് സ്വയം നാശത്തിന്റെ കുഴി തോണ്ടുകയാണ് മനുഷ്യൻ. ആ രണ്ട് അറിവുകൾ ഇഹലോകത്ത് തന്റെ ജീവിതത്തിന്റെ വഴിയായി സ്വീകരിച്ചാൽ അന്തസ്സ് കൈവരിക്കാം. ഇഹപര വിജയം നേടാം. പരലോകത്ത് സ്വർഗ പ്രവേശവും നരക മുക്തിയും നേടാം.**

വിശ്വസിച്ചിരുന്നു. അവർ നേർമാർഗത്തിലായിക്കഴിഞ്ഞു. അവർ പിന്തിരിഞ്ഞു കളയുകയാണെങ്കിലോ അവരുടെ നിലപാട് കക്ഷി മാത്സര്യം മാത്രമാകുന്നു. അവരിൽ നിന്ന് സംരക്ഷിക്കാൻ അല്ലാഹു മതി. അവൻ എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാണ്. (2:137)

സ്വഹാബത്താണ് സുരക്ഷിതപാതയിലെ പ്രഥമ ശ്രേണിയിലുള്ളവർ. യഥാർഥ അറിവാണവർക്കവലംബം. സങ്കൽപ്പമോ, ഊഹമോ, മിഥ്യകളോ, ഭാവനകളോ, കെട്ടുകഥകളോ അതിലില്ല. സ്രഷ്ടാവിങ്കൽ നിന്ന് വഹ്‌യ് മുഖേന പ്രവാചകന് ലഭിച്ചയാണവ. അദ്ദേഹം തന്നിഷ്ടപ്രകാരം സംസാരിക്കുന്നുമില്ല. അത് അദ്ദേഹത്തിന് ദിവ്യ സന്ദേശമായി (വഹ്‌യ്) നൽകപ്പെടുന്ന ഒരു ഉൽബോധനം മാത്രമാകുന്നു. ജിബ്‌രീൽ എന്ന മലക്കാണ് അദ്ദേഹത്തെ അത് പഠിപ്പിച്ചിട്ടുള്ളത്.

ഉദ്ദേശ്യ ശുദ്ധിയോടെ ഒരാൾ അറിവ് സമ്പാദന വഴിയിൽ പ്രവേശിച്ചാൽ അയാൾ അല്ലാഹുവിന്റെ മാർഗത്തിലാണെന്ന് നബി(സ്വ) പഠിപ്പിക്കുന്നുണ്ട്. അത് സത്യവിശ്വാസത്തിലേക്കും സത്കർമത്തിലേക്കും തുടർന്നു സ്വർഗത്തിലേക്കുമാണയാളെ എത്തിക്കുക.

مَنْ سَلَكَ طَرِيقًا يَلْتَمِسُ فِيهِ عِلْمًا ؛ سَهَّلَ اللَّهُ لَهُ طَرِيقًا إِلَى الْجَنَّةِ

''ഒരാൾ അറിവ് അന്വേഷിച്ച് ഒരു മാർഗത്തിൽ പ്രവേശിച്ചാൽ അല്ലാഹു അയാൾക്ക് സ്വർഗത്തിലേക്കുള്ള വഴി എളുപ്പമാക്കിക്കൊടുക്കും (മുസ്‌ലിം).

ലക്ഷ്യം പിഴച്ചാൽ വിപരീത ഫലമാണുണ്ടാവുക. നബി(സ്വ) പറയുന്നു: ''ഒരാൾ പണ്ഡിതന്മാരോട് കിടപിടിക്കാൻ വേണ്ടിയോ, ജനങ്ങളുടെ ശ്രദ്ധ ആകർഷിക്കാൻ വേണ്ടിയോ വിദ്യയഭ്യസിച്ചാൽ അല്ലാഹു അയാളെ നരകത്തിൽ പ്രവേശിപ്പിക്കുന്നതാണ്'' (തിർമിദി).

അറിവ് ഒരു അമാനത്താണ്. അതിൽ സൂക്ഷ്മതയും അല്ലാഹുവിനോടുള്ള പ്രീതിയും അവങ്കൽ നിന്നുള്ള പ്രതിഫലേച്ഛയും വേണം. അറിവ് അപ്രത്യക്ഷമാവുകയും അധർമങ്ങൾ കൊടുകുത്തി വാഴുകയും ചെയ്യുന്ന ദുരവസ്ഥയെക്കുറിച്ച് നബി(സ്വ) മുന്നറിയിപ്പ് നൽകുന്നുണ്ട്.

നബി(സ്വ) പറഞ്ഞു.

" إِنَّ مِنْ أَشْرَاطِ السَّاعَةِ أَنْ يُرْفَعَ الْعِلْمُ، وَيَثْبُتَ الْجَهْلُ، وَيُشْرَبَ الْخَمْرُ، وَيَظْهَرَ الزِّنَى ".

''വിജ്ഞാനം ഉയർത്തപ്പെടുക, അജ്ഞത മൂടുറക്കുക, ലഹരി സാർവത്രികമാവുക,വ്യഭിചാരം വർധിക്കുക എന്നിവ അന്ത്യനാളിന്റെ അടയാളങ്ങളിൽ പെട്ടതാകുന്നു.'' (ബുഖാരി). അവിടുന്ന് ഓർമിപ്പിച്ചു.

"إِنَّ اللَّهَ لَا يَقْبِضُ الْعِلْمَ انْتِزَاعًا يَنْتَزِعُهُ مِنَ النَّاسِ، وَلَكِنْ يَقْبِضُ الْعِلْمَ بِقَبْضِ الْعُلَمَاءِ، حَتَّى إِذَا لَمْ يَتْرُكْ عَالِمًا، اتَّخَذَ النَّاسُ رُءُوسًا جُهَّالًا، فَسُئِلُوا فَأَفْتَوْا بِغَيْرِ عِلْمٍ، فَضَلُّوا وَأَضَلُّوا ".

''ജനങ്ങളിൽ നിന്ന് വിജ്ഞാനത്തെ ഒറ്റയടിക്ക് പിടിച്ചെടുക്കുകയല്ല അല്ലാഹു ചെയ്യുന്നത്. മറിച്ച് പണ്ഡിതന്മാരുടെ വിയോഗം കൊണ്ടാണ്. അങ്ങനെ ഒരു പണ്ഡിതനും ശേഷിക്കാതാവുമ്പോൾ, ജനങ്ങൾ അറിവില്ലാത്തവരെ നേതാക്കളാക്കും. അവരോട് മതിവിധി തേടും. അറിവില്ലായ്മയുടെ അടിസ്ഥാനത്തിൽ അവർ ഫത്‌വ ഇറക്കും. അതുമൂലം അവർ സ്വയം വഴികേടിലാവുകയും മറ്റുള്ളവരെ വഴികേടിലാക്കുകയും ചെയ്യും.'' (ബുഖാരി, മുസ്‌ലിം)

വൈജ്ഞാനിക മേഖല എന്നും സജീവമായിരിക്കണം. അളവില്ലാത്ത ജ്ഞാനത്തിന്റെ ഉടമ അല്ലാഹു മാത്രം. സപ്ത സാഗരം പലവുരു ആവർത്തിച്ചു മഷിയാക്കിയാലും റബ്ബിന്റെ വചനങ്ങൾ പൂർത്തിയാവാതെ ബാക്കി നിൽക്കും.

പരമാവധി അറിവ് നേടാൻ ശ്രമിക്കുക. അത് മറ്റുള്ളവർക്ക് എത്തിച്ചുകൊടുക്കുക. പ്രമാണങ്ങളായിരിക്കണം അതിന് അവലംബം. അറിവിലൂടെ അന്തസ്സിലേക്ക്. അതിലൂടെ ഇഹപര വിജയം. അത്തരം അറിവു നേടി വിജയിക്കാനായിരിക്കട്ടെ നമ്മുടെ ശ്രദ്ധയും ശ്രമവും. ●

## നബിചര്യയും ഇസ്‌ലാമിക ശരീഅത്തും 8

# ഹദീഥ് തരം തിരിവിന്റെ മാനദണ്ഡങ്ങൾ

**ഒന്നും രണ്ടും നൂറ്റാണ്ടുകളിലെ ഇമാമുകൾക്കിടയിൽ സ്വഹീഹ്, ളഈഫ് എന്നിങ്ങനെ രണ്ട് തരംതിരിവല്ലാതെ, ഹസൻ എന്ന മൂന്നാമതൊരു തരത്തെക്കുറിച്ചുള്ള ചർച്ച പതിവില്ലായിരുന്നു. ഇമാം അഹ്മദ്, ബുഖാരി മുതലായവരുടെ കാലം മുതൽക്കാണു ഈ വിഭജനം നിലവിൽ വന്നത്. സത്യസന്ധത, വിശ്വസ്തത, മര്യാദ തുടങ്ങിയവയിൽ സ്വഹീഹിന്റെ സ്ഥാനമുണ്ടെങ്കിലും കൃത്യതയിലും സൂക്ഷ്മതയിലും അൽപം ചില പോരായ്മയുള്ളവരുടെ ഹദീഥിനാണു പൊതുവിൽ ഹസൻ എന്നു പറയപ്പെടുന്നത്. ഇതാണ് ഇബ്നുഹജറിൽ അസ്ക്വലാനീ(റ) മുതലായ പിൽകാല ഹദീഥു പണ്ഡിതന്മാരുടെ പ്രസ്താവനകളിൽ നിന്നു മനസ്സിലാകുന്നത്.**

ഡോ. മുസ്ത്വഫ സിബാഇ

ഹദീഥു പണ്ഡിതന്മാർ ഹദീഥുകളെ ‘സ്വഹീഹ്’ (ശരിയായത്, അഥവാ ബലപ്പെട്ടത്). ‘ഹസൻ’ (നല്ലത് അഥവാ ദോഷമില്ലാത്തത്). ‘ളഈഫ്’ (ബലഹീനമായത്) എന്നിങ്ങനെ മൂന്നായി തരം തിരിച്ചിരിക്കുന്നു.

**1.സ്വഹീഹ്:** കൃത്യതയുള്ളവരും മര്യാദക്കാരുമായ നിവേദകൻമാർ മുഖേന നബി(സ്വ) വരേക്കും അല്ലെങ്കിൽ അവസാനത്തെ വക്താവു വരേക്കും സനദ് ചേർന്നുവരുകയും, തള്ളപ്പെടുന്നതോ, വിശ്വാസ യോഗ്യരായ ആളുകളുടെ റിപ്പോർട്ടുമായി യോജിക്കാത്തതോ, ന്യൂനത വരുത്തത്തക്ക എന്തെങ്കിലും തകരാറുള്ളതോ അല്ലാത്ത ഹദീഥാണ്‘സ്വഹീഹ്’ എന്നു പറയുന്നത്. ‘സനദു ചേർന്നുവരുക എന്നതിന്റെ വിവക്ഷ, സനദിന്റെ ഓരോ കണ്ണിയും വിടവൊന്നുമില്ലാതെ ഒന്നൊന്നിനോട് ചേർന്നുനിൽക്കുക എന്നാണ്.

**2.ഹസൻ:** സ്വഹീഹിന്നും ളഈഫിനും മധ്യെയാണു ‘ഹസൻ’ നിലകൊള്ളുന്നത്. ഇതു കേവലം ആപേക്ഷികമായ ഒരു വിഭജനമായതുകൊണ്ടും പരിശോധകന്റെ വീക്ഷണ ഗതിയിലെ വ്യത്യാസം കൊണ്ടും ഇതിന്റെ നിർവചനത്തിൽ പണ്ഡിതൻമാർ വ്യത്യസ്ത നിലപാടു സ്വീകരിച്ചതായി കാണാം. ഇബ്നുസ്സലാഹ്(റ) ചൂണ്ടിക്കാട്ടിയതുപോലെ, ഇക്കാരണത്താൽ തന്നെ പലർക്കും അതിന്നു കൃത്യമായ ഒരു നിർവചനം നൽകുവാൻ സാധിക്കാതെ വന്നിട്ടുണ്ട്. ചിലപ്പോൾ, സ്വഹീഹെന്നു വിധികൽപ്പിക്കുന്നതിന്നു തടസ്സമായി വല്ല ന്യൂനതയും ഗൂഢമായി ഉള്ളതായി സൂക്ഷ്മജ്ഞാനികളായ പണ്ഡിതന്മാർ കണ്ടെത്തുകയും, അതു വാചക രൂപത്തിൽ വ്യക്തമാക്കുവാൻ പ്രയാസമായിത്തീരുകയും ചെയ്തേക്കും. ഹസനിന്നു ഒരേ രൂപത്തിലുള്ള ഒരു നിർവചനം കാണാത്തതിന്ന് ഇതും ഒരു കാരണമാണ്.

ഇത്തരം കാര്യങ്ങൾ സൂചിപ്പിച്ച ശേഷം, ഇബ്നുസ്സലാഹ് പറയുന്നു:‘ഹസനായ ഹദീഥ് രണ്ടുതരമുണ്ട്: (1) അശ്രദ്ധനും, ധാരാളമായി

**മുർസലായ ഹദീഥ് തെളിവിന്ന് സ്വീകരിക്കാൻ പറ്റുമോ എന്നതിൽ ഫുക്വഹാക്കൾക്കിടയിൽ അഭിപ്രായ വ്യത്യാസമുണ്ട്. ഹദീഥ് പണ്ഡിതന്മാർ അതു തെളിവായി സ്വീകരിക്കാറില്ല. ഇമാം മുസ്‌ലിം തന്റെ മുഖവുരയിൽ പറയുന്നു: "നമ്മുടെയും, ഹദീഥിനെപ്പറ്റി അറിവുള്ള പണ്ഡിതൻമാരുടെയും ശരിയായ അഭിപ്രായം മുർസൽ തെളിവല്ല എന്നാണ്." ഇബ്നുസ്സലാഹ് പറയുന്നു: "മുർസലുകൊണ്ടു തെളിവു സ്വീകരിക്കുയില്ലെന്നും, അതു ളഈഫാണെന്നു വിധിക്കണമെന്നും നാം പ്രസ്താവിച്ചതു തന്നെയാണ് ഹദീഥു പണ്ഡിതന്മാരും ഹദീഥു വിമർശകൻമാരുമായ പണ്ഡിതൻമാരുടെ അടുക്കൽ സ്ഥിരപ്പെട്ടതും അവർ തങ്ങളുടെ ഗ്രന്ഥങ്ങളിൽ കൈകാര്യം ചെയ്തുവരുന്ന അഭിപ്രായവും."**

അബദ്ധം പിണയുന്നവനും, കളവു പറഞ്ഞേക്കാമെന്നു സംശയിക്കപ്പെടുവാനുമല്ലെങ്കിലും, അർഹതയെക്കുറിച്ചു ശരിക്കു അറിയപ്പെട്ടിട്ടില്ലാത്ത വല്ല വ്യക്തിയും സനദിൽ ഉണ്ടായിരിക്കുവാൻ സാധ്യതയുള്ള ഹദീഥ്. ആ ഹദീഥിന്റെ 'മത്ന്' അതേ പ്രകാരമോ, അതോടു തുല്യമായ നിലയിലോ വേറെ വഴിക്കു രിവായത്തു ചെയ്യപ്പെട്ടിരിക്കുകയും വേണം. (2) സത്യസന്ധതയിലും വിശ്വസ്തതയിലും പ്രശസ്തനാണെങ്കിലും, മന:പാഠത്തിലും സൂക്ഷ്മതയിലും സ്വഹീഹിന്റെ സ്ഥാനം പ്രാപിച്ചിട്ടില്ലാത്ത റിപ്പോർട്ടർ നിവേദനം ചെയ്തത്. അയാളുടെ സനദു ആക്ഷേപ വിധേയമാകാത്തതും, മത്നു വിശ്വാസ യോഗ്യരുടെ റിപ്പോർട്ടുകൾക്ക് എതിരാവാത്തതും, കേടുപാടുകൾ ഇല്ലാത്തതും ആയിരിക്കണം.'' (ഇഖ്തിസ്വാറു ഉലൂമിൽ ഹദീഥ്, പേ 28)

ഒന്നും രണ്ടും നൂറ്റാണ്ടുകളിലെ ഇമാമുകൾക്കിടയിൽ സ്വഹീഹ്, ളഈഫ് എന്നിങ്ങനെ രണ്ട് തരംതിരിവല്ലാതെ, ഹസൻ എന്ന മൂന്നാമതൊരു തരത്തെക്കുറിച്ചുള്ള ചർച്ച പതിവില്ലായിരുന്നു. ഇമാം അഹ്മദ്, ബുഖാരി മുതലായവരുടെ കാലം മുതൽക്കാണു ഈ വിഭജനം നിലവിൽ വന്നത്. സത്യസന്ധത, വിശ്വസ്തത, മര്യാദ തുടങ്ങിയവയിൽ സ്വഹീഹിന്റെ സ്ഥാനമുണ്ടെങ്കിലും കൃത്യതയിലും സൂക്ഷ്മതയിലും അൽപം പോരായ്മയുള്ളവരുടെ ഹദീഥിനാണു പൊതുവിൽ ഹസൻ എന്നു പറയപ്പെടുന്നത്. ഇതാണ് ഇബ്നുഹജറിൽ അസ്ക്വലാനീ(റ) മുതലായ പിൽകാല ഹദീഥു പണ്ഡിതന്മാരുടെ പ്രസ്താവനകളിൽ നിന്നു മനസ്സിലാകുന്നത്.

**3. ളഈഫ്:** സ്വഹീഹിന്റെയും, ഹസനിന്റെയും ഗുണങ്ങൾ പൂർത്തിയാകാത്തവിധം ബലഹീനമായതിനാണു ളഈഫ് എന്നു പറയുന്നത്. ഇതിൽ പല ഇനങ്ങൾ ഉൾപ്പെടുന്നു:

**1. മുർസൽ:** സനദിൽ നിന്നു സഹാബിയുടെ പേർ വിട്ടുപോയതാണിത്. മുർസലായ ഹദീഥ് തെളിവിന്ന് സ്വീകരിക്കാൻ പറ്റുമോ എന്നതിൽ ഫുക്വഹാക്കൾക്കിടയിൽ അഭിപ്രായ വ്യത്യാസമുണ്ട്. ഹദീഥ് പണ്ഡിതന്മാർ അതു തെളിവായി സ്വീകരിക്കാറില്ല. ഇമാം മുസ്‌ലിം തന്റെ മുഖവുരയിൽ പറയുന്നു: ''നമ്മുടെയും, ഹദീഥിനെപ്പറ്റി അറിവുള്ള പണ്ഡിതൻമാരുടെയും ശരിയായ അഭിപ്രായം മുർസൽ തെളിവല്ല എന്നാണ്.'' ഇബ്നുസ്സലാഹ് പറയുന്നു: ''മുർസലുകൊണ്ടു തെളിവു സ്വീകരിക്കുകയില്ലെന്നും, അതു ളഈഫാണെന്നു വിധിക്കണമെന്നും നാം പ്രസ്താവിച്ചതു തന്നെയാണ് ഹദീഥു പണ്ഡിതന്മാരും ഹദീഥു വിമർശകൻമാരുമായ പണ്ഡിതൻമാരുടെ അടുക്കൽ സ്ഥിരപ്പെട്ടതും അവർ തങ്ങളുടെ ഗ്രന്ഥങ്ങളിൽ കൈകാര്യം ചെയ്തുവരുന്ന അഭിപ്രായവും.''

അല്ലാഹുവിന്റെ ദീനിലും, റസൂലിന്റെ സുന്നത്തിലും പണ്ഡിതന്മാർ കാണിച്ച അങ്ങേയറ്റം സൂക്ഷ്മതയാണ് മുർസലായ ഹദീഥ് തെളിവാക്കാൻ പറ്റുകയില്ലെന്ന നിലപാട് എന്നതിൽ സംശയമില്ല. സ്വഹാബികളെല്ലാം സമുന്നതരാണെന്നു പറയുന്ന അതേ പണ്ഡിതന്മാർ തന്നെയാണ് മുർസലായ ഹദീഥ് ബലഹീനമാണെന്നു പറയുന്നത്. സ്വഹാബിയുടെ പേര് മാത്രം വിട്ടുപോയി എന്നതാണ് മുർസലിന്റെ ന്യൂനത. ഈ വിട്ടുപോയ സ്വഹാബി ഒരു പക്ഷെ ആ ഹദീഥു നബിയിൽ നിന്നോ വേറൊരു സ്വഹാബിയിൽ നിന്നോ അല്ലാതെ ഒരു താബിഈയുടെ പക്കൽ നിന്നു കേട്ടതായിരിക്കുവാനും, ആ താബിഈ ഒരു പക്ഷെ, ബലഹീനനായിരിക്കുവാനും സാധ്യതയുണ്ടല്ലോ എന്നതാണ് കാരണം. ഇതാകട്ടെ, വളരെ വിദൂരമായ ഒരു സങ്കല്പമാണുതാനും. അങ്ങനെയാണെങ്കിൽ, അതിന്റെ

റിപ്പോർട്ടർ അതു തുറന്നുപറയുമായിരുന്നുവെന്നു കരുതുവാനാണു കൂടുതൽ ന്യായമുള്ളത്. ഇനി, ആ സ്വഹാബിക്കു പറഞ്ഞുകൊടുത്ത താബിഈ മറ്റൊരു താബിഈയിൽ നിന്നും കേട്ടതാവാൻ സാധ്യതയുണ്ടെന്നത് അതിലേറെ അപൂർവമായിരിക്കും. ഏതായാലും, വിശ്വസ്ത റിപ്പോർട്ടറായ ഒരു താബിഈ ഈ വിശ്വസ്തരിൽ നിന്നു മാത്രമേ ഹദീഥു സ്വീകരിക്കുകയുള്ളൂ. സ്വഹാബിയിൽ നിന്നു കേട്ടതല്ലാത്ത വർത്തമാനം അവർ നബി(സ്വ)യിലേക്കു ചേർത്തിപ്പറയുകയില്ല തന്നെ. സ്വഹാബികളാകട്ടെ, എല്ലാവരും മര്യാദക്കാരുമാണ്. ആ സ്ഥിതിക്കു മുർസലായ ഹദീഥിന്നു പോരായ്മയൊന്നും ഉണ്ടാവുകയില്ല. എന്നിട്ടുപോലും പണ്ഡിതന്മാർ മുർസലായ ഹദീഥ്‌തെളിവിന്നു സ്വീകരിക്കുകയില്ലെന്നു വിധിച്ചത് സുന്നത്തിനോട് അവർ സ്വീകരിച്ച സൂക്ഷ്മതയുടെയും കൃത്യബോധത്തിന്റെയും ഗൗരവത്തെയല്ലാതെ മറ്റെന്താണ് സൂചിപ്പിക്കുന്നത്?!

**2.മുൻകത്വിഇ്:** സനദിൽ നിന്നു എവിടെയെങ്കിലും സ്വഹാബിയല്ലാത്ത ഒരാൾ വിട്ടുപോയ ഹദീഥാണിത്. ഒരു പക്ഷേ, പേര് പറയപ്പെട്ടിട്ടുണ്ടെങ്കിലും അയാളുടെ അവസ്ഥ അറിയപ്പെടാത്തവനാണെങ്കിലും അങ്ങനെത്തന്നെ.

**3. മുഅല്ലൽ:** അഥവാ സനദിൽ നിന്നു രണ്ടോ അധികമോ റിപ്പോർട്ടർമാർ വിട്ടുപോയതാണ് ഈവിഭാഗം ഹദീഥുകൾ. താബിഇന്നു ശേഷമുള്ള പിൻഗാമി (തബഉ-ത്താബിഉ) നബി(സ്വ)യിൽ നിന്നു തന്റെ ഗുരുവായ താബിയുടെയും സ്വഹാബിയുടെയും പേരു പറഞ്ഞത് ഉദ്ധരിക്കുന്ന ഹദീഥ് ഈ ഇനത്തിൽ പെടുന്നു.

**4. ശാദ്ദ്:** പ്രസിദ്ധമായ റപ്പോർട്ടിനു എതിരായ വിധത്തിൽ വിശ്വാസയോഗ്യനായ റിപ്പോർട്ടർ നിവേദനം ചെയ്യുന്നതാണിത്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, സ്വന്തം നിലക്കു ബലവത്താണങ്കിലും കൂടുതൽ ബലവത്തായതിനു എതിരായത് എന്നർഥം.

ഇതും തെളിവിനു സ്വീകാര്യമല്ല. ഒരേ സനദിൽ കൂടി മാത്രം വന്നത് എന്ന് ശാദ്ദിന്നു ചിലർ നിർവചനം നൽകിയിട്ടുണ്ടെങ്കിലും ഇമാം ശാഫിഈ തുടങ്ങിയ മഹാന്മാർ സ്വീകരിച്ച ആദ്യത്തെ നിർവചനമാണ് ശരിയായത്. കാരണം, ഒരേ മാർഗത്തിൽകൂടി വന്ന ഹദീഥ് സഹീഹല്ലെന്നോ ളഈഫാകുമെന്നോ ആരും പറയുന്നില്ല.

**5. മുൻകർ:** മര്യാദക്കാരനും, കൃത്യതയുള്ളവനുമല്ലാത്ത റിപ്പോർട്ടറുടെ രിവായത്തുകളാണ് മുൻകർ വിഭാഗത്തിൽ പെടുന്നത്. ഇതു തള്ളപ്പെടുന്നതാകുന്നു.

**6. മുള്ത്വരിബ്:** മത്നിലോ അല്ലെങ്കിൽ സനദിലോ പരസ്പരം വ്യത്യസ്തമായ റിപ്പോർട്ടുകളുള്ളതും, എല്ലാം സമബലത്തിലുള്ളതായത് കൊണ്ട് ഒന്നിനു മുൻഗണന നൽകുവാൻ സാധിക്കാത്തതായ ഹദീഥാണിത്. ഇതും ബഹലീനം തന്നെ. പക്ഷെ, ഏതെങ്കിലും റിപ്പോർട്ടറുടെ പേരിലോ അയാളുടെ പിതാവിന്റെ പേരിലോ, വംശത്തിന്റെ പേരിലോ മാത്രമാണു ഈ അനിശ്ചിതത്വമെങ്കിൽ, ആ റിപ്പോർട്ടർവിശ്വസ്തനാണെന്നു കണ്ടാൽ ആ ഹദീഥു സ്വഹീഹിൽ തന്നെ ഉൾപ്പെടും.

## നിർമിത ഹദീഥുകൾ

'സുന്നത്ത്' എന്നോ 'ഹദീഥ്' എന്നോ മൊത്തത്തിൽ പറയുമ്പോൾ ഉപരിസൂചിത മൂന്നു ഇനങ്ങളും -സ്വഹീഹും, ഹസനും, ളഈഫും- അതിൽ ഉൾപ്പെടുന്നതാണ്. എന്നാൽ, നിർമിതമെന്നു വിധിക്കപ്പെട്ട വ്യാജ ഹദീഥുകൾ - അവയിലടങ്ങിയ ആശയം സ്വീകാര്യമായിരുന്നാൽ പോലും - സുന്നത്തിലോ ഹദീഥിലോ ഉൾപ്പെട്ടതല്ല. അതുകൊണ്ട് അവ

**"സുന്നത്ത് എന്നോ 'ഹദീഥ് എന്നോ മൊത്തത്തിൽ പറയുമ്പോൾ സ്വഹീഹും, ഹസനും, ളഈഫും അതിൽ ഉൾപ്പെടുന്നതാണ്. എന്നാൽ, നിർമിതമെന്നു വിധിക്കപ്പെട്ട വ്യാജ ഹദീഥുകൾ - അവയിലടങ്ങിയ ആശയം സ്വീകാര്യമായിരുന്നാൽ പോലും - സുന്നത്തിലോ ഹദീഥിലോ ഉൾപ്പെട്ടതല്ല. അതുകൊണ്ട് അവ ഉദ്ധരിക്കുമ്പോൾ അവ നിർമിതങ്ങളാണെന്നു കാണിക്കുന്ന വിശേഷണത്തോടു കൂടിയല്ലാതെ ഉദ്ധരിക്കുവാൻ പാടില്ലാത്തതാണ്.**

ഉദ്ധരിക്കുമ്പോൾ, അവ നിർമിതങ്ങളാണെന്നു കാണിക്കുന്ന വിശേഷണത്തോടു കൂടിയല്ലാതെ ഉദ്ധരിക്കുവാൻ പാടില്ലാത്തതാണ്.

ഹദീഥുകളിൽബലപ്പെട്ടതുംബലഹീനമായതും, ഓരോന്നിന്റെയും ഇനങ്ങൾ അറിയുവാനുള്ള മാർഗങ്ങൾ വ്യവസ്ഥപ്പെടുത്തപ്പെട്ടിട്ടുള്ളപോലെത്തന്നെ, നിർമിതങ്ങളായ ഹദീഥുകളെ തിരിച്ചറിയുവാനുള്ള മാർഗങ്ങളും ഹദീഥു പണ്ഡിതന്മാർ യഥാവിധി വിവരിച്ചു രേഖപ്പെടുത്തിവെച്ചിട്ടുണ്ട്.

## വ്യാജ ഹദീഥുകളുടെ അടയാളങ്ങൾ

വ്യാജ ഹദീഥു നിർമിക്കുന്നവർ ആരായിരുന്നുവെന്നു മുമ്പ് വിവരിച്ചു. അവ തിരിച്ചറിയുവാനുള്ള ലക്ഷണങ്ങളിൽ പ്രധാനമായത് ഇവയാണ്.

1. റിപ്പോർട്ടർ കളവ് പറയുന്നവനെന്ന് അറിയപ്പെട്ടവനാവുകയും, അയാൾ റിപ്പോർട്ട് ചെയ്ത ഹദീഥ് വിശ്വാസയോഗ്യരായ മറ്റാരും റിപ്പോർട്ട് ചെയ്യാത്തതായിരിക്കുകയും ചെയ്യുക. കളവ് പറയുന്നവരെ കുറിച്ച് അന്വേഷിക്കുകയും അവരുടെ കളവുകൾ കണ്ടുപിടിക്കുകയും ചെയ്യുന്നതിൽ ഹദീഥ് പണ്ഡിതന്മാർ വളരെയധികം ശ്രദ്ധ ചെലുത്തിയിട്ടുണ്ട്.

2. വ്യാജ ഹദീഥുകൾ നിർമിച്ചവർ തന്നെ അതു സമ്മതിക്കുക. ക്വുർആനിലെ സൂറത്തുകളുടെ ശ്രേഷ്ഠതകൾ വിവരിച്ചുകൊണ്ടു താൻ നിർമിച്ച ഹദീഥുകളെ അബൂഇസ്മത്ത് എന്ന നൂഹ്ബ്നു മർയം ഏറ്റുപറഞ്ഞതും, ഹറാമിനെ ഹലാലും, ഹലാലിനെ ഹറാമും ആക്കിക്കൊണ്ട് നാലായിരം ഹദീഥു താൻ നിർമിച്ചിട്ടുണ്ടെന്ന് അബ്ദുൽകരീമിബ്നു അബിൽ ഔജാഉ് സമ്മതിച്ചതും ഇതിനുദാഹരണമാണ്.

3. താൻ ആരിൽ നിന്ന് റിപ്പോർട്ടു ചെയ്യുന്നുവോ അയാളുമായി റിപ്പോർട്ടർ കണ്ടുമുട്ടിയിട്ടുണ്ടെന്ന് തെളിയാതിരിക്കുക. റിപ്പോർട്ടറുടെ ജനനം ഗുരുവിന്റെ ശേഷമായതുകൊണ്ടോ, അല്ലെങ്കിൽ താൻ കേട്ടതായി പ്രസ്താവിച്ച സ്ഥലത്തും കാലത്തും അവർ തമ്മിൽ സന്ധിച്ചിട്ടില്ലാത്തതുകൊണ്ടോ ആകാമിത്. ഹിശാമുബ്നു അമ്മാറിൽ നിന്ന് മഅ്മൂനുബിനു അഹ്മദൽ ഹലവി ഹദീഥ് കേട്ടതായി അയാൾ വാദിച്ചു. ഇബ്നു ഹിബ്ബാൻ(റ) ചോദിച്ചു: ''താൻ എപ്പോഴാണ് ശാമിൽ പോയത്?'' അയാൾ മറുപടി പഞ്ഞു: ''ഇരുന്നൂറ്റി അമ്പതാം കൊല്ലത്തിൽ.'' ഇബ്നു ഹിബ്ബാൻ പറഞ്ഞു: ''താങ്കൾ ഏതൊരു ഹിശാമിൽ നിന്നു രിവായത്തു ചെയ്യുവോ അദ്ദേഹം ഇരുനൂറ്റി നാൽപ്പത്തഞ്ചാം കൊല്ലത്തിൽ മരണപ്പെട്ടുപോയിരിക്കുന്നു.''

ഇതുപോലെത്തന്നെ, മുഹമ്മദുബ്നു യഅ്ക്വൂബിൽ നിന്ന് അബ്ദുല്ലാഹിബ്നു ഇസ്ഹാക്വൽ കർമാനീ റിപ്പോർട്ട് ചെയ്യുകയുണ്ടായി. അദ്ദേഹത്തോടു ആരോ പറഞ്ഞു: ''താങ്കൾ ജനിക്കുന്നതിന്നു ഒമ്പതു കൊല്ലം മുമ്പ് മുഹമ്മദു മരണപ്പെട്ടിട്ടുണ്ടല്ലോ?

അബ്ദുബ്നു ഹുമൈദിൽ നിന്ന് മുഹമ്മദിബ്നു ഹാതമിൽകുഥീ ഹദീഥ് ഉദ്ധരിക്കുകയുണ്ടായി. അബൂ അബ്ദില്ലാഹിൽ ഹാകിം(റ) പറഞ്ഞു: ''ഈ കാരണവർ, അബ്ദുബ്നു ഹുമൈദ് മരണപ്പെട്ട് പതിമൂന്നുകൊല്ലത്തിനു ശേഷം അദ്ദേഹത്തിൽ നിന്നു ഹദീഥു റിപ്പോർട്ട് ചെയ്തിരിക്കുകയാണ്!'' ഇതുപോലെ പല ഉദാഹരണങ്ങളും കാണാം.

റിപ്പോർട്ടർമാരും അവരുടെ ശെയ്ഖുമാരും പരസ്പരം കണ്ടിട്ടുണ്ടോ എന്നു മനസ്സിലാക്കുവാൻ അവരുടെ ജനനം, മരണം, താമസം, യാത്ര, ഗുരുനാഥൻമാർ തുടങ്ങിയവയെല്ലാം അറിയേണ്ട ആവശ്യം വന്നു. ഈ ആവശ്യാർഥം പണ്ഡിതൻമാർ 'ഇൽമുത്ത്വബക്വാത്ത്'' എന്നൊരു വിജ്ഞാന ശാഖ രൂപീകരിക്കുകയുണ്ടായി. ഹദീഥ് പരിശോധകൻമാർക്ക് ഒഴിച്ചുകൂടാത്തതാണിത്. സുഫ്യാനു ഥൗരീ(റ) പറയുന്നു: റിപ്പോർട്ടർമാർ കളവു ഉപയോഗിച്ചപ്പോൾ, നാം അവർക്കുവേണ്ടി ചരിത്രം ഉപയോഗിച്ചു.''

4. റിപ്പോർട്ടറുടെ സ്വഭാവം, മനോനില എന്നിവയിൽ നിന്ന് ചിലപ്പോൾ അയാളുടെ ഹദീഥ് നിർമിതമാണെന്നു മനസ്സിലാക്കപ്പെടും. ഉദാഹരണമായി, സൈഫുബ്നു ഉമറത്തമീമി പറഞ്ഞതായി ഹാകിം(റ) ഉദ്ധരിക്കുന്നു: ''ഞങ്ങൾ സഅ്ദുബ്നു ത്വരീഫിന്റെ അടുത്തുണ്ടായിരുന്നപ്പോൾ, അദ്ദേഹത്തിന്റെ മകൻ പള്ളിക്കൂടത്തിൽ നിന്നു കരഞ്ഞ് കൊണ്ടുവന്നു. നിനക്കെന്തു പറ്റി എന്ന് അദ്ദേഹം കുട്ടിയോടു ചോദിച്ചു. അധ്യാപകൻ എന്നെ അടിച്ചു എന്നായിരുന്നു അവന്റെ മറുപടി. ഉടനെ സഅ്ദു പറഞ്ഞു: ''തീർച്ചയായും ഇന്നു ഞാൻ അവരെ അപമാനപ്പെടുത്തും. (നബിയിലേക്കു ചേർത്തുകൊണ്ട്) ഇബ്നു അബ്ബാസിൽ നിന്ന് ഇക്‌രിമ: ഇപ്രകാരം ഹദീഥ് പറഞ്ഞുതന്നിരിക്കുന്നു. നിങ്ങളുടെ ശിശുക്കളെ പഠിപ്പിക്കുന്നവർ നിങ്ങളിൽ ഏറ്റവും ദുഷിച്ചവരും അനാഥകളോട് ഏറ്റവും ദയ കുറഞ്ഞവരും സാധുക്കളോട് ഏറ്റവും പാരുഷ്യമുള്ളവരുമായിരിക്കും.'' മറ്റൊരു ഉദാഹരണമാണ് ഹരീസ: വിൽപ്പനക്കാരനായ മുഹമ്മദുബ്നുൽ ഹജ്ജാജിന്നഖ്ഈയുടെ 'ഹരീസ മുതുകിന് ബലം നൽകും'. എന്ന ഹദീഥ്. ●

**ലേഖനം**

## പ്രവാചകന്മാർ: ജീവിതം, സ്വഭാവ ഗുണങ്ങൾ(9)

# അയ്യൂബ് നബി (അ)

**അയ്യൂബ് നബിയുടെ ഭക്തിയിൽ അസൂയ പൂണ്ട പിശാച് അദ്ദേഹത്തെ ആരാധനകളിൽ നിന്ന് പിന്തിരിപ്പിക്കാൻ പല തന്ത്രങ്ങളും പ്രയോഗിച്ചു. സാമ്പത്തികപ്രയാസങ്ങൾ നേരിട്ടിട്ടും അയ്യൂബ് അചഞ്ചലനായി തന്റെ ആരാധന തുടർന്നു. പിശാച് അദ്ദേഹത്തോട് പറഞ്ഞു. നിന്റെ സമ്പത്ത് നഷ്ടപ്പെട്ടിട്ടും നീ അല്ലാഹുവിനെ പ്രകീർത്തിക്കുകയാണോ. അദ്ദേഹം പറഞ്ഞു. സമ്പത്ത് എന്റേതല്ല. അത് തന്നവൻ തിരിച്ചെടുത്തു. ഞാൻ ഉടുതുണിപോലുമില്ലാത്തവനായിട്ടാണ് ഈ ലോകത്തേക്ക് വന്നത്. ഇവിടെ നിന്ന് പോകുന്നതും എന്റെ രക്ഷിതാവിനെ കണ്ടുമുട്ടുന്നതും അങ്ങനെ തന്നെയാണ്. ഈ നഷ്ടങ്ങൾ ഒന്നും ഒരു നഷ്ടമായി ഞാൻ കാണുന്നില്ല. കാലികളും, കാർഷിക വിഭവങ്ങളും ഇല്ലാതായതിന് ശേഷവും പിശാച് അയ്യൂബിനെ പിന്തിരിപ്പിക്കാൻ ശ്രമിച്ചു. അപ്പോഴും അദ്ദേഹത്തിന്റെ മറുപടി അപ്രകാരം തന്നെയായിരുന്നു.**

**ഡോ. ടി കെ യൂസുഫ്**

ഇബ്റാഹീം നബി(അ) ന്റെ സന്താന പരമ്പരയിലാണ് അയ്യൂബ് നബി (അ) ജനിക്കുന്നത്. അദ്ദേഹത്തിന്റെ മാതാവ് ലൂത് നബിയുടെയും, ഭാര്യ യൂസുഫ് നബിയുടെയും വംശജരാണ്. അല്ലാഹുവിന്റെ അനുഗ്രഹം വളരെയധികം ലഭിച്ച ഒരു പ്രവാചകനാണ് അയ്യൂബ്. അദ്ദേഹത്തിന് ശാമിൽ ഏക്കർ കണക്കിന് ഭൂസ്വത്തും ആയിരക്കണക്കിന് ആടുമാടുകളും ഒട്ടകങ്ങളും കുതിരകളും കഴുതകളും അടിമകളുമെല്ലാം ഉണ്ടായിരുന്നു. ഏഴ് ആൺ കുട്ടികളും മൂന്ന് പെൺകുട്ടികളുമായി പത്ത് മക്കളുമുണ്ടായിരുന്നു.

ഭക്തി, സൽസ്വഭാവം, ശുദ്ധമന:സ്ഥിതി, പാവങ്ങളോടുള്ള കാരുണ്യം എന്നിവ അദ്ദേഹത്തിന്റെ സവിശേഷതകളായിരുന്നു. അനാഥകളെയും വിധവകളെയും സംരക്ഷിക്കലും അതിഥികളെയും വഴിയാത്രക്കാരെയും സൽക്കരിക്കലുംഅദ്ദേഹത്തിന്റെ പതിവായിരുന്നു. സദാ ദൈവസ്മരണയിലും സ്തോത്ര കീർത്തനങ്ങളിലും മുഴുകിയിരുന്നു. അല്ലാഹുവിനെ സ്മരിക്കുക, അവനെ സ്തുതിക്കുക, അവനോട് നന്ദികാണിക്കുക, അവനോടുള്ളകടമകൾ നിർവഹിക്കുക ഇവയിലെല്ലാമായിരുന്നു അദ്ദേഹം സമയം ചെലവഴിച്ചിരുന്നത്. അദ്ദേഹത്തോടപ്പം ആകാശത്തിലെ മലക്കുകളും തസ്ബീഹ് ചൊല്ലിയിരുന്നു. ഇതെല്ലാം കണ്ട് അസൂയ മൂത്ത ഇബ്ലീസ് അദ്ദേഹത്തെ ആരാധനകളിൽ നിന്ന് പിന്തിരിപ്പിക്കാൻ ശ്രമിച്ചു. അപ്പോഴെല്ലാം അയ്യൂബ് (അ) അങ്ങേയറ്റം ക്ഷമ കൈക്കൊണ്ടു. ഖുർആൻ പറയുന്നു.

وَٱذْكُرْ عَبْدَنَآ أَيُّوبَ إِذْ نَادَىٰ رَبَّهُۥٓ أَنِّي مَسَّنِيَ ٱلشَّيْطَٰنُ بِنُصْبٍ وَعَذَابٍ

"നമ്മുടെ ദാസനായ അയ്യൂബിനെ ഓർമിക്കുക, പിശാച് എനിക്ക് അവശതയും പീഡനവും ഏൽപിച്ചിരിക്കുന്നു എന്ന് തന്റെ രക്ഷിതാവിനെ വിളിച്ച് അദ്ദേഹം പറഞ്ഞ സന്ദർഭം.'' (സ്വാദ് 41)

അയ്യൂബ് നബിയെ പിശാച് ആരാധനകളിൽ നിന്ന് പിന്തിരിപ്പിക്കാൻ പല തന്ത്രങ്ങളും പ്രയോഗിച്ചു. സാമ്പത്തികപ്രയാസങ്ങൾ

നേരിട്ടിട്ടും അയ്യൂബ് അചഞ്ചലനായി തന്റെ ആരാധന തുടർന്നു. പിശാച് അദ്ദേഹത്തോട് പറഞ്ഞു. നിന്റെ സമ്പത്ത് നഷ്ടപ്പെട്ടിട്ടും നീ അല്ലാഹുവിനെ പ്രകീർത്തിക്കുകയാണോ. അദ്ദേഹം പറഞ്ഞു. സമ്പത്ത് എന്റേതല്ല. അത് തന്നവൻ തിരിച്ചെടുത്തു. ഞാൻ ഉടുതുണി പോലുമില്ലാത്തവനായിട്ടാണ് ഈ ലോകത്തേക്ക് വന്നത്. ഇവിടെ നിന്ന് പോകുന്നതും എന്റെ രക്ഷിതാവിനെ കണ്ടുമുട്ടുന്നതും അങ്ങനെ തന്നെ.

ഈ നഷ്ടങ്ങളൊന്നും ഒരു നഷ്ടമായി ഞാൻ കാണുന്നില്ല. കാലികളും, കാർഷിക വിഭവങ്ങളും ഇല്ലാതായതിന് ശേഷവും പിശാച് അയ്യൂബിനെ പിന്തിരിപ്പിക്കാൻ ശ്രമിച്ചു. അപ്പോഴും അദ്ദേഹത്തിന്റെ മറുപടി അപ്രകാരം തന്നെ. പ്രയാസങ്ങൾ തുടരെത്തുടരെ വന്നപ്പോൾ അയ്യൂബ് നബി കരഞ്ഞുകൊണ്ട് പറഞ്ഞു. ഞാൻ ഈ ലോകത്ത് ജനിച്ചിട്ടില്ലായിരുന്നുവെങ്കിൽ എത്ര നന്നായിരുന്നു. അദ്ദേഹത്തിൽ നിന്നുണ്ടായ നിരാശനിറഞ്ഞ വാക്കുകളിൽ പിശാച് സന്തോഷിച്ചു. എന്നാൽ തന്റെ വാക്കുകളിലെ തെറ്റ് തിരിച്ചറിഞ്ഞ് അദ്ദേഹം ഉടൻ തന്നെ പശ്ചാത്തപിച്ചു അല്ലാഹുവിനോട് പാപമോചനം തേടി. അല്ലാഹു അദ്ദേഹത്തിന് പൊറുത്ത് കൊടുത്തു.

അയ്യൂബ്(അ) ന് രോഗം പിടിപെട്ടപ്പോൾ പിശാച് അത് മുതലെടുക്കാൻ ശ്രമിച്ചു. ആദ്യമായി ശരീരത്തിൽ ഒരു ചൊറിച്ചിലാണ് അനുഭവപ്പെട്ടത്. പിന്നീട് ശരീരം തിണർത്ത് കുരുക്കൾ പ്രത്യക്ഷപ്പെട്ടു. ശരീരത്തിൽ വ്രണങ്ങൾ ഉണ്ടാകുകയും അവയിൽ നിന്ന് ദുർഗന്ധം വമിക്കാൻ തുടങ്ങുകയും ചെയ്തു. രോഗപ്പകർച്ച ഭയന്ന് അദ്ദേഹത്തെ നാട്ടുകാർ വിദൂരമായ ഒരു ടെൻറിൽ പാർപ്പിച്ചു. എഴ് വർഷത്തോളം ഇപ്രകാരം അദ്ദേഹത്തിന് കഴിയേണ്ടി വന്നു. സമ്പത്തും സന്താനങ്ങളും നഷ്ടപ്പെട്ട അദ്ദേഹത്തിൽ നിന്ന് കൂട്ടുകാരും അകന്നു.ആരും അങ്ങോട്ട് അടുക്കുക പോലും ചെയ്തില്ല. ഭാര്യമാത്രമാണ് ഭക്ഷണം നൽകാനും സേവനം ചെയ്യാനും ഉണ്ടായിരുന്നത്. ആദമിനെ സ്വർഗത്തിൽ നിന്ന് പുറത്താക്കാൻ ഹവ്വയിലൂടെ ശ്രമിച്ച പിശാച് അയ്യൂബിനെ തകർക്കാനും ഭാര്യയെ ഉപയോഗപ്പെടുത്താൻ ശ്രമിച്ചു.

മനുഷ്യരൂപത്തിൽ അയ്യൂബിന്റെ ഭാര്യയുടെ അടുക്കൽ ചെന്നുചോദിച്ചു. അല്ലയോ ദാസീ നിന്റെ ഭർത്താവ് എവിടെ ? അവൾ പറഞ്ഞു. ശരീരം ചെറിഞ്ഞു കൊണ്ടും പ്രാണികളെ ആട്ടി കൊണ്ടും കഴിയുന്നു. ഈ മറുപടിയിൽ അക്ഷമയുടെ ലാഞ്ചന കണ്ട പിശാച് അവളെ

**"അയ്യൂബിനെയും ഓർക്കുക. തന്റെ രക്ഷിതാവിനെ വിളിച്ച് കൊണ്ട് ഇപ്രകാരം പ്രാർഥിച്ച സന്ദർഭം.എനിക്കിതാ കഷ്ടപ്പാട് ബാധിച്ചിരിക്കുന്നു. നീ കാരുണികരിൽ വെച്ച് ഏറ്റവും കരുണയുള്ളവനാണല്ലോ. അപ്പോൾ അദ്ദേഹത്തിന് നാം ഉത്തരം നൽകുകയും അദ്ദേഹത്തിന് നേരിട്ട കഷ്ടപ്പാട് നാം അകറ്റിക്കളയും ചെയ്തു. അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളെയും അവരോടപ്പം അവരുടെ അത്രയും പേരെ വേറെയും നാം അദ്ദേഹത്തിന് നൽകുകയും ചെയ്തു. നമ്മുടെ പക്കൽ നിന്നുള്ള ഒരു കാരുണ്യവും ആരാധനാനിരതരായിട്ടുള്ളവർക്ക് ഒരു സ്മരണയുമാണത്.**

പഴയ പ്രതാപം ഓർമിപ്പിക്കുകയും ഈ ദുരന്തത്തിന് അന്ത്യമുണ്ടാകില്ലെന്ന് പറയുകയും ചെയ്തു. ഒരു ആടിനെ കൊടുത്ത ശേഷം ഇതിനെ ഭൂമി ദേവതക്ക് ബലി കൊടുത്താൽ അദ്ദേഹത്തിന്റെ രോഗം സുഖപ്പെടുമെന്ന് പറഞ്ഞ് പ്രചോദിപ്പിച്ചു. അവൾ അയ്യൂബിന്റെ അടുക്കൽ പോയി വിവരം പറഞ്ഞു. അദ്ദേഹം പറഞ്ഞു. അല്ലാഹുവിന്റെ ശത്രു നിന്റെ അടുക്കൽ വന്ന് ദുർബോധനം നടത്തിയിരിക്കുന്നു. നഷ്ടപ്പെട്ട ആരോഗ്യത്തെയും സമ്പത്തിനെയും സന്താനങ്ങളെയും കുറിച്ചാണല്ലോ നീ പറയുന്നത്. എന്നാൽ ആരാണ് നമുക്ക് ഈ അനുഗ്രഹങ്ങൾ നൽകിയത്?അവൾ പറഞ്ഞു. അല്ലാഹുവാണ്. അദ്ദേഹം ചോദിച്ചു. എത്ര വർഷം നമ്മൾ ഈ അനുഗ്രഹങ്ങൾ ആസ്വദിച്ചു? അവൾ പറഞ്ഞു എൺപത് വർഷങ്ങൾ. ഈ പരീക്ഷണം തുടങ്ങിയിട്ട് എത്ര വർഷമായി? അവൾ പറഞ്ഞു. ഏഴ് വർഷങ്ങൾ. അദ്ദേഹം പറഞ്ഞു. നീ നീതി കാണിച്ചില്ല. എൺപത് വർഷം നാം ക്ഷമിക്കേണ്ടതല്ലേ?അല്ലാഹു അല്ലാത്തവരുടെ പേരിൽ അറുക്കാൻ പറഞ്ഞ സ്ഥിതിക്ക് നീ

കൊണ്ടു വരുന്ന ഭക്ഷണം നിഷിദ്ധമാണ് എന്ന് ഞാൻ വിചാരിക്കുന്നു. ഇനി എനിക്ക് നിന്നെ കാണേണ്ടതില്ല.'

പിന്നീട് അദ്ദേഹത്തിന്റെ വിശ്വാസികളായ മൂന്ന് സുഹൃത്തുക്കൾ വന്നു. അവർ പറഞ്ഞു. താങ്കൾക്ക് ഈ പരീക്ഷണങ്ങൾ വരാനുള്ള കാരണം താങ്കൾ ചെയ്ത എന്തെങ്കിലും പാപങ്ങളായിരിക്കും. അല്ലെങ്കിൽ താങ്കളുടെ ആരാധന ശരിയായ രൂപത്തിലായിരിക്കില്ല. അത് കൊണ്ട് പാപങ്ങൾക്ക് പശ്ചാത്താപം ചെയ്യുകയാണെങ്കിൽ ഒരു പക്ഷേ ശമനം ലഭിച്ചേക്കും. അയ്യൂബ് നബി പറഞ്ഞു. 'എന്നെ ബാധിച്ച വിപത്തിനേക്കാൾ വലിയ വിപത്തായി ഞാൻ നിങ്ങളെ കാണുന്നു. നിങ്ങൾ ദയവായി എനിക്ക് വേണ്ടി വല്ല ബലിയും നൽകുക, അല്ലാഹു അതിൽ തൃപ്തിപ്പെടുകയും എനിക്ക് ശമനം നൽകുകയും ചെയ്തേക്കാം.' അദ്ദേഹം അല്ലാഹുവിനോട് പ്രാർഥിച്ചു. അല്ലാഹുവേ, ഞാൻ നിന്റെ തൃപ്തി കാംക്ഷിക്കാതെ ഒരു പ്രവൃത്തിയും ചെയ്തിട്ടില്ല. നിന്നെ സ്മരിക്കുന്നതിന് തടസ്സമാകുമോ എന്ന് ഭയപ്പെട്ട് ഞാൻ വയറ് നിറച്ച് ഭക്ഷണം കഴിക്കാറില്ല. ഞാൻ എന്ത് തെറ്റ് ചെയ്തത് കൊണ്ടാണ് നീ എന്നെ പിടികൂടിയത്? ഞാൻ ചെയ്ത തെറ്റ് എന്താണെന്ന് അറിഞ്ഞിരുന്നുവെങ്കിൽ! അല്ലെങ്കിൽ എന്റെ മാതാവ് എന്നെ പ്രസവിക്കാതിരുന്നുവെങ്കിൽ! നീ എന്നെ മരിപ്പിക്കുകായാണെങ്കിൽ മരണമാണ് എനിക്ക് ഉത്തമം. എന്റെ രക്ഷിതാവേ, ഇത്രയും കാലം ഞാൻ പരദേശികൾക്ക് അഭയം നൽകുകയും, പാവപ്പെട്ടവർക്ക് അവലംബമാകുകയും, അനാഥമക്കൾക്ക് ആശ്രിതനാകുകയും വിധവകൾക്ക് രക്ഷാധികാരിയാകുകയും ചെയ്തിട്ടില്ലേ.

എന്റെ രക്ഷിതാവേ, എനിക്ക് നന്മകൾ ചെയ്യാൻ കഴിഞ്ഞത് നിന്റെ അനുഗ്രഹം കൊണ്ടാണ്. ഞാൻ ചെയ്ത തിന്മകൾ കാരണം നിനക്ക് എന്നെ ശിക്ഷിക്കാം. രക്ഷിതാവേ, എന്റെ കൈ വിരലുകൾ നഷ്ടപ്പെട്ടു. വളരെ പാടു പെട്ടല്ലാതെ എനിക്ക് ഭക്ഷണം കഴിക്കാൻ കഴിയുന്നില്ല. എന്റെ ശരീരത്തിലെ മാംസങ്ങൾ അടർന്ന് പോയി. എന്റെ രൂപം വികൃതമായി ഞാനൊരു അസ്ഥി പഞ്ചരമായി മാറി. ദ്രവിച്ച് പോകാത്ത ഒരു അവയവവും എന്റെ ശരീരത്തിലില്ല. എന്റെ സമ്പത്ത് നഷ്ടപ്പെട്ടു. എന്റെ മക്കൾ നഷ്ടപ്പെട്ടു .ഒരു കുഞ്ഞെങ്കിലും ബാക്കിയായിരുന്നുവെങ്കിൽ എനിക്ക് അവനെ സഹായത്തിന് ലഭിക്കുമായിരുന്നു. എന്റെ ഉറ്റവരും ഉടയവരും എന്നെ കൈവിട്ടു. അവർ എന്റെ ഉപകാരങ്ങൾ വിസ്മരിച്ചു. എന്റെ സഹായഭ്യർഥനകൾക്ക് അവർ ചെവികൊടുക്കുന്നില്ല. രക്ഷിതാവേ നിന്റെ വിധിയാണ് എന്നെ ഈ പരുവത്തിലാക്കിയത്.

അല്ലാഹു അദ്ദേഹത്തിന്റെ പ്രാർഥനക്ക് ഉത്തരം നൽകി, അല്ലയോ അയ്യൂബ് എന്റെ വിധി നിന്നിൽ നടപ്പായി. എന്റെ കാരുണ്യം കോപത്തെ അതിജയിച്ചു. നിനക്ക് നഷ്ടപ്പെട്ട സമ്പത്തും സന്താനങ്ങളും ഇരട്ടിയായി നിനക്ക് നൽകാം. പരീക്ഷണം അനുഭവിക്കുന്നവർക്ക് ഇതിൽ ഗുണപാഠമുണ്ട്. ക്ഷമിക്കുന്നവർക്ക് ആശ്വാസവും ഉണ്ട്. നീ നിന്റെ കാല് കൊണ്ട് ചവിട്ടുക. അപ്പോൾ ഒരു ഉറവ പൊട്ടി പുറപ്പെട്ടു. അതിൽ അദ്ദേഹം കുളിക്കുകയും അദ്ദേഹത്തിന്റെ ശാരീരിക പീഡകൾ അതിലൂടെ അല്ലാഹു ഇല്ലാതാക്കുകയും അദ്ദേഹം പൂർവോപരി ഭംഗിയുള്ളവനായി മാറുകയും ചെയ്തു. അപ്പോഴാണ് അദ്ദേഹത്തിന്റെ ഭാര്യ അവിടെ വരുന്നത്. അവൾ അദ്ദേഹത്തോട് ചോദിച്ചു. ഇവിടെ പരീക്ഷിക്കപ്പെട്ട് കഴിഞ്ഞിരുന്ന ഒരാളെ താങ്കൾ കണ്ടുവോ? അദ്ദേഹം പറഞ്ഞു. നിനക്ക് അദ്ദേഹത്തെ തിരിച്ചറിയാൻ കഴിയുമോ? അവൾ പറഞ്ഞു. അതെ. അപ്പോൾ നീ തെരയുന്നവൻ ഞാൻ തന്നെയെന്ന് പറഞ്ഞ് അദ്ദേഹം പുഞ്ചിരിച്ചു.

وَأَيُّوبَ إِذْ نَادَىٰ رَبَّهُۥٓ أَنِّى مَسَّنِىَ ٱلضُّرُّ وَأَنتَ أَرْحَمُ ٱلرَّٰحِمِينَ. فَٱسْتَجَبْنَا لَهُۥ فَكَشَفْنَا مَا بِهِۦ مِن ضُرٍّ ۖ وَءَاتَيْنَٰهُ أَهْلَهُۥ وَمِثْلَهُم مَّعَهُمْ رَحْمَةً مِّنْ عِندِنَا وَذِكْرَىٰ لِلْعَٰبِدِينَ.

''അയ്യൂബിനെയും ഓർക്കുക, തന്റെ രക്ഷിതാവിനെ വിളിച്ച് ഇപ്രകാരം പ്രാർഥിച്ച സന്ദർഭം.എനിക്കിതാ കഷ്ടപ്പാട് ബാധിച്ചിരിക്കുന്നു. നീ കാരുണികരിൽ വെച്ച് ഏറ്റവും കരുണയുള്ളവനാണല്ലോ. അപ്പോൾ അദ്ദേഹത്തിന് നാം ഉത്തരം നൽകുകയും അദ്ദേഹത്തിന് നേരിട്ട കഷ്ടപ്പാട് നാം അകറ്റിക്കളയും ചെയ്തു. അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളെയും അവരോടൊപ്പം അവരുടെ അത്രയും പേരെ വേറെയും നാം അദ്ദേഹത്തിന് നൽകുകയും ചെയ്തു. നമ്മുടെ പക്കൽ നിന്നുള്ള ഒരു കാരുണ്യവും ആരാധനാനിരതരായിട്ടുള്ളവർക്ക് ഒരു സ്മരണയുമാണത്. (അൻബിയാഅ് 83)

അയ്യൂബ് നബി അല്ലാഹുവോട് പ്രാർഥിച്ചപ്പോൾ ജിബ് രീൽ ഒരു ഉറുമാൻ പഴവുമായി അദ്ദേഹത്തിന്റെ അടുക്കൽ വന്നു. അയ്യൂബ് ചോദിച്ചു. അല്ലയോ സുകൃതവാനായ ദാസാ. എന്റെ പ്രിയപ്പെട്ടവർ എന്നിൽ നിന്ന് അകന്ന സമയത്ത് എന്റെ അടുക്കൽ വന്ന താങ്കൾ ആരാണ്? ജിബ് രീൽ അദ്ദേഹത്തിന് ഉറുമാമ്പഴം

**അദ്ദേഹം ഇടത് കാൽ കൊണ്ട് ചവിട്ടിയപ്പോൾ ചൂട് വെള്ളത്തിന്റെ ഉറവ പൊട്ടി, പിന്നീട് വലത് കാൽ കൊണ്ട് ചവിട്ടാൻ പറഞ്ഞു. അപ്പോൾ തണുത്ത വെളത്തിന്റെ ഉറവ പൊട്ടി. ജിബ് രീൽ പറഞ്ഞു. ചൂട് വെള്ളത്തിൽ നിന്ന് കുളിക്കുക. തണുത്ത വെള്ളം കുടിക്കുക. കുളിക്കുകയും കുടിക്കുകയും ചെയ്യതോട് കൂടി കൂടി അദ്ദേഹത്തിന്റെ ശരീരം പൂർവ സ്ഥിതിയിലാകുകയും സുന്ദരനായി തിളങ്ങുകയും ചെയ്യു. പിന്നീട് ജിബ് രീൽ വസ്ത്രവും തലപ്പാവും ധരിപ്പിച്ചു. അയ്യൂബ് ഉടനെ രണ്ട് റക്അത്ത് നമസ്കരിച്ചു.**

നൽകി അതോടെ അദ്ദേഹത്തിന്റെ വേദനകൾ നീങ്ങി. അപ്പോൾ ജിബ്‌രീൽ പറഞ്ഞു. അയ്യൂബ്, എഴുന്നേൽക്കുക. അദ്ദേഹം പറഞ്ഞു. ഞാൻ എങ്ങിനെയാണ് എഴുന്നേൽക്കുക. എനിക്ക് യാതൊരു ശക്തിയുമില്ല. ജിബ് രീൽ അദ്ദേഹത്തിന്റെ കൈ പിടിച്ച് ഏതാനും കാലടികൾ നടന്നു. ജിബ് രീൽ പറഞ്ഞു. നീ ഇടത് കാൽ കൊണ്ട് ചവിട്ടുക. അദ്ദേഹം ചവിട്ടിയപ്പോൾ ചൂട് വെള്ളത്തിന്റെ ഉറവ പൊട്ടി, പിന്നീട് വലത് കാൽ കൊണ്ട് ചവിട്ടാൻ പറഞ്ഞു. അപ്പോൾ തണുത്ത വെളത്തിന്റെ ഉറവ പൊട്ടി. ജിബ് രീൽ പറഞ്ഞു. ചൂട് വെള്ളത്തിൽ നീകുളിക്കുക. തണുത്ത വെള്ളം കുടിക്കുക. കുളിക്കുകയും കുടിക്കുകയും ചെയ്യതോട് കൂടി കൂടി അദ്ദേഹത്തിന്റെ ശരീരം പൂർവ സ്ഥിതിയിലാകുകയും സുന്ദരനായി തിളങ്ങുകയും ചെയ്യു. പിന്നീട് ജിബ് രീൽ വസ്ത്രവും തലപ്പാവും ധരിപ്പിച്ചു. അയ്യൂബ് ഉടനെ രണ്ട് റക്അത്ത് നമസ്കരിച്ചു.

അയ്യൂബിന്റെ രോഗശമനത്തിന് വേണ്ടി അദ്ദേഹത്തിന്റെ ഭാര്യ പിശാചിന് ഒരു ബലി അറുക്കാൻ പറഞ്ഞത് കാരണം അവളെ നൂറ് അടി അടിക്കുമെന്ന് ശപഥം ചെയ്തിരുന്നു. ഇത് നിർവഹിക്കുന്നതിന് വേണ്ടി ജിബ്‌രീൽ നൂറ് കമ്പുകളുള്ള ഒരു വൈക്കോൽ കെട്ട് കൊണ്ട് അടിക്കാൻ കൽപിച്ചു. ഖുർആൻ പറയുന്നു.

وَخُذْ بِيَدِكَ ضِغْثًا فَٱضْرِب بِّهِۦ وَلَا تَحْنَثْ ۗ إِنَّا وَجَدْنَٰهُ صَابِرًا ۚ نِّعْمَ ٱلْعَبْدُ ۖ إِنَّهُۥٓ أَوَّابٌ

'നീ ഒരു പിടി പുല്ല് നിന്റെ കൈയിൽ എടുക്കുക. എന്നിട്ട് അത് കൊണ്ട് നീ അടിക്കുകയും ശപഥം ലംഘിക്കാതിരിക്കുകയും ചെയ്യുക. തീർച്ചയായും അദ്ദേത്തെ നാം ക്ഷമാശീലനായി കണ്ടു. വളരെ നല്ല ദാസൻ, തീർച്ചയായും അദ്ദേഹം ഏറെ ഖേദിച്ചു മടങ്ങുന്നവനാകുന്നു. (സ്വാദ് 44). ഇപ്രകാരം അല്ലാഹു ഇളവ് നൽകാനുള്ള കാരണം അവൾ ഭർത്താവിന്റെ പരീക്ഷണങ്ങളിൽ പരമാവധി ക്ഷമിക്കുകയും മറ്റെല്ലാവരും ഉപേക്ഷിച്ചപ്പോഴും അദ്ദേഹത്തെ പരിചരിക്കുകയും അദ്ദേഹത്തിന് ഭക്ഷണം സംഘടിപ്പിക്കുകയും ചെയ്തിരുന്നത് കൊണ്ടായിരുന്നു.

അയ്യൂബ് നബിക്ക് പത്ത് മക്കളാണ് പരീക്ഷണത്തിൽ നഷ്ടപ്പെട്ടത്. അവർക്ക് പകരം അല്ലാഹു മക്കളെ നൽകിയതിനെ കുറിച്ച് ഖുർആൻ പറയുന്നു.

فَٱسْتَجَبْنَا لَهُۥ فَكَشَفْنَا مَا بِهِۦ مِن ضُرٍّ ۖ وَءَاتَيْنَٰهُ أَهْلَهُۥ وَمِثْلَهُم مَّعَهُمْ رَحْمَةً مِّنْ عِندِنَا وَذِكْرَىٰ لِلْعَٰبِدِينَ

''അപ്പോൾ അദ്ദേഹത്തിന് നാം ഉത്തരം നൽകുകയും അദ്ദേഹത്തിന് നേരിട്ട കഷ്ടപ്പാട് നാം അകറ്റിക്കളയുകയും ചെയ്തു. അദ്ദേഹത്തിന്റെ കുടുംബാഗങ്ങളെയും, അവരോടപ്പം അവരുടെ അത്രയും പേരെ വേറെയും നാം അദ്ദേഹത്തിന് നൽകുകയും ചെയ്തു. നമ്മുടെ പക്കൽ നിന്നുള്ള ഒരു കാരുണ്യവും, ആരാധനാ നിരതരായിട്ടുള്ളവർക്ക് ഒരു സ്മരണയുമാണത്. (അൻബിയാഅ് 84)

അയ്യൂബ് നബി (അ) തന്റെ തൊണ്ണൂറ്റി മൂന്നാം വയസ്സിലാണ് മരണപ്പെട്ടത്. ഹൗറാനിലാണ് അദ്ദേഹത്തെ മറവ് ചെയ്തത്. പരീക്ഷണത്തിന് മുമ്പും ശേഷവും അദ്ദേഹത്തിന് അല്ലാഹുവിന്റെ അപാരമായ അനുഗ്രഹം ലഭിച്ചിട്ടുണ്ട്. മക്കളെല്ലാം അല്ലാഹുവിനെ അരാധിക്കുന്നതിലും അവനെ അനുസരിക്കുന്നതിലും പിതാവിന്റെ മാർഗം പിൻപറ്റുകയുണ്ടായി. തന്റെ മകൻ ബിശിറിന് ദൽകിഫൽ എന്ന് പേരിടുകയും അദ്ദേഹത്തോട് ജനങ്ങളെ തൗഹീദിലേക്ക് ക്ഷണിക്കാൻ വസിയ്യത്ത് നടത്തുകയും ചെയ്തു.●

# നീതിപാലനത്തിന്റെ ഇസ്‌ലാമിക മാനങ്ങൾ

**മക്കാ വിജയകാലത്ത് ക്വുറൈശികളിലെ മഖ്സൂം ഗോത്രത്തിൽ പെട്ട ഒരു സ്ത്രീ മോഷണം നടത്തിയപ്പോൾ അതിന്റെ ശിക്ഷയായ കരച്ഛേദത്തിന് നബി(സ്വ) കൽപ്പിച്ചു. ക്വുറയ്ശികൾക്കു ഇതു വലിയ അഭിമാനക്ഷതമായി. അവർ നബി(സ്വ)യുടെ പോറ്റുപുത്രനും സ്നേഹഭാജനവുമായ ഉസാമ(റ)യെ നബി(സ്വ)യുടെ അടുക്കലേക്കു ശിപാർശക്കയച്ചു. തിരുമേനിയുടെ ഭാവം മാറി. "അല്ലാഹുവിന്റെ ശിക്ഷാനിയമത്തിൽ ശിപാർശക്കു വന്നിരിക്കുകയാണോ നീ' എന്നു പറഞ്ഞുകൊണ്ട് നബി അദ്ദേഹത്തെ തിരുത്തി.**

പ്രൊഫ. പി അബ്ദുല്ല

ഏത് കാര്യത്തിലും നീതി എന്നത് ഇസ്‌ലാമിന്റെ മുഖമുദ്രയാണ്. വിവിധ രംഗങ്ങളിൽ ഇസ്‌ലാം നിർദേശിക്കുന്ന നീതിയുടെ ഉറവിടം ക്വുർആൻ തന്നെയാണ്.

قُلْ أَمَرَ رَبِّى بِٱلْقِسْطِ ۖ وَأَقِيمُوا۟ وُجُوهَكُمْ عِندَ كُلِّ مَسْجِدٍ وَٱدْعُوهُ مُخْلِصِينَ لَهُ ٱلدِّينَ ۚ كَمَا بَدَأَكُمْ تَعُودُونَ

''പറയുക: എന്റെ രക്ഷിതാവ് നീതി പാലിക്കാനാണ് കൽപ്പിച്ചിട്ടുള്ളത്. എല്ലാ ആരാധനാ വേളകളിലും (അഥവാ എല്ലാ ആരാധനാലയങ്ങളിലും) നിങ്ങളുടെ മുഖങ്ങളെ ശരിയാം വിധം (അവനിലേക്കു തിരിച്ചു) നിർത്തുകയും കീഴ്‌വണക്കം അവന്നു മാത്രമാക്കിക്കൊണ്ട് അവനോട് പ്രാർഥിക്കുകയും ചെയ്യുവിൻ (വി.ക്വു. 7:29).

അല്ലാഹു ഇങ്ങനെ കൽപിക്കുന്നു:

''തീർച്ചയായും അല്ലാഹു കൽപിക്കുന്നത് നീതി പാലിക്കുവാനും നന്മ ചെയ്യുവാനും കുടംബബന്ധമുള്ളവർക്ക് (സഹായം) നൽകുവാനുമാണ്. അവൻ വിലക്കുന്നത് നീചവൃത്തിയിൽ നിന്നും ദുരാചാരത്തിൽ നിന്നും അതിക്രമത്തിൽ നിന്നുമാണ്. നിങ്ങൾ ചിന്തിച്ചു ഗ്രഹിക്കുവാൻ വേണ്ടി അവൻ നിങ്ങൾക്ക് ഉപദേശം നൽകുന്നു''. (16:90).

ന്യായമായ കാര്യങ്ങളെല്ലാം ഇസ്‌ലാം പ്രോത്സാഹിപ്പിക്കുന്നു. അതുകൊണ്ട് ഇസ്‌ലാമിന്റെ അധ്യാപനങ്ങൾ നല്ല മനുഷ്യർക്കു അസ്വീകാര്യമാവുകയില്ല. ക്വുർആൻ വീണ്ടും ഉണർത്തുന്നു.

فَلِذَٰلِكَ فَٱدْعُ ۖ وَٱسْتَقِمْ كَمَآ أُمِرْتَ ۖ وَلَا تَتَّبِعْ أَهْوَآءَهُمْ ۖ وَقُلْ ءَامَنتُ بِمَآ أَنزَلَ ٱللَّهُ مِن كِتَٰبٍ ۖ وَأُمِرْتُ لِأَعْدِلَ بَيْنَكُمُ ۖ ٱللَّهُ رَبُّنَا وَرَبُّكُمْ ۖ لَنَآ أَعْمَٰلُنَا وَلَكُمْ أَعْمَٰلُكُمْ ۖ لَا حُجَّةَ بَيْنَنَا وَبَيْنَكُمُ ۖ ٱللَّهُ يَجْمَعُ بَيْنَنَا ۖ وَإِلَيْهِ ٱلْمَصِيرُ

"അതിനാൽ നീ പ്രബോധനം ചെയ്തുകൊള്ളുക. നീ കൽപിക്കപ്പെട്ടതുപോലെ നേരെ നിലകൊള്ളുകയും ചെയ്യുക. അവരുടെ തന്നിഷ്ടങ്ങളെ നീ പിന്തുടർന്നുപോകരുത്. നീ പറയുക: അല്ലാഹു അവതരിപ്പിച്ച ഗ്രന്ഥത്തിലും ഞാൻ

വിശ്വസിച്ചിരിക്കുന്നു. നിങ്ങൾക്കിടയിൽ നീതി പുലർത്തുവാൻ അവൻ കൽപ്പിക്കപ്പെടുകയും ചെയ്തിരിക്കുന്നു. അല്ലാഹുവാകുന്നു ഞങ്ങളുടെ രക്ഷിതാവും നിങ്ങളുടെ രക്ഷിതാവും (42:15).

നീതി കണിശമായി നിലനിർത്തണമെന്നാണ് അല്ലാഹു ഉണർത്തുന്നത്.

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ كُونُوا۟ قَوَّٰمِينَ بِٱلْقِسْطِ شُهَدَآءَ لِلَّهِ
وَلَوْ عَلَىٰٓ أَنفُسِكُمْ أَوِ ٱلْوَٰلِدَيْنِ وَٱلْأَقْرَبِينَ ۚ إِن يَكُنْ غَنِيًّا
أَوْ فَقِيرًا فَٱللَّهُ أَوْلَىٰ بِهِمَا ۖ فَلَا تَتَّبِعُوا۟ ٱلْهَوَىٰٓ أَن تَعْدِلُوا۟ ۚ
وَإِن تَلْوُۥٓا۟ أَوْ تُعْرِضُوا۟ فَإِنَّ ٱللَّهَ كَانَ بِمَا تَعْمَلُونَ خَبِيرًا

''ഹേ വിശ്വസിച്ചവരേ! നിങ്ങൾ അല്ലാഹുവിന്നുവേണ്ടി സാക്ഷ്യം വഹിക്കുന്നവരെന്ന നിലയിൽ കണിശമായി നീതി നിലനിർത്തുന്നവരായിരിക്കണം. അതു നിങ്ങൾക്കു തന്നെയോ നിങ്ങളുടെ മാതാപിതാക്കൾ, അടുത്ത ബന്ധുക്കൾ എന്നിവർക്കോ പ്രതികൂലമായിത്തീർന്നാലും ശരി. (കക്ഷി) ധനികനോ ദരിദ്രനോ ആകട്ടെ ആ രണ്ടു വിഭാഗത്തോടും കൂടുതൽ ബന്ധപ്പെട്ടവൻ അല്ലാഹുവാകുന്നു. അതിനാൽ നിങ്ങൾ നീതി പാലിക്കാതെ തന്നിഷ്ടങ്ങളെ പിൻപറ്റരുത്. നിങ്ങൾ വളച്ചൊടിക്കുകയോ ഒഴിഞ്ഞുമാറുകയോ ചെയ്യുന്ന പക്ഷം തീർച്ചയായും നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റിയെല്ലാം അല്ലാഹു സൂക്ഷ്മമായി അറിയുന്നവനാകുന്നു.''(4:135).

മക്കാ വിജയകാലത്ത് ഖുറൈശികളിലെ മഖ്സൂം ഗോത്രത്തിൽ പെട്ട ഒരു സ്ത്രീ മോഷണം നടത്തിയപ്പോൾ അതിൽ നിന്നുള്ള ശിക്ഷയായ കരഛേദത്തിന് നബി(സ്വ) കൽപ്പിച്ചു. ഖുറയ്ശികൾക്കു ഇതു വലിയ അഭിമാനക്ഷതമായി. അവർ നബി(സ്വ)യുടെ പോറ്റുപുത്രനും സ്നേഹഭാജനവുമായ ഉസാമ(റ)യെ നബി(സ്വ)യുടെ അടുക്കലേക്കു ശിപാർശക്കയച്ചു. തിരുമേനിയുടെ ഭാവം മാറി.

'അല്ലാഹുവിന്റെ ശിക്ഷാനിയമത്തിൽ ശിപാർശക്കു വന്നിരിക്കുകയാണോ നീ' എന്നു പറഞ്ഞുകൊണ്ട് അദ്ദേഹത്തെ തിരുത്തി. ശേഷം മിമ്പറിൽ കയറി അവിടുന്ന് ഇപ്രകാരം പറഞ്ഞു: ''മുൻ സമുദായങ്ങൾ അവരിലുള്ള പ്രമാണിമാർ മോഷ്ടിച്ചാൽ അവരെ വിട്ടുകളയുകയും അവരിലുള്ള അബലർ മോഷ്ടിച്ചാൽ ശിക്ഷാ നടപടി സ്വീകരിക്കുകയും ചെയ്തിരുന്നതുകൊണ്ടാണ് അവർ നാശത്തിൽ പതിച്ചത്. അല്ലാഹു തന്നെയാണ! മുഹമ്മദിന്റെ മകൾ ഫാത്വിമ മോഷ്ടിച്ചാലും ഞാൻ അവളുടെ കൈമുറിക്കുക തന്നെ ചെയ്യും.'' (ബുഖാരി, മുസ്‌ലിം).

## അനാഥകളും ബഹുഭാര്യത്വവും

وَإِنْ خِفْتُمْ أَلَّا تُقْسِطُوا۟ فِى ٱلْيَتَـٰمَىٰ فَٱنكِحُوا۟ مَا طَابَ
لَكُم مِّنَ ٱلنِّسَآءِ مَثْنَىٰ وَثُلَـٰثَ وَرُبَـٰعَ ۖ فَإِنْ خِفْتُمْ أَلَّا تَعْدِلُوا۟
فَوَٰحِدَةً أَوْ مَا مَلَكَتْ أَيْمَـٰنُكُمْ ۚ ذَٰلِكَ أَدْنَىٰٓ أَلَّا تَعُولُوا۟

''അനാഥകളുടെ കാര്യത്തിൽ നിങ്ങൾക്ക് നീതി പാലിക്കാനാവില്ലെന്നു നിങ്ങൾ ഭയപ്പെടുകയാണെങ്കിൽ (മറ്റു) സ്ത്രീകളിൽ നിന്ന് നിങ്ങൾ ഇഷ്ടപ്പെടുന്ന രണ്ടോ മൂന്നോ നാലോ പേരെ വിവാഹം ചെയ്തുകൊള്ളുക. എന്നാൽ (അവർക്കിടയിൽ) അല്ലെങ്കിൽ നിങ്ങളുടെ അധീനത്തിലുള്ള അടിമ സ്ത്രീയെ (ഭാര്യ) യെപ്പോലെ സ്വീകരിക്കുക. നിങ്ങൾ അതിരുവിട്ടുപോകാതിരിക്കാൻ അതാണ് കൂടുതൽ അനുയോജ്യമായിട്ടുള്ളത്'' (4:3).

അനാഥപ്പെൺകുട്ടികളെ ഏറ്റെടുക്കുന്നവർ അവരുടെ സ്വത്തിലും സൗന്ദര്യത്തിലും കണ്ണ് വെച്ചു കൊണ്ട് വിവാഹം കഴിക്കുന്ന സമ്പ്രദായം അറബികളിൽ നിലനിന്നിരുന്നു. എന്നാൽ അവരിൽ മിക്കവരും ആ അനാഥ ഭാര്യമാരോട് നീതി പുലർത്തിയിരുന്നില്ല. നാലു ഭാര്യമാരാകാമെങ്കിലും അവർക്കിടയിൽ നീതി പാലിക്കൽ നിർബന്ധമാണ്. അല്ലെങ്കിൽ ഏക ഭാര്യത്വമാണ് ഇസ്‌ലാം നിർദേശിക്കുന്നത്. നീതി പുലർത്താത്ത വിവാഹം ഇസ്‌ലാമിൽ നിഷിദ്ധമാണ്. അനാഥകളോട് നീതി പുലർത്തുന്നതോടൊപ്പം ഒന്നിലധികം ഭാര്യമാരെ സ്വീകരിക്കുന്നുവെങ്കിൽ അവർക്കിടയിലും നീതി പുലർത്തണമെന്നുകൂടി പഠിപ്പിക്കുകയാണ് ഈ വചനം.

## അമാനത്തുകൾ

إِنَّ ٱللَّهَ يَأْمُرُكُمْ أَن تُؤَدُّوا۟ ٱلْأَمَـٰنَـٰتِ إِلَىٰٓ أَهْلِهَا وَإِذَا
حَكَمْتُم بَيْنَ ٱلنَّاسِ أَن تَحْكُمُوا۟ بِٱلْعَدْلِ ۚ إِنَّ ٱللَّهَ نِعِمَّا
يَعِظُكُم بِهِۦٓ ۗ إِنَّ ٱللَّهَ كَانَ سَمِيعًۢا بَصِيرًا

''വിശ്വസിച്ചേൽപിക്കപ്പെട്ട അമാനത്തുകൾ അവയുടെ അവകാശികൾക്കു നിങ്ങൾ കൊടുത്തുവീട്ടണമെന്നും ജനങ്ങൾക്കിടയിൽ നിങ്ങൾ തീർപ്പ് കൽപിക്കുകയാണെങ്കിൽ നീതിയോടെ തീർപ്പ് കൽപ്പിക്കണമെന്നും അല്ലാഹു നിങ്ങളോട് കൽപിക്കുന്നു. എത്ര നല്ല ഉപദേശമാണ് അവൻ നിങ്ങൾക്കു നൽകുന്നത്. തീർച്ചയായും അല്ലാഹു എല്ലാം കേൾക്കുന്നവനും കാണുന്നവനുമാകുന്നു.'' (4:58).

വസ്തുക്കളാണെങ്കിൽ തിരിച്ചു കൊടുക്കേണ്ട സമയത്ത് അമാന്തം വരുത്താതെയും കൃത്രിമത്തം

നടത്താതെയും തിരിച്ചുകൊടുക്കണം. കാര്യങ്ങളാണെങ്കിൽ നിശ്ചയ പ്രകാരം വീഴ്ച വരുത്താതെ നിർവഹിക്കണം. രഹസ്യങ്ങളാണെങ്കിൽ പുറത്തറിയിക്കാതെ സൂക്ഷിക്കണം. ഇടപാടുകളാണെങ്കിൽ ചതിയും വഞ്ചനയും നടത്താതിരിക്കണം. ഇവയൊക്കെയാണ് അമാനത്തുകൾ അവയുടെ ആൾക്കാർക്കു കൊടുത്തു വീട്ടുകയെന്നതിന്റെ വിവക്ഷ. ഭൗതികമോ മതപരമോ ആയ ഏതു വിഷയത്തിലും ജനങ്ങൾക്കിടയിൽ തീരുമാനമെടുക്കുന്നതും വിധി പറയുന്നതും സ്വാർഥവും പക്ഷഭേദവും കൂടാതെ സത്യവും ന്യായവുമനുസരിച്ചായിരിക്കുകയെന്നതാണ് നീതിയോടെ തീർപ്പ് കൽപ്പിക്കുകയെന്നതിന്റെ വിവക്ഷ. നബി(സ്വ) അരുളി: ''നിന്നെ വിശ്വസിച്ചവന് നീ അമാനത്ത് നിറവേറ്റിക്കൊടുക്കുക. നിന്നെ ചതിച്ചവനെ നീ ചതിക്കരുത്.'' അബൂദാവൂദ്, തിർമിദി, ബയ്ഹകി, ഹാകിം).

## മസ്ലഹത്ത്

അല്ലാഹു പറയുന്നു:

وَإِن طَآئِفَتَانِ مِنَ ٱلْمُؤْمِنِينَ ٱقْتَتَلُوا۟ فَأَصْلِحُوا۟ بَيْنَهُمَا ۖ فَإِنۢ بَغَتْ إِحْدَىٰهُمَا عَلَى ٱلْأُخْرَىٰ فَقَـٰتِلُوا۟ ٱلَّتِى تَبْغِى حَتَّىٰ تَفِىٓءَ إِلَىٰٓ أَمْرِ ٱللَّهِ ۚ فَإِن فَآءَتْ فَأَصْلِحُوا۟ بَيْنَهُمَا بِٱلْعَدْلِ وَأَقْسِطُوٓا۟ ۖ إِنَّ ٱللَّهَ يُحِبُّ ٱلْمُقْسِطِينَ

''സത്യവിശ്വാസികളിൽ നിന്നുള്ള രണ്ടു വിഭാഗങ്ങൾ പരസ്പരം പോരടിച്ചാൽ നിങ്ങൾ അവർക്കിടയിൽ രഞ്ജിപ്പുണ്ടാക്കണം. ഒരു വിഭാഗം മറു വിഭാഗത്തിന്നെതിരിൽ അതിക്രമം കാണിച്ചാൽ അതിക്രമം കാണിക്കുന്ന വിഭാഗത്തോട് അവർ അല്ലാഹുവിന്റെ കൽപ്പനയിലേക്കു മടങ്ങിവരുന്നതുവരെ നിങ്ങൾ സമരം നടത്തണം. അങ്ങനെ ആ വിഭാഗം മടങ്ങിവരികയാണെങ്കിൽ നീതിപൂർവം ആ രണ്ടു വിഭാഗങ്ങൾക്കിടയിൽ രഞ്ജിപ്പുണ്ടാക്കുകയും നീതി പാലിക്കുകയും ചെയ്യുക. തീർച്ചയായും അല്ലാഹു നീതി പാലിക്കുന്നവരെ ഇഷ്ടപ്പെടുന്നു.'' (49:9)

## ക്രയവിക്രയങ്ങൾ

സാധനങ്ങൾ വിൽക്കുന്നതും വാങ്ങുന്നതും അളന്നും തൂക്കിയുമാണല്ലോ. അളവിലും തൂക്കത്തിലും നീതി പാലിക്കാൻ കൽപ്പിക്കുന്ന ഏറെ വചനങ്ങൾ ക്വുർആനിലുണ്ട്. ചിലത് പരിശോധിക്കാം.

''അളവിൽ കുറയ്ക്കുന്നവർക്കു മഹാനാശം. അതായത്. ജനങ്ങളോട് അളന്നു വാങ്ങുകയാണെങ്കിൽ തികച്ചെടുക്കും. ജനങ്ങൾക്ക് അളന്നുകൊടുക്കുകയോ തൂക്കിക്കൊടുക്കുകയോ ആണെങ്കിൽ കുറവ് വരുത്തുകയും ചെയ്യുന്നവർക്ക് (83:1-3). ഇതു സേവനത്തിനും ബാധകമാണ്. കൂലിപ്പണിയായാലും ഉദ്യോഗമായിരുന്നാലും ജനങ്ങൾക്കു അവർ കൊടുക്കുന്നത് സേവനമാണ്. ജനങ്ങളിൽ നിന്ന് എണ്ണിക്കണക്കാക്കി വാങ്ങുന്നതു പണമാണ്. ശമ്പളമായോ ബോണസ്സായോ ക്ഷാമബത്തയായോ കിട്ടേണ്ടതു കൃത്യമായി തന്നെ കിട്ടണം. എന്നാൽ ജോലിയിൽ പല കൃത്രിമങ്ങളും കാണിക്കുന്നവർ സേവനത്തിൽ കുറവ് വരുത്തുകയാണ്. അളവിലും തൂക്കത്തിലും കുറവ് ചെയ്യുന്നവർക്ക് പറഞ്ഞ മഹാനാശം കൂലിയോ ശമ്പളമോ കൈപ്പറ്റുന്ന എല്ലാ പണിക്കാർക്കും ജീവനക്കാർക്കും ഉന്നത സ്ഥാനങ്ങളിലിക്കുന്നവർക്കുമൊക്കെ ബാധകമാണ്. ഈ ന്യൂനതയ്ക്ക് തടയിടാനായി അല്ലാഹു പറയുന്നു.

وَٱلسَّمَآءَ رَفَعَهَا وَوَضَعَ ٱلْمِيزَانَ. أَلَّا تَطْغَوْا۟ فِى ٱلْمِيزَانِ. وَأَقِيمُوا۟ ٱلْوَزْنَ بِٱلْقِسْطِ وَلَا تُخْسِرُوا۟ ٱلْمِيزَانَ .

''ആകാശത്തെ അവൻ ഉയർത്തുകയും (എല്ലാ കാര്യവും തൂക്കിക്കണക്കാക്കാനുമുള്ള) തുലാസ് അവൻ സ്ഥാപിക്കുകയും ചെയ്തിരിക്കുന്നു. നിങ്ങൾ തുലാസിൽ ക്രമക്കേട് വരുത്താതിരി

**"സത്യവിശ്വാസികളിൽ നിന്നുള്ള രണ്ടു വിഭാഗങ്ങൾ പരസ്പരം പോരടിച്ചാൽ നിങ്ങൾ അവർക്കിടയിൽ രഞ്ജിപ്പുണ്ടാക്കണം. ഒരു വിഭാഗം മറു വിഭാഗത്തിന്നെതിരിൽ അതിക്രമം കാണിച്ചാൽ അതിക്രമം കാണിക്കുന്ന വിഭാഗത്തോട് അവർ അല്ലാഹുവിന്റെ കൽപ്പനയിലേക്കു മടങ്ങിവരുന്നതുവരെ നിങ്ങൾ സമരം നടത്തണം. അങ്ങനെ ആ വിഭാഗം മടങ്ങിവരുകയാണെങ്കിൽ നീതിപൂർവം ആ രണ്ടു വിഭാഗങ്ങൾക്കിടയിൽ രഞ്ജിപ്പുണ്ടാക്കുകയും നീതി പാലിക്കുകയും ചെയ്യുക. തീർച്ചയായും അല്ലാഹു നീതി പാലിക്കുന്നവരെ ഇഷ്ടപ്പെടുന്നു." (വി ക്വു. 49:9)**

ക്കുവാൻ വേണ്ടിയാണത്. നിങ്ങൾ നീതിപൂർവം തൂക്കം ശരിയാക്കുവിൻ. തുലാസിൽ നിങ്ങൾ കമ്മി വരുത്തരുത്.'' (55:7-9).

ഖൈബർ യുദ്ധത്തെത്തുടർന്ന് യഹൂദികളിൽ നിന്നു ലഭിച്ചിരുന്ന വസ്തുവഹകളുടെ ആദായം പിരിക്കാൻ നബി(സ്വ) അബ്ദുല്ലാഹിബ്നു റവാഹയെ(റ)അയച്ചു. തങ്ങൾ നൽകേണ്ടിയിരുന്ന തുകയിൽ ഇളവിന്നായി അവർ അദ്ദേഹത്തിന്നു കൈക്കൂലി കൊടുക്കാൻ ശ്രമിച്ചു. അപ്പോൾ അദ്ദേഹം ഇപ്രകാരം പറഞ്ഞുവത്രെ: ''അല്ലാഹു തന്നെയാണ! സൃഷ്ടികളിൽ വെച്ച് എനിക്കു ഏറ്റവും പ്രിയപ്പെട്ട ആളുടെ (നബി(സ്വ)യുടെ) അടുക്കൽ നിന്നാണ് ഞാൻ നിങ്ങളിലേക്കു വന്നിരിക്കുന്നത്. നിങ്ങളാകട്ടെ എന്റെ അടുക്കൽ കുരങ്ങുകളെയും പന്നികളെയും കാൾ അധികം വെറുക്കപ്പെട്ടവരുമാകുന്നു. എന്നാലും അദ്ദേഹത്തോടുള്ള സ്നേഹവും നിങ്ങളോടുള്ള വെറുപ്പും നിങ്ങളിൽ നീതി പാലിക്കാതിരിക്കുവാൻ എന്നെ പ്രേരിപ്പിക്കുകയില്ല.'' ഇതു കേട്ടപ്പോൾ അവർ പറഞ്ഞു: ''ഇതു (നീതി) കൊണ്ടു തന്നെയാണ് ആകാശങ്ങളും ഭൂമിയും നിലനിൽക്കുന്നതും.'' ഏറ്റെടുത്ത സാക്ഷ്യം നിർവഹിക്കുവാൻ മടി കൂടാതെ മുന്നോട്ടു വരുന്നവനെ ഉദ്ദേശിച്ച് നബി(സ്വ) അരുളി: ''ആവശ്യത്തിനു മുമ്പ് തന്നെ സാക്ഷ്യം നിറവേറ്റുന്നവനാണ് സാക്ഷികളിൽ വെച്ച് ഉത്തമൻ'' (മുസ്ലിം)

## സ്ത്രീകൾക്കു നീതി

സ്ത്രീകളുടെ കാര്യത്തിൽ അല്ലാഹു വിധിക്കുന്നു:

وَيَسْتَفْتُونَكَ فِى ٱلنِّسَآءِ ۖ قُلِ ٱللَّهُ يُفْتِيكُمْ فِيهِنَّ وَمَا يُتْلَىٰ عَلَيْكُمْ فِى ٱلْكِتَٰبِ فِى يَتَٰمَى ٱلنِّسَآءِ ٱلَّٰتِى لَا تُؤْتُونَهُنَّ مَا كُتِبَ لَهُنَّ وَتَرْغَبُونَ أَن تَنكِحُوهُنَّ وَٱلْمُسْتَضْعَفِينَ مِنَ ٱلْوِلْدَٰنِ وَأَن تَقُومُوا۟ لِلْيَتَٰمَىٰ بِٱلْقِسْطِ ۚ وَمَا تَفْعَلُوا۟ مِنْ خَيْرٍ فَإِنَّ ٱللَّهَ كَانَ بِهِۦ عَلِيمًا

''സ്ത്രീകളുടെ കാര്യത്തിൽ അവർ നിന്നോട് വിധി തേടുന്നു. പറയുക; അവരുടെ കാര്യത്തിൽ അല്ലാഹു നിങ്ങൾക്കു വിധി നൽകുന്നു. സ്ത്രീകൾക്കു നിശ്ചയിക്കപ്പെട്ട അവകാശം നിങ്ങൾ നൽകാതിരിക്കുകയും എന്നാൽ നിങ്ങൾ വിവാഹം കഴിക്കാൻ മോഹിക്കുകയും ചെയ്യുന്ന അനാഥ സ്ത്രീകളുടെ കാര്യത്തിലും ബലഹീനരായ കുട്ടികളുടെ കാര്യത്തിലും ഈ ഗ്രന്ഥത്തിൽ നിങ്ങൾക്കു വായിച്ചു കേൾപ്പിക്കപ്പെടുന്നതു (നിങ്ങൾ ശ്രദ്ധിക്കുകയും ചെയ്യുക). അനാഥകളോട് നിങ്ങൾ നീതിയോടെ വർത്തിക്കണമെന്ന കൽപ്പനയും ശ്രദ്ധിക്കുക.) നിങ്ങൾ ചെയ്യുന്ന ഏതൊരു നല്ല കാര്യവും അല്ലാഹു (പൂർണമായി) അറിയുന്നവനാകുന്നു.'' (4:127)

## അനാഥകളുടെ സ്വത്ത്

''ഏറ്റവും ഉത്തമമായ മാർഗത്തിലൂടെയല്ലാതെ നിങ്ങൾ അനാഥയുടെ സ്വത്തിനെ സമീപിച്ചു പോകരുത്. അവന്നു കാര്യപ്രാപ്തി എത്തുന്ന തുവരെ (നിങ്ങൾ അവന്റെ രക്ഷാകർതൃത്വം ഏറ്റെടുക്കണം). നിങ്ങൾ നീതിപൂർവം അളവും തൂക്കവും തികച്ചുകൊടുക്കണം. ഒരാൾക്കും അയാളുടെ കഴിവിലുപരിയായി ബാധ്യത ചുമത്തുന്നതല്ല. അതൊരു ബന്ധുവിന്റെ കാര്യത്തിലായാൽപോലും. അല്ലാഹുവോടുള്ള കരാർ നിങ്ങൾ നിറവേറ്റുക. നിങ്ങൾ ശ്രദ്ധിച്ചു മനസ്സിലാക്കാൻവേണ്ടി അല്ലാഹു നിങ്ങൾക്ക് നൽകിയ ഉപദേശമാണത്. (6:152)

## ഖുർആനിന്റെ സ്വാധീനം

മുസ്ലിങ്ങളുടെ ആദ്യ ഖിബ്ലയായ ബയ്ത്തുൽ മക്ദിസും ഖുദ്സ് നഗരവും റോമൻ ആധിപത്യത്തിലായിരുന്നു. നാലു മാസത്തെ ഉപരോധത്തിനുശേഷം മുസ്ലിങ്ങൾക്കു വിട്ടു നൽകാൻ പ്രദേശവാസികൾ തയ്യാറായി. ഖലീഫ(റ) നേരിട്ട് വന്ന് ഏറ്റുവാങ്ങണമെന്നതായിരുന്നു ക്രിസ്ത്യാനികളുടെ നിലപാട്. അധികാരത്തിന്റെ യാതൊരു അടയാളവും കാണിക്കാതെ ഒരു പരുക്കൻ രോമപ്പുതപ്പ് ഒരു സാധാരണ ഒട്ടകപ്പുറത്ത് വിരിച്ച് അതിലായിരുന്നു ഖലീഫ ഉമർ(റ) ഖുദ്സ് നഗരത്തിലെത്തിയത്. ക്രിസ്ത്യാനികളുടെ ജീവന്നും സ്വത്തിന്നും കുരിശുകൾക്കും ചർച്ചുകൾക്കും പൂർണ സംരക്ഷണം നൽകുമെന്നും ആരെയും ഉപദ്രവിക്കില്ലെന്നും ആരെയും നിർബന്ധിച്ച് മതം മാറ്റുകയില്ലെന്നും ഉറപ്പ് നൽകപ്പെട്ടു. നഗരത്തിലെ ക്രൈസ്തവരുടെ പ്രധാന ദേവാലയത്തിന്റെ അങ്കണത്തിലിരിക്കുകയായിരുന്നു ഖലീഫ(റ). അപ്പോൾ നമസ്കാര സമയമായി. ചർച്ചിനകത്ത് നമസ്കരിക്കാൻ പാത്രീയാർക്കീസ് നിർദേശിച്ചെങ്കിലും ഖലീഫ(റ) വഴങ്ങിയില്ല. 'ഇവിടെ ഉമർ നമസ്കരിച്ചിട്ടുണ്ടെന്നു പറഞ്ഞ് തന്റെ കാലശേഷം പിൻഗാമികൾ അവകാശവാദം ഉന്നയിച്ചേക്കാമെന്നു പറഞ്ഞ് അദ്ദേഹം ചർച്ചിന്റെ കവാടത്തിന്റെ പുറത്ത് നമസ്കാരം നിർവഹിച്ചു. പിൽക്കാലത്ത് ആർക്കും അവകാശവാദം ഉന്നയിക്കുവാൻ ഒരു പഴുതുപോലും നൽകാതെയാണ് പൂർവിക മുസ്ലിം ഭരണാധികാരികൾ ഭരണം നടത്തിയത്. അവർക്കു പ്രചോദനമായത് വിശുദ്ധ ഖുർആനിന്റെ നീതിപാഠങ്ങളായിരുന്നല്ലോ. ●

# ജംഉം ക്വസ്വ്റും

**യാത്രയുടെ ദൈർഘ്യവും യാത്രയിലെ വിഷമങ്ങളും കാലഘട്ടത്തിന്നനുസരിച്ച് വ്യത്യാസപ്പെടും. നബിയുടെ കാലത്തെ യാത്രയും ഇന്നത്തെ യാത്രയും വളരെ വ്യത്യാസമുണ്ട്. അന്ന് ഒട്ടകപ്പുറത്തായിരുന്നു യാത്ര. കുറഞ്ഞ ദൂരമേ ദിവസംകൊണ്ട് യാത്രചെയ്യാൻ കഴിയുമായിരുന്നുള്ളൂ. ഇന്ന് നേരെ മറിച്ചാണ്. കുറഞ്ഞ സമയം കൊണ്ട് ദീർഘദൂരം യാത്ര ചെയ്യാം. ചിലപ്പോൾ ദൂരം കുറഞ്ഞ സ്ഥലത്ത് പോയിവരാൻ കൂടുതൽ സമയം എടുത്തെന്നുംവരാം. ഇക്കാരണങ്ങളാൽ ക്വുർആനിന്റെ ബാഹ്യാർഥവും, പ്രവാചക നടപടിയും സ്വീകരിക്കലാണ് ഉത്തമം. ഫിക്വ്ഹ് പണ്ഡിതൻമാർ പറയുന്ന ദൂരം ആ കാലത്തെ യാത്ര കണക്കിലെടുത്തുകൊണ്ടാണ്. യാത്ര എന്ന് പറയാവുന്ന ഏത് സഞ്ചാരത്തിലും ദൂരം കണക്കിലെടുക്കാതെ നമസ്കാരം ജംഉം, ക്വസ്റും ആക്കാം. എന്നാൽ അത് വളരെ നിസ്സാരവത്കരിക്കാനും പാടില്ല.**

**പി പി മുഹമ്മദ് മദനി മോങ്ങം**

നാല് റക്അത്തുള്ള നമസ്കാരങ്ങൾ യാത്രാവേളയിൽ രണ്ടു റക്അത്തായി ചുരുക്കുന്നതിന് 'ക്വസ്ർ' എന്നും രണ്ടു നമസ്കാരങ്ങൾ ഒന്നിന്റെ സമയത്ത് നിർവഹിക്കുന്നതിന് 'ജംഅ്' എന്നും പറയുന്നു. ളുഹ്റ്, അസ്റ് എന്നിവയും മഗ്രിബ്, ഇശാഅ് എന്നിവയുമാണ് ജംഅ് ആക്കി നമസ്കരിക്കാവുന്നത്. യാത്രാവേളയിൽ നമസ്കാരം ചുരുക്കി നിർവഹിക്കാൻ വിശുദ്ധ ക്വുർആൻ അനുവദിച്ചിട്ടുണ്ട്. മഗ്രിബിനും സുബ്ഹിനും ക്വസ്ർ ഇല്ല. സുബ്ഹ് ഒന്നിലേക്കും ജംഅ് ആക്കാനും പാടില്ല.

وَإِذَا ضَرَبْتُمْ فِى ٱلْأَرْضِ فَلَيْسَ عَلَيْكُمْ جُنَاحٌ أَن تَقْصُرُوا۟ مِنَ ٱلصَّلَوٰةِ

''നിങ്ങൾ ഭൂമിയിൽ യാത്ര ചെയ്യുമ്പോൾ നമസ്കാരം ചുരുക്കി നിർവഹിക്കുന്നതിന് നിങ്ങൾക്ക് കുറ്റമില്ല'' (നിസാഅ്: 101).

യാത്രയിൽ ചുരുക്കി നമസ്കരിക്കലായിരുന്നു നബി(സ്വ)ന്റെ പതിവ്. അല്ലാഹു അനുവദിച്ച ഇളവും ദാനവുമാണത്. നബി(സ്വ) പറഞ്ഞു:

صَدَقَةٌ تَصَدَّقَ اللَّهُ بِهَا عَلَيْكُمْ، فَاقْبَلُوا صَدَقَتَهُ.

അല്ലാഹു നിങ്ങൾക്കു നൽകിയ ദാനമാണത്. അവന്റെ ദാനം നിങ്ങൾ സ്വീകരിക്കുക. (മുസ്ലിം)

യാത്രയിൽ നമസ്കാരം പൂർണമായി നിർവഹിക്കുന്നതിൽ തെറ്റില്ല. എങ്കിലും ചുരുക്കി നമസ്കരിക്കലാണ് ശ്രേഷ്ഠം. ഇമാം അബൂഥൗർ, മാലിക്, അഹ്മദ്, ഇമാം ശാഫിഈ എന്നിവർ ഈ അഭിപ്രായക്കാരാണ്. (ശറഹുൽ മുഹദ്ദബ്, ഫിക്വ്ഹു അബുഥൗർ)

നമസ്കാരം ആദ്യത്തിൽ രണ്ടു റക്അത്തായിട്ടാണ് നിർവഹിക്കപ്പെട്ടിരുന്നത്. പിന്നീട് യാത്രയിലെ നമസ്കാരമായി രണ്ട് റക്അത്ത് നിശ്ചയിക്കപ്പെടുകയും സ്ഥിരതാമസ വേളയിൽ ഇപ്പോഴുള്ള റക്അത്തുകൾ നിർണയിക്കപ്പെടുകയുമാണുണ്ടായത്.

عن عائشة رضي الله عنها قالت قد فرضت الصلاة ركعتين ركعتين بمكة فلما قدم رسول الله المدينة زاد

**നാല് റക്അത്തുള്ള നമസ്കാരങ്ങൾ യാത്രാവേളയിൽ രണ്ടു റക്അത്തായി ചുരുക്കുന്നതിന് "ക്വസ്വ്ർ' എന്നും രണ്ടു നമസ്കാരങ്ങൾ ഒന്നിന്റെ സമയത്ത് നിർവഹിക്കുന്നതിന് "ജംഅ് എന്നും പറയുന്നു. ളുഹ്റ്, അസ്വ്റ് എന്നിവയും മഗ്‌രിബ്, ഇശാഅ് എന്നിവയുമാണ് ജംഅ് ആക്കി നമസ്കരിക്കാവുന്നത്. യാത്രാവേളയിൽ നമസ്കാരം ചുരുക്കി നിർവഹിക്കാൻ വിശുദ്ധ ക്വുർആൻ അനുവദിച്ചിട്ടുണ്ട്. മഗ്‌രിബിനും സുബ്ഹിനും ക്വസ്വ്ർ ഇല്ല. സുബ്ഹ് ഒന്നിലേക്കും ജംഅ് ആക്കാനും പാടില്ല.**

كل ركعتين ركعتين الا في المغرب فإنها وتر النهار ، وصلاة الفجر لطول قرائتها وكان إذا سافر صلى الصلاة الأولى(اي فرضت بمكة)

ആഇശ(റ) പറയുന്നു: മക്കയിൽ വെച്ച് നമസ്കാരം ഈരണ്ട് റക്അത്ത് ആയിട്ടാണ് നിർബന്ധമാക്കപ്പെട്ടിരുന്നത്. നബി(സ്വ) മദീനയിലെത്തിയപ്പോൾ ഓരോ രണ്ടുറക്അത്തുകളോടൊപ്പവും രണ്ട് റക്അത്ത് വീതം വർധിപ്പിച്ചു; മഗ്‌രിബിലൊഴികെ. അത് പകലിലെ വിത്ർ നമസ്കാരമാണ്. സ്വുബ്ഹിലുമൊഴികെ; കാരണം അത് ദീർഘമായി ക്വുർആൻ ഓതി നമസ്കരിക്കുന്നതാണ്. നബി(സ്വ) യാത്ര ചെയ്യുമ്പോൾ ആദ്യത്തെ നമസ്കാരമാണ് (മക്കയിൽ വെച്ച് ഫർളാക്കിയ രണ്ട് റക്അത്ത്) നിർവഹിച്ചിരുന്നത്. (അഹ്മദ്, ബൈഹക്വി, ഇബ്നു ഹിബ്ബാൻ)

യാത്ര പുറപ്പെട്ട് മദീനയിൽ തിരിച്ചെത്തുന്നതുവരെ നബി(സ്വ) ക്വസ്റാക്കി നമസ്കരിക്കലായിരുന്നു പതിവ്. യാത്രാ വേളയിൽ അവിടുന്ന് പൂർണ രൂപത്തിൽ നമസ്കരിച്ചതായി സ്ഥിരപ്പെട്ട ഹദീഥുകളിൽ വന്നിട്ടില്ല.

ചുരുക്കിനമസ്കരിക്കാനുള്ളയാത്രാദൈർഘ്യം എത്രയാണെന്ന് ക്വുർആനിൽ നിശ്ചയിച്ചിട്ടില്ല. നബി(സ്വ) ന്റെ നടപടിയിലും അങ്ങനെയില്ല. ഫിക്വ്ഹ് പണ്ഡിതന്മാർ വ്യത്യസ്ത അഭിപ്രായങ്ങൾ പ്രകടിപ്പിച്ചിട്ടുണ്ട്. രണ്ട് മർഹല ദൂരം വേണമെന്നും മൂന്ന് മർഹല ദൂരം വേണമെന്നും അഭിപ്രായമുള്ളവർ ഉണ്ട്. (ഒരു മർഹല = 24 മൈൽ)

പണ്ട്കാലത്ത് ഒട്ടകപ്പുറത്ത് ഒരു രാവും പകലും സഞ്ചരിച്ചിരുന്ന ദൂരമാണ് രണ്ടു മർഹലയായി കണക്കാക്കപ്പെട്ടിരുന്നത്. ഇതിന് വ്യക്തമായ തെളിവിന്റെ പിൻബലമില്ല.

നബി(സ്വ) യാത്രാ വേളയിൽ മദീനയുടെ അതിർത്തി കടന്നാൽ എവിടെ വെച്ചാണോ നമസ്കാരത്തിന്റെ സമയമാകുന്നത് അവിടെവെച്ച് ചുരുക്കി നമസ്കരിക്കലായിരുന്നു ചെയ്യാറുണ്ടായിരുന്നത്. വഴിമാറുന്നതിനനുസരിച്ച് ചിലപ്പോൾ മദീനയിൽ നിന്നുള്ള അകലങ്ങൾ വ്യത്യാസപ്പെട്ടിട്ടുണ്ട്. താമസ പ്രദേശം (മഹല്ല്) വിട്ടാൽ ക്വസ്റാക്കാമെന്നാണ് പല പണ്ഡിതന്മാരുടെയും അഭിപ്രായം (ഉംദ:)

നബി(സ്വ) ന്റെ വ്യത്യസ്ത നടപടികൾ ഉദ്ധരിക്കപ്പെട്ട ചില ഹദീഥുകൾ ശ്രദ്ധിക്കുക.

عن أَنَسَ بْنَ مَالِكٍ عَنْ قَصْرِ الصَّلَاةِ فَقَالَ : كَانَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ إِذَا خَرَجَ مَسِيرَةَ ثَلَاثَةِ أَمْيَالٍ أَوْ ثَلَاثَةِ فَرَاسِخَ .

അനസുബ്നു മാലിക്(റ) പറയുന്നു: മൂന്നു മൈൽ അല്ലെങ്കിൽ മൂന്ന് ഫർസഖ് ദൂരം പ്രവാചകൻ സഞ്ചരിച്ചാൽ രണ്ടു റക്അത്തായി നമസ്കരിക്കാറുണ്ടായിരുന്നു (അഹ്മദ്, മുസ്ലിം).

ഈ വിഷയത്തിൽ ഏറ്റവും സ്വഹീഹായ ഹദീഥാണ് ഇതെന്ന് ഇബ്നു ഹജറിൽ അസ്ക്വലനി തന്റെ ഫത്ഹുൽബാരിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

യാത്രയുടെ ദൈർഘ്യവും യാത്രയിലെ വിഷമങ്ങളും കാലഘട്ടത്തിന്നനുസരിച്ച് വ്യത്യാസപ്പെടും. നബിയുടെ കാലത്തെ യാത്രയും ഇന്നത്തെ യാത്രയും വളരെ വ്യത്യാസമുണ്ട്. അന്ന് ഒട്ടകപ്പുറത്തായിരുന്നു യാത്ര. കുറഞ്ഞ ദൂരമേ ദിവസംകൊണ്ട് യാത്രചെയ്യാൻ കഴിയുമായിരുന്നുള്ളൂ. ഇന്ന് നേരെ മറിച്ചാണ്. കുറഞ്ഞ സമയം കൊണ്ട് ദീർഘദൂരം യാത്ര ചെയ്യാം. ചിലപ്പോൾ ദൂരം കുറഞ്ഞ സ്ഥലത്ത് പോയിവരാൻ കൂടുതൽ സമയം എടുത്തെന്നുംവരാം. ഇക്കാരണങ്ങളാൽ ക്വുർആനിന്റെ ബാഹ്യാർഥവും, പ്രവാചക നടപടിയും സ്വീകരിക്കലാണ് ഉത്തമം. ഫിക്വ്ഹ് പണ്ഡിതൻമാർ പറയുന്ന ദൂരം ആ കാലത്തെ യാത്ര കണക്കിലെടുത്തുകൊണ്ടാണ്. യാത്ര എന്ന് പറയാവുന്ന ഏത് സഞ്ചാരത്തിലും ദൂരം കണക്കിലെടുക്കാതെ നമസ്കാരം ജംഉം, ക്വസ്റും ആക്കാം. എന്നാൽ അത് വളരെ നിസ്സാരവത്കരിക്കാനും പാടില്ല. (തുടരും) ●

# അനന്തരാവകാശികൾ

**ഒരാൾ മരണപ്പെടുമ്പോൾ അയാളുടെ പിതാവോ മക്കളോ ജീവിച്ചിരിപ്പില്ലെങ്കിൽ അയാളെപ്പറ്റി "കലാലത്ത്' എന്ന് പറയപ്പെടുന്നു. അകന്ന കുടുംബം എന്നുദ്ദേശ്യം. ഇങ്ങനെ വരുമ്പോൾ അയാളുടെ ഉമ്മയൊത്ത ഒരു സഹോദരനോ സഹോദരിയോ ഉണ്ടെങ്കിൽ അവർക്ക് ആറിലൊന്ന് അവകാശമുണ്ട്. ഇവർ ഒന്നിലധികം പേരുണ്ടെങ്കിൽ എല്ലാവർക്കും കൂടി മൂന്നിലൊന്നും ലഭിക്കും. ഇവരെ സംബന്ധിച്ചിടത്തോളം ആണിനും പെണ്ണിനും ഒരേ സ്ഥാനമാണുള്ളത്. അവരുടെ ഓഹരി അവർക്ക് സമമായി ഭാഗിക്കാം.**

**എം. എ. എം**

وَلَكُمْ نِصْفُ مَا تَرَكَ أَزْوَٰجُكُمْ إِن لَّمْ يَكُن لَّهُنَّ وَلَدٌ
ۚ فَإِن كَانَ لَهُنَّ وَلَدٌ فَلَكُمُ ٱلرُّبُعُ مِمَّا تَرَكْنَ ۚ مِنۢ بَعْدِ
وَصِيَّةٍ يُوصِينَ بِهَآ أَوْ دَيْنٍ ۚ وَلَهُنَّ ٱلرُّبُعُ مِمَّا تَرَكْتُمْ إِن
لَّمْ يَكُن لَّكُمْ وَلَدٌ ۚ فَإِن كَانَ لَكُمْ وَلَدٌ فَلَهُنَّ ٱلثُّمُنُ مِمَّا
تَرَكْتُم ۚ مِّنۢ بَعْدِ وَصِيَّةٍ تُوصُونَ بِهَآ أَوْ دَيْنٍ ۗ وَإِن كَانَ
رَجُلٌ يُورَثُ كَلَٰلَةً أَوِ ٱمْرَأَةٌ وَلَهُۥٓ أَخٌ أَوْ أُخْتٌ فَلِكُلِّ
وَٰحِدٍ مِّنْهُمَا ٱلسُّدُسُ ۚ فَإِن كَانُوٓا۟ أَكْثَرَ مِن ذَٰلِكَ فَهُمْ
شُرَكَآءُ فِى ٱلثُّلُثِ ۚ مِنۢ بَعْدِ وَصِيَّةٍ يُوصَىٰ بِهَآ أَوْ دَيْنٍ
غَيْرَ مُضَآرٍّ ۚ وَصِيَّةً مِّنَ ٱللَّهِ ۗ وَٱللَّهُ عَلِيمٌ حَلِيمٌ

''നിങ്ങളുടെ ഭാര്യമാർക്ക് സന്തതികളില്ലെങ്കിൽ അവർ വിട്ടേച്ചു പോയതിന്റെ പകുതി നിങ്ങൾക്കാകുന്നു. അവർക്ക് സന്താനമുണ്ടായിരുന്നാൽ, അവർ വിട്ടേച്ച് പോയതിന്റെ നാലിലൊന്ന് നിങ്ങൾക്കുണ്ടായിരിക്കും. അവർ ചെയ്യുന്ന വസിയ്യത്തും കടമുണ്ടെങ്കിൽ അ തും കഴിച്ചാണിത്. നിങ്ങൾക്ക് സന്താനമില്ലെങ്കിൽ നിങ്ങൾ വിട്ട് പോയ ധനത്തിൽ നിന്നും അവർക്ക് നാലിലൊന്നാണവർക്കുള്ളത്. നിങ്ങൾക്ക് സന്താനം ഉണ്ടെങ്കിൽ നിങ്ങൾ വിട്ടുപോയതിൽ നിന്നും അവർക്ക് എട്ടിലൊന്നുണ്ടായിരിക്കും. നിങ്ങൾ ചെയ്യുന്ന വസിയ്യത്ത്, കടമുണ്ടെങ്കിൽ അതും കഴിച്ചാണിത്. അനന്തരമെടുക്കുന്ന പുരുഷനോ സ്ത്രീയോ പിതാവും മക്കളുമില്ലാത്ത ആളാവുകയും അയാൾക്ക് (മാതാവൊത്ത) ഒരു സഹോദരനോ, സഹോദരിയോ ഉണ്ടായിരിക്കുകയും ചെയ്താൽ അവരിൽ ഓരോരുത്തർക്കും ആറിലൊരംശം ലഭിക്കുന്നതാണ്. ഇനി അവർ അതിലധികം പേരുണ്ടെങ്കിൽ അവർ മൂന്നിലൊന്നിൽ സമാവകാശികളായിരിക്കും. ദ്രോഹകരമല്ലാത്ത വസിയ്യത്തോ കടമോ ഉണ്ടെങ്കിൽ അതു കഴിച്ചാണിത്. അല്ലാഹുവിങ്കൽ നിന്നുള്ള നിർദേശമത്രെ ഇത്. അല്ലാഹു സർവജ്ഞനും സഹന ശീലനുമാകുന്നു.(നിസാഅ്:12)

മാതാപിതാക്കളുടെയും മക്കളുടെയും അവകാശ വിഹിതങ്ങൾ വിവരിച്ച ശേഷം ഭാര്യാഭർത്താക്കന്മാരുടെയും മറ്റും അവകാശങ്ങളാണ് വിവരിക്കുന്നത്. ഈ വചനത്തിലടങ്ങിയ വിധികൾ ഇങ്ങനെ സംഗ്രഹിക്കാം.



(1) സ്ത്രീ മരിക്കുമ്പോൾ അവൾക്ക് മക്കളില്ലെങ്കിൽ അവളുടെ ഭർത്താവിന് പകുതിയും മക്കളുണ്ടെങ്കിൽ നാലിലൊന്നുമായിരിക്കും അവകാശം.

(2) പുരുഷൻ മരണപ്പെടുമ്പോൾ അവനു മക്കളില്ലെങ്കിൽ ഭാര്യക്ക് നാലിലൊന്നും മക്കളുണ്ടെങ്കിൽ എട്ടിലൊന്നും അവകാശമായിരിക്കും. ഒരാൾക്ക് ഒന്നിലധികം ഭാര്യമാരുണ്ടെങ്കിലും ഇതിൽ മാറ്റമില്ല. ആ ഓഹരി അവർക്കിടയിൽ സമമായി ഭാഗിക്കേണ്ടതാണ്. മുമ്പ് പറഞ്ഞതുപോലെ, മക്കൾ ഒന്നോ അധികമോ, ആണോ പെണ്ണോ എന്ന വ്യത്യാസം ഇവിടെയും പരിഗണിക്കപ്പെടുകയില്ല. മരണപ്പെട്ട ആൾക്ക് മക്കളുണ്ടോ ഇല്ലേ എന്ന് മാത്രമേ നോക്കേണ്ടതുള്ളൂ. ആ മക്കൾ വേറൊരു വിവാഹത്തിൽ ജനിച്ചവരായാലും ശരി. സ്വന്തം മക്കളില്ലാത്തപ്പോൾ ആൺമക്കളുടെ മക്കളുണ്ടായിരുന്നാലും സ്ഥിതി ഇതു തന്നെയാകുന്നു.

(3) ഒരാൾ മരണപ്പെടുമ്പോൾ അയാളുടെ പിതാവോ മക്കളോ ജീവിച്ചിരിപ്പില്ലെങ്കിൽ അയാളെപ്പറ്റി 'കലാലത്ത്' എന്ന് പറയപ്പെടുന്നു. അകന്ന കുടുംബം എന്നുദ്ദേശ്യം. ഇങ്ങനെ വരുമ്പോൾ അയാളുടെ ഉമ്മയൊത്ത ഒരു സഹോദരനോ സഹോദരിയോ ഉണ്ടെങ്കിൽ അവർക്ക് ആറിലൊന്ന് അവകാശമുണ്ട്. ഇവർ ഒന്നിലധികം പേരുണ്ടെങ്കിൽ എല്ലാവർക്കും കൂടി മൂന്നിലൊന്നും ലഭിക്കും. ഇവരെ സംബന്ധിച്ചിടത്തോളം ആണിനും പെണ്ണിനും ഒരേ സ്ഥാനമാണുള്ളത്. അവരുടെ ഓഹരി അവർക്ക് സമമായി ഭാഗിക്കാം.

'കലാലത്തി'ന്റെ രൂപത്തിലേ മാതാവ് മാത്രം ഒത്ത സഹോദര സഹോദരികൾക്ക് അവകാശം നിശ്ചയിക്കപ്പെട്ടിട്ടുള്ളൂ. ഈ സഹോദരങ്ങളെപ്പറ്റി അവർ ഉമ്മയൊത്തവരായിരിക്കണമെന്ന് ഇവിടെ വ്യക്തമാക്കപ്പെട്ടിട്ടില്ല. സഹോദര സഹോദരികളുടെ അവകാശം പെൺമക്കളുടെ അവകാശം പോലെത്തന്നെയാണെന്ന് 176-ാം വചനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. അപ്പോൾ, അത് 'അസ്വബ:' ക്കാരായി വരുന്ന സഹോദര സഹോദരികളെ- മാതാവും പിതാവും ഒത്തവരെയോ, പിതാവ് ഒത്തവരെയോ-മാത്രം ഉദ്ദേശിച്ചായിരിക്കുവാനേ തരമുള്ളൂ. അതിനാൽ, ഇവിടെ പറഞ്ഞ സഹോദര- സഹോദരികളെ കൊണ്ടുദ്ദേശ്യം ഉമ്മ മാത്രം ഒത്തവരായിരിക്കുമെന്ന് വ്യക്തമാകുന്നു. ഈ കാര്യത്തിൽ ക്വുർആൻ വ്യാഖ്യാതാക്കൾക്കിടയിൽ ഭിന്നാഭിപ്രായമില്ല.

കഴിഞ്ഞ വചനത്തിൽ വ്യക്തമാക്കിയ ഒരു ഉപാധി - മരണപ്പെട്ടവൻ വല്ല വസ്വിയ്യത്തും ചെയ്തിട്ടുണ്ടെങ്കിൽ അതും, അവന് കടമുണ്ടെങ്കിൽ അതും കഴിച്ച ശേഷമേ സ്വത്ത് ഭാഗിക്കുവാൻ പാടുള്ളുവെന്നത് - ഈ വചനത്തിൽ ഓരോ വിധിയോടൊപ്പവും ആവർത്തിച്ചുകൊണ്ട് അല്ലാഹു മൂന്ന് പ്രാവശ്യം ഓർമപ്പെടുത്തിയിട്ടുണ്ട്. മനുഷ്യരുടെ ധനക്കൊതി നിമിത്തം പലപ്പോഴും അക്കാര്യം ഗൗനിക്കപ്പെടാതിരിക്കുവാൻ ഇടയുള്ളതു കൊണ്ടായിരിക്കും അല്ലാഹു അത് വീണ്ടും വീണ്ടും ഉണർത്തുന്നത്. എന്നിട്ടുംജനങ്ങൾ അത് വേണ്ടത്ര ഗൗനിക്കാറില്ലെന്നുള്ളതാണ് അനുഭവം. ഓരോ സത്യവിശ്വാസിയായ അവകാശിയും ഗൗരവപൂർവം മനസ്സിരുത്തേണ്ടുന്ന ഒരു വിഷയമാണിത്. അവസാനം 'പരസ്പരം ഉപദ്ര

**മരണപ്പെട്ടവന്റെ അടുത്ത കുടുംബങ്ങൾ ഇല്ലാത്തപ്പോഴാണ് 'കലാലത്തു'ണ്ടാകുന്നത്. അവകാശികളിൽ അടുത്ത ബന്ധമുള്ളവർ ഇല്ലെന്ന് വരുമ്പോൾ, അകന്ന അവകാശികൾക്ക് തങ്ങളുടെ സ്വത്ത് ലഭിക്കുന്നത് തടയുവാൻ വേണ്ടി വല്ല വസ്വിയ്യത്തും ചെയ്യുകൊണ്ടോ, അല്ലെങ്കിൽ വല്ല ക്രയവിക്രയങ്ങളും വഴി സ്വത്തിൻമേൽ കടം വരുത്തിവെച്ചോ അവർക്ക് ഉപദ്രവം ചെയ്യുന്ന സ്വത്തുടമകൾ ചിലപ്പോൾ ഉണ്ടയെന്നു വരും. നേരെ മറിച്ച് മരണപ്പെട്ട ആളുമായി അടുത്ത ബന്ധമില്ലാത്ത അകന്ന അവകാശികൾ തങ്ങൾക്ക് അവിചരിതമായി കിട്ടുന്ന അവകാശ ലഹരിയിൽ ആ സ്വത്തിൽ നിന്ന് നികത്തപ്പെടേണ്ട ബാധ്യതകൾ അവഗണിക്കുക എന്നതുംസംഭവിക്കാം. ഒരാളുടെ വസ്വിയ്യത്ത് പാലിക്കുന്നതിലും, കടം കൊടുത്ത് തീർക്കുന്നതിലും അയാളുടെ പിതാക്കൾക്കും മക്കൾക്കും ഉണ്ടാകുന്നത്ര ഉത്സാഹം അകന്ന ബന്ധുക്കൾക്കുണ്ടായിക്കൊള്ളണമെന്നില്ല. ഇതെല്ലാം കണക്കിലെടുത്തുകൊണ്ടായിരിക്കും മനുഷ്യന്റെ മനഃശാസ്ത്രം ഏറ്റവും അറിയുന്നവനായ അല്ലാഹു ഇങ്ങനെ ഒരു ഉപാധി കൂടി പറഞ്ഞതും, വസ്വിയ്യത്തിന്റെയും കടത്തിന്റെയും കാര്യം ആവർത്തിച്ചു പറഞ്ഞതും.**

വമുണ്ടാക്കപ്പെടാത്ത വിധം' غَيْرَ مُضَآرٍّ എന്നുകൂടി പറഞ്ഞിരുന്നതും ശ്രദ്ധിക്കുക. വസ്വിയ്യത്തിന്റെ കാര്യത്തിലോ കടത്തിന്റെ കാര്യത്തിലോ ആരും ആരോടും ഉപദ്രവം ചെയ്യുവാൻ ഇടവരരുതെന്നാണല്ലോ ഇതിന്റെ അർഥം. ഇക്കാര്യം എല്ലായിടത്തും ബാധകമാണെങ്കിലും ഇവിടെ പ്രത്യേകം എടുത്തു പറയുവാൻ കാരണമുണ്ട്. മരണപ്പെട്ടവന്റെ അടുത്ത കുടുംബങ്ങൾ ഇല്ലാത്തപ്പോഴാണ് 'കലാലത്തു'ണ്ടാകുന്നത്. അവകാശികളിൽ അടുത്ത ബന്ധമുള്ളവർ ഇല്ലെന്ന് വരുമ്പോൾ, അകന്ന അവകാശികൾക്ക് തങ്ങളുടെ സ്വത്ത് ലഭിക്കുന്നത് തടയുവാൻ വേണ്ടി വല്ല വസ്വിയ്യത്തും ചെയ്തുകൊണ്ടോ, അല്ലെങ്കിൽ വല്ല ക്രയവിക്രയങ്ങളും വഴി സ്വത്തിൻമേൽ കടം വരുത്തിവെച്ചോ അവർക്ക് ഉപദ്രവം ചെയ്യുന്ന സ്വത്തുടമകൾ ചിലപ്പോൾ ഉണ്ടയെന്നു വരും. നേരെ മറിച്ച് മരണപ്പെട്ട ആളുമായി അടുത്ത ബന്ധമില്ലാത്ത അകന്ന അവകാശികൾ തങ്ങൾക്ക് അവിചരിതമായി കിട്ടുന്ന അവകാശ ലഹരിയിൽ ആ സ്വത്തിൽ നിന്ന് നികത്തപ്പെടേണ്ട ബാധ്യതകൾ അവഗണിക്കുക എന്നതുംസംഭവിക്കാം.ഇതെല്ലാം നാം ചുറ്റുപാടും കാണുന്ന കാര്യങ്ങളാണല്ലോ. ഒരാളുടെ വസ്വിയ്യത്ത് പാലിക്കുന്നതിലും, കടം കൊടുത്ത് തീർക്കുന്നതിലും അയാളുടെ പിതാക്കൾക്കും മക്കൾക്കും ഉണ്ടാകുന്നത്ര ഉത്സാഹം അകന്ന ബന്ധുക്കൾക്കുണ്ടായിക്കൊള്ളണമെന്നില്ല. ഇതെല്ലാം കണക്കിലെടുത്തുകൊണ്ടായിരിക്കും മനുഷ്യന്റെ മനഃശാസ്ത്രം ഏറ്റവും അറിയുന്നവനായ അല്ലാഹു ഇങ്ങനെ ഒരു ഉപാധി കൂടി പറഞ്ഞതും, വസ്വിയ്യത്തിന്റെയും കടത്തിന്റെയും കാര്യം ആവർത്തിച്ചു പറഞ്ഞതും.

റസൂൽ(സ്വ) അരുളിച്ചെയ്തതായി അബൂഹുറയ്റ(റ) ഉദ്ധരിക്കുന്നു: 'ഒരു പുരുഷൻ, അല്ലെങ്കിൽ സ്ത്രീ അറുപതുകൊല്ലം അല്ലാഹുവിനെ അനുസരിച്ച് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. പിന്നീട് അവന് മരണം ആസന്നമാകുന്നു. അപ്പോൾ അവൻ വസ്വിയ്യത്തിൽ ഉപദ്രവമുണ്ടാകുന്നു. അങ്ങനെ, അവർക്ക് നരകം സ്ഥാപിതമായിത്തീരുന്നു. തുടർന്നുകൊണ്ട് അബൂഹുറയ്റ(റ) مِنۢ بَعۡدِ وَصِيَّةٍ എന്ന് തുടങ്ങിയ വാക്യങ്ങൾ ഓതുകയും ചെയ്തു. (ദാ; തി; ജ) ഇമാം അഹ്മദ്(റ) ഉദ്ധരിച്ച ഒരു റിപ്പോർട്ടിൽ ഈ ആശയം കൂടുതൽ വിശദീകരിച്ചു കാണാം.

അടുത്ത അവകാശികൾ ഇല്ലാത്തവരോ, ഉണ്ടെങ്കിൽ തന്നെ വ്യക്തിപരമായ വല്ല കാരണത്താലും അവർക്ക് തങ്ങളുടെ സ്വത്ത് ലഭിക്കുന്നത് ഇഷ്ടപ്പെടാത്തവരോ ആയ ആളുകൾ മേൽ പ്രസ്താവിച്ച കാര്യങ്ങൾ വളരെ ശ്രദ്ധിക്കേണ്ടതാകുന്നു. അവകാശികളെ തടയുകയോ, അവർക്ക് അവകാശം നഷ്ടപ്പെടണമെന്ന ഉദ്ദേശ്യത്തോടെയോ അവർ നടത്തുന്ന ദാനധർമങ്ങൾ സ്വീകാര്യമായിരിക്കുകയില്ല. സൽക്കർമങ്ങളായി പുറമെ കരുതപ്പെട്ടാലും അല്ലാഹുവിങ്കൽ അതൊക്കെ ദുഷ്കർമങ്ങളായിരിക്കുമെന്ന് അവർ ഓർക്കേണ്ടതാണ്. കഴിഞ്ഞ വചനത്തിന്റെയും, ഈ വചനത്തിന്റെയും അവസാന ഭാഗം മനസ്സിരുത്തി വായിച്ചാൽ ഇത് മനസ്സിലാക്കാം. വസ്വിയ്യത്ത് ചെയ്യുന്നതിലും, അത് നടപ്പിൽ വരുത്തുന്നതിലും അക്രമംപ്രവർത്തിക്കുന്നതിനെയും, അനന്തരാവകാശം ലഭിക്കുന്നവർക്ക് അതിന് പുറമെ വസ്വിയ്യത്തുകൂടി ചെയ്യുന്നതിനെയും വിരോധിച്ചുകൊണ്ടുള്ള പല ഹദീഥുകളും കാണാവുന്നതാണ്.

ഉപരിസൂചിത നിയമങ്ങളും, ഉപദേശ നിർദേശങ്ങളുമെല്ലാം നൽകിയ ശേഷവും ഇതെല്ലാം അല്ലാഹുവിങ്കൽ നിന്നുള്ള വസ്വിയ്യത്താണ് (وَصِيَّةً مِّنَ ٱللَّهِ) അല്ലാഹു എല്ലാം അറിയുന്നവനാണ്. അവൻ വളരെ സഹനശീലനാണ്. وَٱللَّهُ عَلِيمٌ حَلِيمٌ എന്നെല്ലാമാണ് അല്ലാഹു പറയുന്നത്. ഈ വാക്യങ്ങളിൽ അടങ്ങിയ ഗൗരവത്തെയും അവയുടെ അർഥ വിശാലതയെയും സംബന്ധിച്ച് സൽബുദ്ധിയും സത്യവിശ്വാസവുമുള്ള എല്ലാവർക്കും ഏറെക്കുറെ ആലോചിച്ചറിയാവുന്നതാണ്. അല്ലാഹുവിന്റെ നിയമാതിർത്തികളെ സത്യവിശ്വാസികൾ ലംഘിക്കാതിരിക്കുവാൻ വേണ്ടിയാണിതെല്ലാം അല്ലാഹു ഓർമിപ്പിക്കുന്നത്. ●

ഹദീഥ് വിചാരം

# പണ്ഡിതരെ ആദരിക്കുക

**അബൂ അയ്മൻ**

عَنْ أَبِي أُمَامَةَ الْبَاهِلِيِّ قَالَ : ذُكِرَ لِرَسُولِ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ رَجُلاَنِ : أَحَدُهُمَا عَابِدٌ، وَالآخَرُ عَالِمٌ، فَقَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ : " فَضْلُ الْعَالِمِ عَلَى الْعَابِدِ كَفَضْلِي عَلَى أَدْنَاكُمْ ". ثُمَّ قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ : " إِنَّ اللَّهَ، وَمَلاَئِكَتَهُ، وَأَهْلَ السَّمَاوَاتِ، وَالأَرَضِينَ، حَتَّى النَّمْلَةَ فِي جُحْرِهَا، وَحَتَّى الْحُوتَ ؛ لَيُصَلُّونَ عَلَى مُعَلِّمِ النَّاسِ الْخَيْرَ ".

അബു ഉമാമതുൽ ബാഹിലി നിവേദനം. രണ്ടുപേരെക്കുറിച്ച് നബിയോട് ചോദിക്കപ്പെട്ടു .ഒരാൾ ഭക്തനും മറ്റൊരാൾ പണ്ഡിതനും. അപ്പോൾ പ്രവാചകൻ പറഞ്ഞു: ഭക്തനേക്കാൾ പണ്ഡിതനുള്ള ശ്രേഷ്ഠത നിങ്ങൾക്ക് മേലുള്ള എന്റെ മഹത്വം പോലെയാണ്. പിന്നീട് അവിടുന്ന് പറഞ്ഞു: തീർച്ചയായും അല്ലാഹുവും അവന്റെ മലക്കുകളും ആകാശഭൂമികളിലുള്ള സർവരും മാളത്തിലുള്ള ഉറുമ്പും മത്സ്യവും പോലും ജനങ്ങൾക്ക് നല്ലത് പഠിപ്പിക്കുന്നവന് വേണ്ടി പ്രാർഥിച്ചു കൊണ്ടേയിരിക്കും. (തിർമിദി)

അറിവ് മറ്റുള്ളവരിലേക്ക് പകർന്നു നൽകുന്ന ഗുരുസ്ഥാനീയരാണല്ലോ പണ്ഡിതന്മാർ. പ്രവാചകന്മാരുടെ അനന്തര ഗാമികളെന്ന മഹനീയ സ്ഥാനം നൽകി ഇസ്‌ലാം അവരെ ആദരിച്ചിരിക്കുന്നു. സമൂഹത്തെ നേരായ പാതയിലൂടെ നയിക്കുകയും അവർക്ക് ദിശാബോധം നൽകുകയും ചെയ്യുക എന്ന വലിയ ഉത്തരവാദിത്വമാണ് പണ്ഡിതന്മാരിൽ നിക്ഷിപ്തമായിട്ടുള്ളത്.

ഭക്തിയോടെയുള്ള ജീവിതം നയിക്കുന്നതിനാണ് ഇസ്‌ലാം പ്രഥമപരിഗണന നൽകുന്നത്. വിശ്വാസം ശരിയായ രീതിയിൽ ഉൾക്കൊണ്ട് ,കർമങ്ങൾ യഥാവിധി നിർവഹിക്കുന്നതിന് അറിവ് അനിവാര്യമാണ്. അതിനാൽ തന്നെയാണ് അറിവ് നേടുന്നതിന് ഇസ്‌ലാം കൂടുതൽ പ്രാധാന്യം നൽകിയിട്ടുള്ളത്. ഭക്ത ജീവിതം നയിക്കുന്നവനെക്കാൾ പണ്ഡിതനാണ് ഇസ്‌ലാം സ്ഥാനവും ബഹുമതിയും നൽകിയിട്ടുള്ളത്. ഭക്തൻ സൂക്ഷ്മത കൈവരിച്ച് സ്വയം സംസ്കൃതനാകുമ്പോൾ പണ്ഡിതൻ മറ്റുള്ളവരെ കൂടി സംസ്കരിക്കുന്ന ഉത്തരവാദിത്വം സ്വയം ഏറ്റെടുക്കുന്നതു കൊണ്ടാണ് ഈ പദവി ലഭിച്ചത്. ഉപര്യുക്ത ഹദീഥിൽ പണ്ഡിതരെ തനിക്ക് സമാനരായാണ് നബി (സ്വ) അനുചരന്മാർക്ക് പരിചയപ്പെടുത്തിക്കൊടുത്തത്.

അറിവാണ് മനുഷ്യനെ ഉന്നതിയിലേക്കും വിജയത്തിലേക്കും എത്തിക്കുന്നത്. നന്മയും തിന്മയും തിരിച്ചറിയുന്നതിന് അറിവ് അത്യന്താപേക്ഷിതമാണ്. ഇഹപര വിജയം കൈവരിക്കാൻ അറിവ് ഉപകരിക്കണമെന്നതാണ് ഇസ്‌ലാമിന്റെ താത്പര്യം. ജീവിതത്തിൽ വിജയം നേടുമ്പോൾ നാം സംതൃപ്തരും സന്തോഷവാന്മാരുമായി തീരുന്നു. അതുപോലെ ശാശ്വത ജീവിതത്തിലും നമുക്ക് സന്തോഷവും സംതൃപ്തിയും ഉണ്ടാവണം. അതിനു ഉപയുക്തമാം വിധമുള്ള അറിവ് നേടാനാണ് നാം ശ്രമിക്കേണ്ടത്.

കൊടുക്കും തോറും വർധിക്കുന്ന സമ്പത്താണ് അറിവ്. മറ്റൊരാൾക്ക് ഒരു അറിവ് പകരുമ്പോൾ അത് പകർന്ന ആളുടെ അറിവിൽ കുറവ് വരാതെ വർധിക്കുകയാണുണ്ടാവുക. അറിവ് ലഭിച്ചയാൾ മറ്റുള്ളവരിലേക്ക് അത് പകരുമ്പോൾഅറിവിന്റെ കൈമാറ്റം ഒരു ശൃംഖലയായി തീരുന്നു. അതിന് നീളം കൂടുന്നതിനനുസരിച്ച് അത് തുടങ്ങി വെച്ചയാളിലേക്ക് പ്രതിഫലം എത്തിക്കൊണ്ടേയിരിക്കുന്നു.

ഒരു മനുഷ്യൻ ഇഹലോകവാസം വെടിഞ്ഞാലും അവൻ പകർന്നു കൊടുത്ത അറിവ് മരണശേഷവും അവന് പ്രതിഫലമായി വളർന്നു കൊണ്ടിരിക്കും. ഇത്രയും മഹത്തായ കാര്യമായതുകൊണ്ടാണ് ഹദീഥിൽ സൂചിപ്പിച്ചപോലെ അല്ലാഹുവും മലക്കുകളും ആകാശഭൂമികളിലുള്ള സർവരും അറിവ് പകർന്ന് നൽകുന്നവർക്ക് വേണ്ടി പ്രാർഥിച്ചു കൊണ്ടിരിക്കുന്നത്.

ആരാധനകൾക്കും അനുഷ്ഠാനങ്ങൾക്കും വളരെ പ്രാധാന്യം നൽകുന്ന ഇസ്‌ലാമിന്റെ വേദഗ്രന്ഥമായ ക്വുർആനിൽ ആദ്യം അവതരിച്ച വചനങ്ങൾ വായനയുമായി ബന്ധപ്പെട്ടതാണ്. അറിവിന് ഇസ്‌ലാം നൽകുന്ന പ്രാധാന്യത്തിലേക്ക് ഇത് നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്നു.

അറിവ് തേടുക,,പ്രയോഗിക്കുക, പ്രചരിപ്പിക്കുക എന്നീ മൂന്ന് തലങ്ങളിലും ഇസ്‌ലാം നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്. അറിവ് മറച്ചുവെക്കാൻ ഒരിക്കലും മതം അനുവദിക്കുന്നില്ല . അനഭലഷണീയ പ്രവണതയായ അസൂയക്ക് അറിവ് സമ്പാദനവിഷയത്തിൽ അനുമതി നൽകിയത് മത്സരബുദ്ധിയോട് കൂടി ആരംഗത്തേക്ക്കടന്നു വരേണ്ടതിനു കൊവേണ്ടിയാണ്. അറിവിൽ അസൂയ വയ്ക്കുമ്പോൾ തനിക്ക് ഇനിയും അത് നേടണമെന്ന് വിചാരം ഉണ്ടാവുകയും അത് സൃഷ്ടിപരമായി തീരുകയും ചെയ്യുന്നു. ●

Edited Printed and published by P P Unneen Kutty Moulavi on behalf of
Kerala Nadvathul Mujahideen Sangham,Calicut and printed at Mujahid Printery, M A Road Kozhikode 673 001
and published at Mujahid Centre, Annie Hall Road, Calicut -02

# MSM

# സംസ്ഥാന സമ്മേളനം

2025 ഡിസംബർ

25 26 27 28

## കോഴിക്കോട്

MSM Kerala, Mujahid Centre,
CD Tower, Calicut-4

AL MANAR MONTHLY
RNI No. 7917/1957, Registered No : KL/CT/69/2024-26, License to post without prepayment of postage
License No : KL/PMG/NR/WPP/4/KKD/2024-26, Date of Publication 01 June 2025 Price: Rs. 20:00

